
/samakalikajanapadham/ /prd.kerala.gov.in/publications

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

₹12

# സമകാലിക ജനപഥം

2025 നവംബർ പുസ്തകം 12 ലക്കം 4



## കലയും കളിയാട്ടവും

മലബാറിലെ അനുഷ്ഠാനകലകളുടെ വർണ്ണവൈവിധ്യങ്ങൾ

തദ്ദേശതിരഞ്ഞെടുപ്പിന് അരങ്ങൊരുങ്ങുമ്പോൾ

# അമ്മമൊഴി മധുരസ്മൃതി



വിവര-പൊതുജനസമ്പർക്കവകുപ്പ് പ്രസിദ്ധീകരണം

വിവര-പൊതുജനസമ്പർക്കവകുപ്പ്
**കേരള സർക്കാർ**

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

**സമകാലിക**
# ജനപഥം

2025 നവംബർ 1 • പുസ്തകം 12 • ലക്കം 4

**എഡിറ്റർ** ടി വി സുഭാഷ് ഐ എ എസ്
**അഡീഷണൽ എഡിറ്റർ** കെ ജി സന്തോഷ് **ഡപ്യൂട്ടി എഡിറ്റർ** നാഫിഹ്.എം
**എഡിറ്റർ-ഇൻ-ചാർജ്** കെ എസ് ഇന്ദുശേഖർ
**അസിസ്റ്റന്റ് എഡിറ്റർ** ഡെന്നിസ് സുൽഫ് **സർക്കുലേഷൻ ഓഫീസർ** മെർലിൻ ജെ എൻ
**കവർ & ലേഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്** വിനിത വി എസ്

എഡിറ്റോറിയൽ »

## അനുഷ്ഠാനകലകളുടെ വർണ്ണവൈവിധ്യങ്ങൾ



നാടോടിവിജ്ഞാനം, നാട്ടുസംസ്കൃതി എന്നിവയെല്ലാം പഠനവിധേയമാക്കുന്ന വൈജ്ഞാനികശാഖയായ ഫോക്ക്‌ലോർ പഠിതാക്കളെ സംബന്ധിച്ച് അക്ഷയഖനിയാണ് കേരളത്തിന്റെ അനുഷ്ഠാനകലകൾ. കേരളത്തിലെയും പുറത്തെയും സർവകലാശാലകളിൽ നമ്മുടെ തെയ്യം, തിറ, പടയണി തുടങ്ങിയ അനുഷ്ഠാനകലകളിൽ ധാരാളം ശ്രദ്ധേയമായ ഗവേഷണപഠനങ്ങൾ ഉണ്ടായിട്ടുണ്ട്. സംസ്കാരപഠനത്തിന്റെ അക്കാദമിക് രംഗത്തിനു പുറത്തും തെയ്യം പോലുള്ള അനുഷ്ഠാനകലകളുടെ മാസ്മരികസൗന്ദര്യത്തിലും പാരമ്പര്യത്തിലും ആകൃഷ്ടരായി വിദേശികൾ ഉൾപ്പെടെ എല്ലാവർഷവും എത്തുന്നു. അവരിൽ ചിലർ കേവലം വിനോദസഞ്ചാരക്കാഴ്ചയ്ക്കപ്പുറം ഈ കലകളെ സമീപിക്കാൻ തയ്യാറായി. വിഖ്യാത ബ്രിട്ടീഷ് എഴുത്തുകാരിയും ഫോട്ടോഗ്രഫറുമായ പെപിത സേത്ത് ഉദാഹരണം. ഇൻ ഗോഡ്സ് മിറർ: ദി തെയ്യംസ് ഓഫ് മലബാർ, റിഫ്ളക്ഷൻസ് ഓഫ് ദി സ്പിരിറ്റ്: ദി തെയ്യംസ് ഓഫ് മലബാർ തുടങ്ങിയ അവരുടെ പുസ്തകങ്ങൾ നമ്മുടെ അനുഷ്ഠാനകലകൾക്ക് കൂടുതൽ രാജ്യാന്തരശ്രദ്ധ നേടിക്കൊടുത്തവയാണ്.

ഉത്തരമലബാറിൽ വീണ്ടുമൊരു തെയ്യക്കാലം വരവായിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ഉത്തരമലബാറിലെ അനുഷ്ഠാനകലകളെക്കുറിച്ചുള്ള പഠനാർഹമായ ലേഖനങ്ങളാണ് നവംബർ ലക്കം സമകാലിക ജനപഥം ഒരുക്കിയിരിക്കുന്നത്. സ്ഥലപരിമിതി എല്ലാം വിശദമായി ഉൾക്കൊള്ളിക്കുന്നതിനു തടസ്സമായിട്ടുണ്ട്. എങ്കിലും വിദ്യാർഥികൾക്കുൾപ്പെടെ മലബാറിലെ പ്രധാനപ്പെട്ട അനുഷ്ഠാനകലകളെ പരിചയപ്പെടുന്നതിനു ഇവ സഹായകമാവുമെന്നു പ്രതീക്ഷിക്കുന്നു.

**ടി വി സുഭാഷ് ഐ എ എസ്**
എഡിറ്റർ

2025 NOVEMBER 1 VOLUME 12 ISSUE 4 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

**പ്രതികരണങ്ങൾ അയക്കേണ്ട വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

**വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

## ഉള്ളടക്കം

കവർ ചിത്രം - മുച്ചിലോട്ട് ഭഗവതി തെയ്യം
ഫോട്ടോ: പ്രസൂൺ കിരൺ
ചിത്രങ്ങൾ: വിക്കി കോമൺസ്




5 തെയ്യത്തിന്റെ സംസ്കാരപശ്ചാത്തലം
രാഘവൻ പയ്യനാട്

10 തെയ്യം മലബാറിന്റെ ഉള്ളുണർച്ച
വി.കെ. സുരേഷ്

14 സാമൂഹികവിനിമയങ്ങളുടെ തിറയാട്ടക്കാലം
ജീന ടി.

16 തുളു കോലങ്ങൾ തുളുനാടിന്റെ സംസ്കൃതി
ഡോ.സി. ബാലൻ

20 പൂരക്കളിയും മറുത്തുകളിയും
ഡോ.ഇ. ശ്രീധരൻ

23 ചിമ്മാനക്കളി ഒരു ജനതയുടെ ആദിമജീവിതചിത്രം
എ.വി.അജയകുമാർ

25 കലയുടെ കണ്ണാടി

26 വടക്കിന്റെ ദൈവകണങ്ങൾ
പ്രസൂൺ കിരൺ

32 താളം ഗോത്രതാളം
രമേഷ്കുമാർ വെള്ളമുണ്ട

36 ക്രോധദേവതമാരും കാവ്യോപാസകരും
സജയ് കെ.വി

38 കരിങ്കാളിപ്പൂരവും നാട്ടുജീവിതവും
മനോഹരൻ വി പേരകം

41 ഇതര കലകളുടെ തിരക്കാഴ്ച
എൻ.പി.മുരളീകൃഷ്ണൻ

44 നല്ല വാർത്തകൾക്ക് വായനക്കാരുണ്ട്
കെ ജി പരമേശ്വരൻ നായർ/ അജിത്ത് അരവിന്ദൻ

47 തദ്ദേശതിരഞ്ഞെടുപ്പിന് അരങ്ങൊരുങ്ങുമ്പോൾ

49 കേരളത്തിലെ തദ്ദേശഭരണത്തിന്റെ നൂറുവർഷങ്ങൾ

രാഘവൻ പയ്യനാട്
പ്രമുഖ ഫോക്ക് ലോർ പണ്ഡിതനും, ഗ്രന്ഥരചയിതാവും





ഇന്ന് കാണുന്ന തെയ്യങ്ങളുടെ രൂപപരമായ വികാസം 'വീരക്കല്ല്' നാട്ടുക എന്നതിൽ ആരംഭിച്ച് ക്രമികമായ വികാസത്തിലൂടെ വിചിത്രമായ രൂപവർണ്ണ വൈവിധ്യത്തിലെത്തിച്ചേർന്നതാണ്. അടിസ്ഥാനപരമായി വീരാരാധനയിലാണ് അതിന്റെ തുടക്കം



# തെയ്യത്തിന്റെ സംസ്കാരപശ്ചാത്തലം

കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടാക്കുന്നത് പ്രധാനമായും രണ്ടു കാര്യങ്ങളാണ്. വൈവിധ്യപൂർണ്ണമായ പ്രകൃതിയും സംസ്കാരവും. മലകൾ, മലകൾക്ക് താഴെ കുന്നുകൾ അതിനു കീഴെയായി കസവ് ഉടുപ്പിച്ചത് പോലെയുള്ള തീരദേശസമതലം. തെക്കൻ കേരളത്തിന്റെ പ്രകൃതിയല്ല മധ്യകേരളത്തിന്റേത്. മധ്യകേരളത്തിന്റേതല്ല ഉത്തരകേരളത്തിന്റേത്. പ്രകൃതി നൽകിയ ആവാസവ്യവസ്ഥകൾക്കകത്താണ് സമൂഹങ്ങൾ ജീവിക്കുന്നത്. കടലോരത്തിന്റെ ആവാസവ്യവസ്ഥയല്ല മലയോരത്തിന്റേത്. ആവാസവ്യവസ്ഥയ്ക്കകത്ത് ജീവിക്കുന്ന മനുഷ്യൻ അതത് ആവാസവ്യവസ്ഥയ്ക്ക് അനുസരിച്ചാണ് ജീവിതം കെട്ടിപ്പടുക്കുന്നത്. കടലിനോട് മല്ലിട്ട് മത്സ്യം പിടിച്ചു ജീവിക്കുന്ന മുക്കുവസമുദായം അതിനനുസൃതമായ സാമൂഹ്യ രാഷ്ട്രീയവ്യവസ്ഥകൾ സൃഷ്ടിക്കുന്നു. അതുപോലെ ഇതര ആവാസവ്യവസ്ഥകൾക്കകത്ത് ജീവിക്കുന്നവർ അതിനനുസരിച്ചും. കാട്ടിനകത്ത് പ്രകൃതിയോടും മൃഗങ്ങളോടും സമരസപ്പെട്ട് ജീവിക്കുന്ന ആദിവാസി സമൂഹങ്ങൾ അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അതിനനുസൃതമായ വ്യത്യസ്തങ്ങളായ വ്യവസ്ഥകൾ സൃഷ്ടിച്ചിട്ടുണ്ട്. മുപ്പത്തഞ്ചോളം ആദിവാസി സമൂഹങ്ങൾ കേരളത്തിലുണ്ട്. ഈ ഓരോ ആദിവാസി സമൂഹവും സംസ്കാരം കൊണ്ട് ഒന്നിനൊന്ന് വ്യത്യസ്തമാണ്.

ഈ രീതിയിൽ സ്വതന്ത്രമായി ജീവിച്ചുതന്നെ കേരളീയ സമൂഹങ്ങളുടെ മേൽ വ്യത്യസ്തങ്ങളായ അധികാരക്രമങ്ങൾ പല കാലഘട്ടങ്ങളിലായി വന്നുവീഴുന്നു. മുകളിൽ രാജാവും അതിനു കീഴെയായി നാടുവാഴികളും നാടുവാഴികൾക്ക് കീഴിൽ ജന്മിമാരും ജന്മിക്ക് കീഴിൽ കുടിയാൻ/ പാട്ടക്കാരനും എന്ന രീതിയിലേക്കുള്ള ഫ്യൂഡൽ വ്യവസ്ഥ ഏതാണ്ട് സമാനമായ രീതിയിൽ കേരളത്തിൽ അങ്ങോളമിങ്ങോളം നിലനിന്നുവന്നു. അടുത്തകാലം വരെ പ്രധാനപ്പെട്ട ജീവനോപായകൃഷിയായിരുന്നു നെല്ലും നാളികേരവും. വിദേശസംസ്കാരങ്ങളെയും വിദേശ ആധിപത്യത്തെയും മാടിവിളിച്ച നാണ്യവിളകളും ഉണ്ടായിരുന്നു.

സംഘകാലത്തിന്റെ തുടർച്ചയായിരുന്നു കേരളീയ ജീവിതം. പിൽക്കാലത്ത് കിഴക്ക



നിന്ന് സഹ്യപർവതം കടന്നും വടക്കനിന്ന് കടൽ മാർഗവും പല കാലഘട്ടങ്ങളിലായി വ്യത്യസ്ത സമൂഹങ്ങൾ, ബ്രാഹ്മണർ ഉൾപ്പെടെ കേരളത്തിലേക്ക് കുടിയേറുകയുണ്ടായി. ഈ സമൂഹങ്ങളുമായി കൊണ്ടും കൊടുത്തും ഏറ്റുമുട്ടിയും സമരസപ്പെട്ടാണ് കേരളീയ സമൂഹം പുനർനവീകരിക്കപ്പെട്ടുകൊണ്ടിരുന്നത്. ആവാസവ്യവസ്ഥയ്ക്കകത്ത് പല പാളികളിലായുള്ള അധികാരക്രമത്തിനു കീഴിൽ ഓരോ ചെറുസമൂഹവും അവരുടേതായ ജീവിതം നെയ്തെടുക്കുകയായിരുന്നു.

ഭൗതികമായ അവസ്ഥ മാത്രമല്ല ജീവിതത്തിനുള്ളത്. ഭൗതികജീവിതത്തിന് അനുകൂലമായ ഒരു ഭൗതികേതരമായ ജീവിതവും സമാന്തരമായി സൃഷ്ടിക്കപ്പെടും. സ്വന്തം ഇച്ഛകൾക്കനുസൃതമായിട്ടല്ല പ്രകൃതിയും ജീവിതവും നിർണ്ണയിക്കപ്പെടുന്നത് എന്ന ബോധ്യം ഭൗതികേതരശക്തികളുടെ സഹായത്തോടെ ജീവിതത്തെ കരുപ്പിടിപ്പിക്കാനുള്ള ശ്രമം നടത്താൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. അങ്ങനെയാണ് ആദ്യം മന്ത്രവാദവും പിന്നീട് മതവും സൃഷ്ടിക്കപ്പെടുന്നത്. ഭൗതികേതരശക്തികളെ മന്ത്ര -തന്ത്രങ്ങളിലൂടെ വരുതിയിലാക്കി തന്റെ ഇച്ഛയ്ക്കൊത്ത് പ്രവർത്തിപ്പിക്കുക എന്നതാണ് മന്ത്രവാദം. അതിന്റെ ഭാഗമായി ബാധോച്ചാടനവും നടക്കാം. ഇതിൽനിന്ന് തീർത്തും ഭിന്നമായി ഭൗതികേതരശക്തികളുടെ മുന്നിൽ പൂർണ്ണമായും കീഴ്പ്പെട്ട് അതിനെ സന്തോഷിപ്പിച്ചിട്ട് തനിക്ക് അനുകൂലമായ രീതിയിൽ ഭൗതികാവസ്ഥകളെ നിയന്ത്രിക്കുക എന്നതാണ് മതം. മനുഷ്യന്റെ അഹങ്കാരത്തിന് കാതലായി പ്രവർത്തിക്കുന്ന കൈയും കാലും അഭൗമശക്തിയുടെ മുന്നിൽ പൂർണ്ണമായും സമർപ്പിക്കുക എന്നതാണ് ഏതൊരു മതവും ചെയ്യുന്നത്. മുട്ടുകുത്തുന്നതും കൈകൂപ്പുന്നതും ഇതിന്റെ ഭാഗമായിട്ടാണ്.

കേരളത്തിലെ അനുഷ്ഠാനകലകളൊക്കെ മേൽവിവരിച്ച രീതിയിലുള്ള മതത്തിന്റെയും മന്ത്രവാദത്തിന്റെയും ചേരുവകൾ ആണ്. തെയ്യവും അതിൽനിന്ന് ഭിന്നമല്ല. എന്തിനേറെ ക്ഷേത്രോപചാരങ്ങൾ പോലും ഈ രണ്ടിന്റെയും മേളനമാണ്. തെയ്യത്തിൽ മന്ത്രമൂർത്തികളായ ദേവതകൾ തന്നെ യുണ്ട്. പൊട്ടൻ, കുറത്തി, ഭൈരവൻ, കുട്ടിച്ചാത്തൻ തുടങ്ങിയവ. എങ്കിലും ആത്യന്തികമായി തെയ്യം എന്നത് ഉത്തരകേരളത്തിന്റെ ദേശിയായ മതം തന്നെയാണ്.

## പുരാവൃത്തങ്ങളും അനുഷ്ഠാനങ്ങളും ജീവിതസന്ദർഭങ്ങളും

ഉത്തരകേരളത്തിൽ നാനൂറിലേറെ തെയ്യങ്ങളുണ്ട്. ഇവയൊക്കെ വ്യത്യസ്തങ്ങളായ സമുദായങ്ങൾ കൊണ്ടാടുന്നവയുമാണ്. ഓരോ ദൈവവും അതത് സമുദായത്തിന്റെ സാമൂഹിക ജീവിത യാഥാർഥ്യത്തിന്റെ നേർസാക്ഷ്യങ്ങളാണ്. ഉദാഹരണത്തിന് വയനാട്ടുകുലവൻ തീയരുടെ കുലദൈവമാണ്. മുച്ചിലോട്ട് ഭഗവതി വാണിയസമുദായത്തിന്റെ ഭഗവതിയാണ്. കണ്ണങ്ങാട്ട് ഭഗവതി യാദവസമുദായത്തിന്റെയും പുലിമറഞ്ഞ തൊണ്ടച്ചൻ പുലയരുടെയും തെയ്യം ആണ്. വേട്ടയ്ക്കൊരു മകൻ നായന്മാരുടെ ദേവതയാണ്. ഈ രീതിയിൽ ഓരോ ദൈവവും ഓരോ സമുദായവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. ഇതല്ലാതെ എല്ലാ സമുദായങ്ങളും ഒരുപോലെ കൊണ്ടാടുന്ന തെയ്യങ്ങളും ഉണ്ട്. ഇവയുടെയൊക്കെ പുരാവൃത്തങ്ങളുംഅനുഷ്ഠാനങ്ങളുംപരിശോധിച്ചാൽ വ്യത്യസ്തങ്ങളായ ചരിത്രസന്ദർഭങ്ങളിൽ ആണ് ഇവ ഉത്ഭവിച്ചതും പിൽക്കാലത്ത് പ്രചരിച്ചുവന്നതും എന്ന് കാണാം. ഉദാഹരണത്തിന് തീയ്യർ ഒരു സമുദായമായി രൂപപ്പെടുന്നതിന് കാരണമായി തീർന്നത് വയനാട്ടുകുലവൻ തെയ്യം ആണ്. സാമൂതിരിയും കോലത്തിരിയും തമ്മിലുള്ള ബന്ധത്തിന്റെ ഫലമായിട്ടാണ് ബാലുശ്ശേരിയിലെ വേട്ടയ്ക്കൊരു മകൻ കോലത്ത് നാട്ടിൽ എത്തുന്നതും നായർ, നമ്പ്യാർ തുടങ്ങിയ സമുദായത്തിന്റെ തെയ്യമായി പ്രചാരം ലഭിക്കുന്നതും. കീഴാളനായ പുലയൻ അധികാരത്തിന് കീഴ്പ്പെട്ട് നാടുവാഴികൾക്ക് കീഴ്പ്പെട്ട് ജീവിക്കുമ്പോൾ അധികാരത്തെ ചോദ്യം ചെയ്യാവുന്ന രീതിയിൽ അറിവ് കരസ്ഥമാക്കുമ്പോൾ രക്തസാക്ഷി ആകേണ്ടിവരും. അങ്ങനെയാണ് പുലിമറഞ്ഞ തൊണ്ടച്ചൻ ഉണ്ടാവുന്നത്. മേൽവിവരിച്ച രീതികളുടെ വ്യത്യസ്തങ്ങളായ ചരിത്ര സന്ദർഭങ്ങളെ വിശദീകരിക്കാൻ അല്ല ഈ പ്രബന്ധം കൊണ്ട് ഉദ്ദേശിക്കുന്നത്. തെയ്യം എന്ന ഒരു സാംസ്കാരിക ജനുസ്സ് ഉത്തരകേരളത്തിൽ മാത്രമായി എങ്ങനെ രൂപപ്പെട്ടുവന്നു എന്ന് വിസ്തരിക്കാനാണ്.

സ്വയം ഒന്നും ഉൽപ്പാദിപ്പിക്കാതെ പ്രകൃതിക്കകത്ത് അതിന് വിധേയമായി ജീവിച്ച കാലഘട്ടത്തെ മറികടന്ന് കൂട്ടായി ജീവിക്കുകയും ഉൽപ്പാദന പ്രവർത്തനത്തിൽ ഏർപ്പെടുകയും ചെയ്തുവന്ന ഒരു കാലഘട്ടം മറ്റെല്ലാ സമൂഹങ്ങൾക്കും ഉണ്ടായിരുന്നത് പോലെ ഉത്തരകേരളത്തിനും ഉണ്ടായിരുന്നു. ചെറിയ ചെറിയ നാട്ടുകളിലായി ജീവിതം കരുപ്പിടിപ്പിച്ചിരുന്ന കാലഘട്ടം. കൃഷിയും കന്നുകാലി വളർത്തലും ആയിരുന്നു ജീവനോപായം. ആ കാലഘട്ടത്തിലാണ് കന്നുകാലികളുടെ സംരക്ഷകനായ 'കാലിച്ചാൻ തെയ്യം' ഒക്കെ ഉണ്ടാകുന്നത്. ഈ ജീവിത സാഹചര്യത്തിൽ സമൂഹത്തിന് നേരെ വരുന്ന കന്നുകാലികളെ കട്ടുകൊണ്ടുപോ

വുക തുടങ്ങിയ അവസ്ഥകൾ സംഭവിക്കാറുണ്ടായിരുന്നു. അത്തരം സന്ദർഭങ്ങളിൽ അതിനെ സധൈര്യം നേരിട്ട് സമൂഹത്തിന്റെ രക്ഷാപുരുഷനായി തീരുന്ന വ്യക്തികളെ വീരപദവിയിലേക്ക് ഉയർത്തിയിരുന്നു. അവരെ ഓർമ്മിക്കുന്നതിനും വർഷത്തിൽ ഒരു തവണ ആദരിക്കുന്നതിനുവേണ്ടി വീരക്കല്ലുകൾ നാട്ടിയിരുന്നു. ഇത്തരം വീരക്കല്ലുകൾ കേരളത്തിന്റെ എല്ലാ ഭാഗത്തും കർണ്ണാടകത്തിന്റെ തീരപ്രദേശങ്ങളിലും ധാരാളമായി കണ്ടുവരുന്നു. ഈ വീരാരാധനയുടെ തുടർച്ചയായാണ് തെയ്യം എന്ന അനുഷ്ഠാനം. ഈ കാര്യം ഡോക്ടർ കെ കെ എൻ കുറുപ്പ് അദ്ദേഹത്തിന്റെ 'The cult of Theyyam and Hero Worship" എന്ന പുസ്തകത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

വീരപുരുഷനെ ഓർക്കുന്നതിന് ഒരു കല്ല് നാട്ടുക എന്ന രീതി പിൽക്കാലത്ത് വീരന്റെ രൂപം കരിങ്കല്ലിൽ കോറിയിടുക എന്നതിലേക്ക് വളർന്നതായി കാണാം. ഇത്തരം വീരക്കല്ലുകൾ കേരളത്തിന്റെ പലഭാഗത്തും കണ്ടെത്തിയിട്ടുണ്ട്. ഈ കല്ലിനു മുന്നിൽ സമൂഹത്തിന്റെ ആളുകൾ വർഷത്തിൽ ഒരു തവണ ഒത്തുകൂടുകയും പലവിധത്തിലുള്ള അനുഷ്ഠാനങ്ങൾ നടത്തുകയും ചെയ്തതായി പറയപ്പെടുന്നു. സംഘകാലത്തെ കരവൈകുത്തും വേലൻ വെറിയാടലുമൊക്കെ ഇതിന്റെ തുടർച്ചയാണ്.

## കളമെഴുത്ത് പാരമ്പര്യം

ഇതിന്റെ അടുത്തഘട്ടം ഭൗതികേതര ശക്തികളെ പൊടികൾ ഉപയോഗിച്ച് പ്രതീകാത്മകമായോ അവയുടെ തനതായ രൂപത്തിലോ വരയുക എന്നതാണ്. ഇതാണ് കേരളത്തിലങ്ങോളമിങ്ങോളം കാണുന്ന കളമെഴുത്ത് പാരമ്പര്യം. ആദിവാസി സമൂഹം തൊട്ട് ബ്രാഹ്മണരിൽ ഉയർന്ന ശ്രേണിയിൽ നിൽക്കുന്ന തന്ത്രിമാർ വരെ ഈ പാരമ്പര്യം തുടരുന്നുണ്ട്. ജാതിവ്യത്യാസം അനുസരിച്ച് കളത്തിന്റെ സ്വഭാവത്തിലും രൂപത്തിലും വ്യത്യാസം വരുന്നുണ്ട്. ആദിവാസി സമൂഹങ്ങൾ കറുപ്പ്, വെളുപ്പ് എന്നീ നിറങ്ങളിലാണ് കളം വരയ്ക്കുന്നത്. ഏതെങ്കിലും ദേവതയുടെ രൂപം അതേ രീതിയിൽ വരയുകയല്ല ചെയ്യുന്നത്. ജ്യാമിതീയ രൂപങ്ങളിലൂടെയുള്ള പ്രതീകവൽക്കരണം ആണ് നടത്തുന്നത്. കേരളത്തിലെ കീഴ്ജാതിക്കാരായിരുന്നവരുടെ കളങ്ങളിൽ കറുപ്പ്, വെളുപ്പ് എന്നിവയ്ക്ക് പുറമേ മഞ്ഞയും കടന്നുവരുന്നതായി കാണാം. മധ്യവർഗത്തിൽപ്പെടുന്ന ജാതികൾ ഉപയോഗിക്കുന്ന കളങ്ങളിൽ വെളുപ്പ്, കറുപ്പ്, പച്ച, ചുവപ്പ്, മഞ്ഞ എന്നീ പഞ്ചവർണ്ണങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിലും ചുവപ്പിനാണ് പ്രാമുഖ്യം. ബ്രാഹ്മണരടക്കമുള്ള വരേണ്യ വർഗങ്ങളുടെ കളങ്ങളിൽ പഞ്ചവർണ്ണങ്ങൾ തന്നെയാണ് ഉപയോഗിക്കുന്നത്. എങ്കിലും പ്രാമുഖ്യം മഞ്ഞയ്ക്കാണെന്ന് കാണാം.



ഫോട്ടോ: രാജേഷ് കെ. എടച്ചേരി

ഈ കളങ്ങളൊക്കെ തന്നെ ഭൗതികേതര ശക്തികൾക്ക് പ്രത്യക്ഷപ്പെടാനുള്ള ഇടമാണ്. അതിലേക്ക് ഭൗതികേതര ശക്തികൾ ആകർഷിക്കപ്പെടുകയും ഒടുവിൽ അതിൽ പ്രത്യക്ഷപ്പെടുകയും ചെയ്യും. ദീർഘമായ അനുഷ്ഠാനങ്ങൾക്കൊടുവിലാണ് സാന്നിധ്യം കളത്തിൽ ഉണ്ടാകുന്നത്. കളത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ അതിനെ സന്തോഷിപ്പിച്ച് പറഞ്ഞയക്കുകയാണ് പതിവ്. പിന്നീട് കളത്തിലേക്ക് തിരിച്ചുവരാതിരിക്കാൻ വെളിച്ചപ്പാട് നൃത്തച്ചുവടിലൂടെ മായ്ച്ച്കളയുകയും ചെയ്യും.

ഒരുതരത്തിൽ നേരത്തെ വിവരിച്ച മന്ത്രവാദ സ്വഭാവത്തിലുള്ള ആരാധനാക്രമമാണ് ഇത്. ദേവതയെയോ മരിച്ചുപോയ വീരന്മാരുടെ അഭൗമശക്തിയേയോ അനുഷ്ഠാനപ്രക്രിയയിലൂടെ വിളിച്ചുവരുത്തുന്നതാണ് ഇതിന്റെ തന്ത്രം. കേരളത്തിൽ തെക്ക് മുതൽ വടക്ക് വരെയുള്ള അനുഷ്ഠാനമാണ് കളമെഴുത്ത് എന്ന് നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. ഈ ആരാധനാരീതി നിലനിന്നിരുന്ന സമൂഹത്തിലേക്കാണ് വീരാരാധന കടന്നുവരുന്നത്. അന്നുവരെ വീരാരാധന യ്ക്ക് സ്വീകരിച്ചുവന്ന രീതിയോട് കളമെഴുത്ത് പാരമ്പര്യം സമ്മേളിക്കുകയും വീരാരാധന അതിനെ ഉൾച്ചേർക്കുകയും ചെയ്തു. അങ്ങനെ കളമെഴുത്തു പാരമ്പര്യം വീരാരാധനയുടെ ഭാഗമായി തീർന്നു. അങ്ങനെയാണ് വേട്ടയ്ക്കൊരുമകന് കളം ഉണ്ടാകുന്നത് കല്ലാറ്റ കുറുപ്പന്മാർ വേട്ടയ്ക്കൊരു മകന്റെ കളം വരയുകയും കളത്തിലേക്ക് ആവാഹിച്ച് വരുത്തുകയും വെളിച്ചപ്പാടിന്റെ നേതൃത്വത്തിലൂടെ മായ്ച്ചുകളയുകയും ചെയ്യുന്നതായി കാണാം.

കളമെഴുത്തിന് ആധാരം മൂന്നു തരത്തിലുള്ള ഭൗതികേതരശക്തികളാണ്. ഒന്ന് ഭഗവതി അഥവാ ഭദ്രകാളി. രണ്ട് മരിച്ച് വീരന്മാരായി തീർന്നവർ. അതിന് ഉദാഹരണങ്ങളാണ് വേട്ടയ്ക്കൊരു മകനും ശാസ്താവുമൊക്കെ. മൂന്ന് ദ്രോഹകാരികൾ ആവാൻ സാധ്യതയുള്ള ഭൗതികേതരശക്തികൾ. അതിന് ഉദാഹരണങ്ങളാണ് യക്ഷി, ഗന്ധർവൻ, മാടൻ, കരുകലക്കി തുടങ്ങിയവ. കളമെഴുത്തു പാരമ്പര്യത്തിൽ ഒരു സവിശേഷമായ ഘട്ടത്തിൽ നേരത്തെ വിവരിച്ച വീരാരാധന അതിലേക്ക് കടന്നുവന്നു എന്ന് വേണം തെളിവുകളുടെ പിൻബലത്തോടെ അനുമാനിക്കാൻ.

## വീരാരാധനയുടെ വികാസം

കേരളത്തിലെ വീരാരാധനയുടെ വികാസത്തിൽ വളരെ പ്രധാനപ്പെട്ട ഒരു ഘട്ടമാണ്

> വീരപുരുഷനെ ഓർക്കുന്നതിന് ഒരു കല്ല് നാട്ടുക എന്ന രീതി പിൽക്കാലത്ത് വീരന്റെ രൂപം കരിങ്കല്ലിൽ കോറിയിടുക എന്നതിലേക്ക് വളർന്നതായി കാണാം. ഇത്തരം വീരക്കല്ലുകൾ കേരളത്തിന്റെ പലഭാഗത്തും കണ്ടെത്തിയിട്ടുണ്ട്

ഇത്. അനുഷ്ഠാനകലയുമായി ഇഴ ചേരുന്ന അവസരമാണ് ഇത്. അതുവരെ കല്ലിനുമുന്നിൽ (വീരക്കല്ല്)സ്മരണ പുതുക്കിയ സമൂഹം പ്രതീകാത്മകമായോ യഥാർഥമായ രൂപത്തിലോ വരഞ്ഞുണ്ടാക്കുന്ന വീരന്റെ രൂപത്തിലേക്ക് വീരനെ ആനയിക്കുന്ന ചടങ്ങിലേക്ക് അത് നീങ്ങുകയാണ്. കോറി വരഞ്ഞ വീരന്റെ രൂപത്തിൽ നിന്ന് പഞ്ചവർണ്ണത്തിലൂടെ വരഞ്ഞെടുക്കുന്ന വീരന്റെ ദ്വിമാനമായ ചിത്രത്തിലേക്കാണ് അത് വികസിച്ചു വന്നത്. ശാസ്താവിന്റെയും വേട്ടയ്ക്കൊരു മകന്റെയും ദൈവികപരിവേഷമുള്ള രൂപത്തിലേക്കാണ് അത് പരിവർത്തിക്കപ്പെട്ടത്.

കേരളത്തിന്റെ അതിപ്രാചീനമായ ദേവതാസങ്കല്പം കാളിയാണ്. അതിന്റെ രൂപത്തെക്കുറിച്ചും വർണ്ണത്തെക്കുറിച്ചും കേരളീയ മനസ്സ് ചില സങ്കല്പങ്ങൾ ഉണ്ടാക്കിയെടുത്തിട്ടുണ്ട്. അതാണ് കളമെഴുത്തിലൂടെ പ്രത്യക്ഷവൽക്കരിക്കപ്പെട്ടത്. ആ രൂപവർണ്ണ സങ്കൽപത്തെത്തന്നെയാണ് കളമെഴുത്ത് എന്ന് അനുഷ്ഠാനപ്രക്രിയയിലൂടെ അവതരിക്കപ്പെടുന്ന എല്ലാ ഭൗതികേതര ശക്തികൾക്കും നൽകപ്പെട്ടിരിക്കുന്നത്. ഗന്ധർവനായാലും നാഗമായാലും യക്ഷിയായാലും ആവിഷ്കരിക്കപ്പെടുന്ന രൂപത്തിന്റെ കമ്മട്ടം ഒന്ന് തന്നെയാണെന്ന് കാണാം. അതുകൊണ്ടാണ് വീരാരാധനയുടെ ഭാഗമായ ഒരു വീരൻ കളമെഴുത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ അതിന്റെ രൂപകല്പനയെ അനുസരിക്കാൻ ഇടയാകുന്നത്.



പഞ്ചവർണ്ണപ്പൊടികളാൽ ആലേഖനം ചെയ്യപ്പെടുന്ന ദ്വിമാനസ്വഭാവമുള്ള ചിത്രമാണ് കളമെഴുത്തിലെ വീരന്മാർക്ക് ഉള്ളത്. ഇത് വീരന്റെ അഭൗമശക്തിക്ക് പ്രത്യക്ഷപ്പെടാനുള്ള ഇടമാണ്. കളത്തിലേക്ക് ശക്തിയെ പ്രത്യക്ഷപ്പെടുത്തുക എന്നത് ആദിവാസി സമൂഹത്തിൽ പ്രബലമാണ്. ഇത് കാളിക്ക് കളം ഉണ്ടാവുന്നതിന് മുന്നേ തന്നെ 'കളമെഴുത്ത് പാരമ്പര്യം' കേരളത്തിൽ ഉണ്ടായിരുന്നു എന്നതിന്റെ തെളിവാണ്. ആ പാരമ്പര്യം സമൂഹത്തിന്റെ സാംസ്കാരികമായ വികാസത്തിന്റെ സവിശേഷഘട്ടത്തിൽ കാളിയുടെ ആരാധനാരീതിയിലും സന്നിവേശിക്കപ്പെട്ടു എന്ന് കരുതുന്നതിനാണ് ന്യായം. ഇതേ സംസ്കാരത്തിന്റെ വിതാനത്തിലേക്കാണ് വീരാരാധനയും പ്രവേശിക്കുന്നത്. അങ്ങനെ ഭൗതികേതരശക്തികളെ ആവാഹിച്ച് പ്രത്യക്ഷപ്പെടുത്തുക എന്ന തന്ത്രം വീരാരാധനയുടെ ഭാഗമായി ത്തീർന്നു. കളമെഴുത്ത് എന്ന ദ്വിമാന ചിത്രകലാപദ്ധതി കാളി, മാന്ത്രിക ശക്തികൾ, വീരൻ എന്നീ ഭൗതികേതര ശക്തികളുടെ ആരാധനാക്രമം സ്വീകരിച്ചതായിട്ടാണ് ഇതുവരെവിവരിച്ചത്.ഇവയിൽ മാന്ത്രികശക്തികൾ ഒഴിച്ച് മറ്റു രണ്ടിനും അനുഷ്ഠാനത്തിന്റെ ഭാഗമായി വെളിച്ചപ്പാട് ഉള്ളതായി കാണാം. കളത്തിലൂടെ അഭൗമശക്തി വെളിച്ചപ്പാടിലേക്ക് എത്തുകയും അനുഷ്ഠാനാവസാനത്തിൽ വെളിച്ചപ്പാട് തന്നെ കളം മായ്ക്കുകയും ചെയ്യും. അതിനുശേഷം വെളിച്ചപ്പാടിൽ നിന്ന് ശക്തി മോചിക്കപ്പെടുകയും ചെയ്യും. നാഗക്കളത്തിന്റെയും ഇതര മാന്ത്രികശക്തികളുടെയും കാര്യത്തിൽ പലപ്പോഴും നോറ്റിരിക്കുന്നവരുടെ ശരീരത്തിലേക്ക് ശക്തി ആവേശിക്കുകയും അവരുടെ ബോധം നഷ്ടപ്പെടുന്നതോടുകൂടി അരങ്ങു വിടുകയും ചെയ്യുന്നു.

എന്നാൽ തെയ്യം എന്ന അനുഷ്ഠാന പാരമ്പര്യത്തിൽ സംഭവിക്കുന്നത് നേരത്തെ വിവരിച്ചതിന്റെ തുടർച്ചയായ മറ്റൊന്നാണ്. ഒരു ദ്വിമാന ചിത്രണ സ്വഭാവത്തിൽ നിന്ന് ത്രിമാനസ്വഭാവത്തിലുള്ള ജീവനുള്ള മനുഷ്യൻ തന്നെ ദേവതാരൂപമായിത്തീരുകയാണ്. കളമെഴുതി അതിലേക്ക് ദേവതയെ ആവാഹിക്കുന്ന രീതിയല്ല തെയ്യത്തിൽ ഉള്ളത്. അനുഷ്ഠാനങ്ങളുടെ ദീർഘമായ പരമ്പരയുടെ ഒടുവിൽ ദേവത കോലക്കാരനിലേക്ക് (കോലം കെട്ടിയ ആൾ) പ്രവേശിക്കുകയാണ് ചെയ്യുന്നത് . കോലക്കാരിലേക്ക് പ്രവേശിച്ചു കഴിഞ്ഞാൽ കോലക്കാരൻ ഇല്ലാതായി തീരുകയും കോലക്കാരൻ ദേവതാരൂപമായ തെയ്യമായി തീരുകയാണ് ചെയ്യുന്നത് അതോടെ വാക്കുകൊണ്ടും നോക്കുകൊണ്ടും പ്രവർത്തനം കൊണ്ടും കോലക്കാരനിൽ നിന്ന് വ്യത്യസ്തമായ സ്വഭാവം അതിനുണ്ടായിത്തീരുകയും അത് പ്രത്യക്ഷദൈവമായിത്തീരുകയും ചെയ്യുന്നു.

ഈ രൂപാന്തരത്തിന്റെ അനുസ്മൃതി കോലക്കാരന്റെ 'വാമൊഴി' (തെയ്യത്തിന് സ്തുതി, തോറ്റം വരവിളി, മുമ്പ സ്ഥാനം തുടങ്ങിയ വാമൊഴി വഴക്കങ്ങൾ ഉണ്ട് ) യിലും കണ്ടെത്താം. തുടക്കത്തിൽ തോറ്റം പാട്ടിലും സ്തുതിയിലും തെയ്യത്തെ അഭിസംബോധന ചെയ്യുന്നത് അവൻ /അവൾ എന്ന് പ്രഥമ പുരുഷനിലാണ്. എന്നാൽ തോറ്റത്തിന്റെയോ, തെയ്യത്തിന്റെയോ അവസരത്തിൽ 'വരവിളി' (ദേവതയെ വിളിച്ചു വരുത്തുന്നതിനുള്ള വാമൊഴി വഴക്കം) യിൽ . 'നീ' എന്ന് മധ്യമപുരുഷനാണ് ഉപയോഗിക്കുന്നത്. കോലക്കാരനിൽ ശക്തി ആവാഹിച്ച് കഴിഞ്ഞാൽ തെയ്യം 'ഞാൻ' എന്ന് ഉത്തമ പുരുഷനെ ഉപയോഗിക്കാറുള്ളു. അവനോ അവളോ ആയി അകലത്തുള്ള ദേവതയെ അടുത്തേക്ക് വിളിച്ച് 'നീ'ആയി മുന്നിലെത്തിക്കുകയും അതിനുശേഷം ദേവതാകോലത്തിൽ പ്രവേശിക്കുന്നതോടെ 'നീ'യും കോല ക്കാരനും തമ്മിലുള്ള ഭേദം ഇല്ലാതായി തീരുകയും കോലക്കാരൻ തെയ്യമായി (ദേവതയായി) തീരുകയുമാണ് ചെയ്യുന്നത്. അനുഷ്ഠാനത്തിന്റെ ഭാഗമായി തെയ്യത്തിൽ കളമെഴുത്ത് പതിവില്ല. കളത്തിൽ പ്രത്യക്ഷപ്പെട്ട് അതിനുശേഷം നോറ്റിരിക്കുന്നവരിലേക്കോ കോമരം/ വെളിച്ചപ്പാടിലേക്കോ ശക്തി ആവേശിക്കുക എന്നത് മറ്റൊരു പാരമ്പര്യമാണ്. അതുകൊണ്ടാണ്, കളമെഴുത്തും പാട്ടും തേങ്ങയുടയ്ക്കലുമൊക്കെയുള്ള 'വേട്ടക്കൊരുമകൻ' എന്ന ദേവത തെയ്യത്തിലെത്തുമ്പോൾ (ബാലുശ്ശേരി കോട്ടയിലെ വേട്ടയ്ക്കൊരു മകൻ പടയുടെ ആവശ്യാർഥം കോലത്തിരി രാജാവിന് വേണ്ടി കോലത്ത് നാട്ടിൽ എത്തിയതാണ്) കളമെഴുത്തുവിട്ട് തെയ്യമായിത്തീരുകയാണ്. അതുപോലെ തന്നെയാണ് ശാസ്താവിന്റെ


> **പഞ്ചവർണ്ണപ്പൊടികളാൽ ആലേഖനം ചെയ്യപ്പെടുന്ന ദ്വിമാനസ്വഭാവമുള്ള ചിത്രമാണ് കളമെഴുത്തിലെ വീരന്മാർക്ക് ഉള്ളത്. ഇത് വീരന്റെ അഭൗമശക്തിക്ക് പ്രത്യക്ഷപ്പെടാനുള്ള ഇടമാണ്**

യും ക്ഷേത്രപാലന്റെയും അന്തിമഹാകാള ന്റെയുമൊക്കെ അവസ്ഥ. ഇവരൊക്കെ ജീവിച്ച് മരിച്ച 'വീരപദവി'യിലേക്ക് ഉയർത്തപ്പെട്ടവരാണ്.

വീരാരാധനയിലെ വീരനെ ഉത്തരകേരളത്തിൽ ഒഴിച്ച് എല്ലാ ഇടങ്ങളിലും കളമെഴുത്തിലേക്ക് നയിക്കപ്പെട്ടപ്പോൾ ഉത്തര കേരളത്തിൽ അത് ശില്പകലയിലേക്കാണ് നയിക്കപ്പെട്ടത്. ഒരു വ്യക്തി തെയ്യത്തിന്റെ കോലമായി തീരുകയാണ് ചെയ്യുന്നത്. ഇതര പാരമ്പര്യങ്ങളിലും വെളിച്ചപ്പാട് ദേവതയുടെ പ്രതിരൂപത്തിലായിത്തീരുകയാണ് ചെയ്യുന്നത്. കേരളത്തിലെല്ലായിടത്തും ഏതാണ്ട് ഒരേ രീതിയിലാണ് വെളിച്ചപ്പാടിനെ രൂപകല്പന ചെയ്തിട്ടുള്ളത്. പ്രാദേശിക വ്യത്യാസങ്ങൾ ഉണ്ടെങ്കിലും ഭക്തരുടെ മനസ്സിൽ ഓരോ ദേവതയ്ക്കും ആ ദേവതയുടെതായ രൂപം ഉണ്ടെങ്കിലും പ്രത്യക്ഷീകരണത്തിൽ അത് ഒരൊറ്റ രൂപമാണ്. എന്നാൽ, തെയ്യത്തിലാകട്ടെ വ്യത്യസ്തങ്ങളായ തെയ്യങ്ങൾക്ക് വ്യത്യസ്തങ്ങളായ രൂപങ്ങളാണ് ഉള്ളത്. ചില മാതൃകകളുടെ പിൻബലത്തോടെയാണ് ഈ രൂപങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്നത് വാസ്തവം. വെളിച്ചപ്പാടിലോ/ കോമരത്തിലോ അവസാനിക്കുന്നില്ല തെയ്യത്തിലെ ദേവതകളുടെ രംഗപ്രവേശം. വെളിച്ചപ്പാട് /കോമരം ദേവതയെ കോലക്കാരനിലേയ്ക്ക് എത്തിക്കാനുള്ള ഒരു ഇടനില മാത്രമാണ്. അരങ്ങത്ത് കോലക്കാരൻ വെളിച്ചപ്പാടിൽ നിന്ന് /കോമരത്തിൽ നിന്ന് ദേവതയെ പൂർണ്ണമായി സ്വീകരിച്ച് കഴിഞ്ഞാൽ കോമരത്തിനു വെളിച്ചപ്പാടിനോ പ്രസക്തിയില്ല. മുടിയഴിച്ച് തെയ്യം കോലക്കാരനായി മാറുമ്പോഴേ വെളിച്ചപ്പാടിന് എന്തെങ്കിലും ചെയ്യാനുള്ളതായിട്ടുള്ളൂ.

## ശിൽപഭംഗിയും രൂപവർണ്ണ വൈവിധ്യവും

ശില്പഭംഗിയുള്ള തെയ്യത്തിന്റെ രൂപത്തിന്റെ വികാസം എങ്ങനെയാണ് എന്നാണ് ഇനി പരിശോധിക്കാനുള്ളത്. അർധകായ പ്രതിമ എന്ന നിലയ്ക്കാണ് തെയ്യത്തിന്റെ രൂപകൽപ്പന നടന്നിട്ടുള്ളത്. തെയ്യം നടക്കുകയും ഓടുകയും നൃത്തച്ചുവടുകൾ വയ്ക്കുകയും ചെയ്യുന്നുണ്ട്. അങ്ങനെ വരുമ്പോൾ അത് പൂർണ്ണമായ പ്രതിമാരൂപമായിട്ടല്ലേ കണക്കാക്കേണ്ടത് എന്ന ഒരു ചോദ്യം ഉയരാം. അങ്ങനെയല്ല. കെട്ടിയുയർത്തിയ ഒരു തറയുടെ മേൽ ഉണ്ടാക്കിയെടുത്ത ഒരു അർധകായ പ്രതിമാരൂപമാണ് തെയ്യത്തിന്. എല്ലാ തെയ്യങ്ങളുടെയും അല്ല. വീരചരമം പ്രാപിച്ച് തെയ്യം ആയി തീർന്നവരുടേത് മിക്കവാറും അങ്ങനെ തന്നെയാണ്. അരയ്ക്ക് കീഴെ ദീർഘചതുരത്തിലോ വൃത്തത്തിലോ ഉള്ള ഒരു പ്രതലം സൃഷ്ടിച്ചിരിക്കും. ആ പ്രതലത്തിന്റെ എല്ലാ ഭാഗങ്ങളിലും സവിശേഷമായ രീതിയിൽ ചുവപ്പിൽ വെള്ളയും കറുപ്പും ചേർന്ന് പുള്ളികൾ കൊണ്ട് മനോഹരമാക്കിയ തുണി ചേർത്തുവച്ച് അലങ്കരിച്ചും. അങ്ങനെ കാണുമ്പോൾ ശരീരത്തിന്റെ



അര വരെയുള്ള ഭാഗം നിശ്ചലമായ ഒരു തറ പോലെ തോന്നിക്കും. ഒരു അർധകായ പ്രതിമയായി തെയ്യത്തിന്റെ രൂപം മാറും. ഇത് ഞാൻ ആരോപിക്കുന്ന കാര്യമല്ല. അര മുതൽ കീഴോട്ടുള്ള ഭാഗത്തെ സാങ്കേതികമായി പേരിട്ടു വിളിച്ചിട്ടുള്ളത് വിതാനത്തറ എന്നാണ്. കുട്ടിച്ചാത്തൻ, പാലോട്ട് ദൈവം, ദൈവത്താർ, മുത്തപ്പൻ തുടങ്ങിയ പുരുഷ ദേവതകൾക്കും തായിപ്പര ദേവത, വലിയ തമ്പുരാട്ടി, പടക്കത്തി ഭഗവതി തുടങ്ങിയ സ്ത്രീദേവതകൾക്കും അരച്ചമയമായി വിതാനത്തറയാണ് ഉള്ളത്. എന്നാൽ കതിവന്നൂർ വീരൻ തുടങ്ങിയ വീരന്മാർക്കും പൂക്കട്ടി ചാത്തൻ, ബാലി എന്നിവയ്ക്കും അരയ്ക്കുചുറ്റും വട്ടത്തിലുള്ള 'കണ്ണിവള'യാണ് ഉപയോഗിച്ച് കാണുന്നത്. അതും വിതാനത്തറയുടെ അതേ ധർമ്മമാണ് നിർവഹിക്കുന്നത്. ഇതല്ലാതെ അരച്ചമയമുപയോഗിക്കുന്ന ഒട്ടനവധി തെയ്യങ്ങൾ ഉണ്ട് .വീരന്മാരായി തീരുന്ന തെയ്യങ്ങളുടെ പൊതുസ്വഭാവമാണല്ലോ ഇവിടത്തെ വിഷയം.

ചുരുക്കിപ്പറഞ്ഞാൽ ഇന്ന് കാണുന്ന തെയ്യങ്ങളുടെ രൂപപരമായ വികാസം 'വീരക്കല്ല്' നാട്ടുക എന്നതിൽ ആരംഭിച്ച് ക്രമികമായ വികാസത്തിലൂടെ വിചിത്രമായ രൂപവർണ്ണവൈവിധ്യത്തിലെത്തിച്ചേർന്നതാണ്. അടിസ്ഥാനപരമായി വീരാരാധനയിലാണ് അതിന്റെ തുടക്കം. ഉത്തരകേരളത്തിൽ കോരപ്പുഴ മുതൽ കുമ്പള സീമ വരെയുള്ള കോലത്തുനാടിന്റെ ചരിത്രം ഒട്ടനവധി ജനപഥങ്ങളുടെ പല കാലത്തായുള്ള കുടിയേറ്റത്തിലൂടെ ഏറ്റുമുട്ടിയും സമരസപ്പെട്ടും രൂപപ്പെട്ടതാണ്. ഇവരുടെയൊക്കെ ദേവതകളും അഭൗമശക്തികളും തെയ്യം എന്ന ആരാധനാ സമ്പ്രദായങ്ങളോട് വഴിപ്പെട്ടതായി കാണാം. ആദിവാസികളായ വേലൻ, കോപ്പാളൻ, മായിലോൽ വേട്ടുവൻ തുടങ്ങിയവരും ജാതിസമൂഹത്തിൽ കീഴാളരായി കണക്കാക്കി വന്ന പുലയരും മറ്റുള്ളവരും മതബോധത്തിന്റെ ഉടമകളായ ബ്രാഹ്മണരും തെയ്യം എന്ന ആരാധനാ സമ്പ്രദായത്തെ സ്വീകരിക്കുകയും സ്വന്തം ദേവതകളെ അതിലേക്ക് ഉൾച്ചേർക്കുകയും ചെയ്തു. വിഷ്ണുവും ശിവനും ഭൈരവനുമൊക്കെ തെയ്യമായി തീരുന്നത് അങ്ങനെയാണ്. ഈ അർഥത്തിൽ തെയ്യത്തെ സമീപിച്ചാൽ ഉത്തരകേരളത്തിന്റെ തുടർച്ചയായ കുടിയേറ്റത്തിന്റെ ചരിത്രവും സംസ്കാരസംഘട്ടനത്തിന്റെ ചരിത്രവും അതിൽനിന്ന് ലഭിക്കും.■

വി.കെ. സുരേഷ്
മാധ്യമപ്രവർത്തകൻ





**മലബാറിന്റെ സാംസ്കാരിക രാഷ്ട്രീയ ശരീരത്തെ തെയ്യമെന്ന അനുഷ്ഠാനകലയെ ഒഴിവാക്കി വിലയിരുത്താനാവില്ല. ഓരോ ഗ്രാമീണന്റെയും നാഡി ഞരമ്പുകൾ ത്രസിച്ചു നിൽക്കും തെയ്യക്കാലത്ത്**



# തെയ്യം മലബാറിന്റെ ഉള്ളുണർച്ച്

അത ചെണ്ട മുട്ടല് തൊടങ്ങി. ഇപ്പം അടിയറ ബെരും. ഇങ്ങള് എനിയും കീഞ്ഞിറ്റ്ല്ലേ, ഞാള് പോന്നാ ഇങ്ങളങ്ങ് ബന്നോളീം.' വടക്കേ മലബാറിലെ ഉൾനാടൻ ഗ്രാമത്തിൽ മകരമാസത്തിലെ വൈകീട്ട് പഴമക്കാരുടെ വീട്ടിലെ തെയ്യക്കാല സംഭാഷണം ഇങ്ങനെയാണ്. വടക്കേ മലബാറിന്റെ മാത്രം അനുഷ്ഠാന കലയായ തെയ്യമെന്നും തിറയെന്നും വിളിക്കുന്ന കലാരൂപം അമ്പലങ്ങളിലും കാവുകളിലും കെട്ടിയാടുന്ന ദിവസങ്ങളിലെ മിക്ക വീടുകളിലും ഇങ്ങനെ ആറ്റിയും കുറുക്കിയും പലരും പറയുന്ന സംഭാഷണ ശകലങ്ങളിലെ ചിലത് മാത്രമാണത്. തിറ കാണാൻ തിരക്ക് കൂട്ടുന്ന ഗ്രാമീണർ.

പ്രകൃതി പ്രപഞ്ചത്തിലെങ്ങും നിറഞ്ഞുനിൽക്കുന്നു എന്ന് കരുതി സർവ ദൈവങ്ങളെയും സാക്ഷിയാക്കി വ്രതം നോറ്റ് തെയ്യക്കാരൻ വേഷമണിഞ്ഞ് അമ്പലപ്പറമ്പിൽ ചെണ്ടയുടെ ദ്രുതതാളത്തിൽ നിറഞ്ഞാടുന്ന സൗന്ദര്യത്തികവാർന്ന കലാരൂപമാണ് തെയ്യം! നീലേശ്വരം അഞ്ഞൂറ്റമ്പലത്തിലെ തുലാപ്പത്ത് തെയ്യത്തോടെയാണ് കാസർകോട്ടെ കളിയാട്ട ഉത്സവങ്ങൾക്ക് തുടക്കമാവുക. തുലാം പത്തിന് കണ്ണൂർ കൊളച്ചേരി ചാത്തമ്പള്ളി വിഷകണ്ടൻ ക്ഷേത്രത്തിലെ പുത്തരി അടിയന്തരത്തോടെയാണ് ജില്ലയിൽ തെയ്യക്കാലത്തിന് തുടക്കം കുറിക്കുന്നത്. എട്ടൊൻപത് മാസം ഇനി മലബാറിലെ ഓരോ തെയ്യക്കാവും അമ്പലവും ഉത്സവത്തിമിർപ്പിലായിരിക്കും.

ദൈവങ്ങളുടെ പ്രതിരൂപമാണ് ഓരോ തെയ്യവും. കീഴാള വിഭാഗമാണ് തെയ്യം അവതരിപ്പിക്കുന്നതെങ്കിലും മേലാളർ ഭയഭക്തിപുരസ്സരമാണ് തെയ്യം കെട്ടിയ കലാകാരനോട് അടുക്കുന്നതും ഇടപെടുന്നതും. ജാതിക്കോയ്മയുടെ എല്ലാ ദണ്ഡനീതികളും ആ നിമിഷങ്ങളിൽ മാറ്റിയെഴുതപ്പെടുന്നു. സാക്ഷാൽ ദൈവിക രൂപമായി മാറുന്ന കീഴാളന്റെ കലാവിഷ്കാരത്തിന് മുന്നിൽ അങ്ങനെ മേലാളൻ ഭയഭക്തിപുരസ്സരം നിൽക്കേണ്ടിവരുന്നു.

മലബാറിന്റെ സാംസ്കാരിക രാഷ്ട്രീയ ശരീരത്തെ തെയ്യമെന്ന അനുഷ്ഠാനകലയെ ഒഴിവാക്കി വിലയിരുത്താനാവില്ല. ഓരോ ഗ്രാമീണന്റെയും നാഡി ഞരമ്പുകൾ ത്രസിച്ചു നിൽക്കും തെയ്യക്കാലത്ത്. പൂത്തു നിൽക്കുന്ന ചെമ്പകവും കുമ്മായ വെളുപ്പിൽ വരയിട്ട തറകളും കന്നിമൂലയിൽ ഓലകെട്ടി മറച്ചുണ്ടാക്കുന്ന അണിയറയും കുരുത്തോലത്തോരണങ്ങളും ഉയർന്നുനിൽക്കുന്ന കൊടിമരവും വലിയ മുടിയും മേലേരി എന്ന് അറിയപ്പെടുന്ന അഗ്നികുണ്ഡവുമെല്ലാം തെയ്യക്കാല കാഴ്ചകളിൽ മിഴിവ് നൽകുന്നതാണ്.

## പെരുങ്കളിയാട്ടം

ആണ്ടോട് ആണ്ടു കൂടുമ്പോൾ അതല്ലെങ്കിൽ മൂന്ന് കൊല്ലത്തിൽ ഒരിക്കൽ, രണ്ടാണ്ടിടയിൽ, പത്തോ പന്തീരാണ്ടോ തികയുമ്പോൾ - ഇങ്ങനെ വ്യത്യസ്ത കാലങ്ങളിൽ തെയ്യക്കോലങ്ങൾ കാവുകളിലും ക്ഷേത്രങ്ങളിലും നിറഞ്ഞാടും. തെയ്യാട്ടം, കളിയാട്ടം, തെയ്യംകെട്ട്, തിറയാട്ടം, പെരുങ്കലശം, പെരുങ്കളിയാട്ടം എന്നൊക്കെ വ്യത്യസ്ത പേരുകളിൽ ആളുകൾ ഈ അനുഷ്ഠാന കലയെ വിളിച്ചുപോരുന്നു. വർഷംതോറും അരങ്ങേറുന്നതിന് തെയ്യം എന്നോ തിറയാട്ടം എന്നോ വിളിക്കുന്നു. പത്തും അതിലേറെ വർഷങ്ങൾക്കുശേഷവും കൊണ്ടാടുന്ന തെയ്യാട്ടത്തെ പെരുങ്കളിയാട്ടമെന്നാണ് പൊതുവേ പറയുന്നത്. കണ്ണൂർ ജില്ലയിലും കാസർകോടുമാണ് ഏറ്റവും കൂടുതൽ പെരുങ്കളിയാട്ടം ഉണ്ടാകാറ്.

തെയ്യം കെട്ടുന്നതിന് പരമ്പരാഗതമായി അവകാശം സിദ്ധിച്ച സമുദായങ്ങളുണ്ട്. വടക്കേ മലബാറിന്റെ തെയ്യത്തിന് നാലായിരം വർഷത്തെയെങ്കിലും ചരിത്രമുണ്ടെന്നാണ് ചരിത്രകാരൻ ഡോ.കെ.കെ.എൻ.കുറുപ്പിന്റെ അഭിപ്രായം. തെയ്യവുമായി ബന്ധപ്പെട്ട ഗ്രാഫിക്സാണ് വയനാട്ടിലെ എടയ്ക്കൽ ഗുഹയിൽ കോറിയിട്ടത്



> ദൈവങ്ങളുടെ പ്രതിരൂപമാണ് ഓരോ തെയ്യവും. കീഴാള വിഭാഗമാണ് തെയ്യം അവതരിപ്പിക്കുന്നതെങ്കിലും മേലാളർ ഭയഭക്തിപുരസ്സരമാണ് തെയ്യം കെട്ടിയ കലാകാരനോട് അടുക്കുന്നതും ഇടപെടുന്നതും



എന്നാണ് കുറുപ് പറയുന്നത്. വേലൻ എന്ന സമുദായമായിരുന്നു ആദ്യകാലത്ത് വേഷം കെട്ടിയാടിയത് എന്നും കെ.കെ.എൻ.കുറുപ് വ്യക്തമാക്കുന്നു. വേലൻ സമുദായത്തെ കൂടാതെ വണ്ണാൻ, പെരുവണ്ണാൻ, മലയൻ, മുന്നൂറ്റൻ, അഞ്ഞൂറ്റൻ, ചെറോൻ, കോപ്പാളൻ, മാവിലൻ, പുലയൻ, ചിങ്കത്താൻ, പരവൻ തുടങ്ങിയ സമുദായങ്ങളാണ് മലബാറിൽ തെയ്യങ്ങൾ കെട്ടിയാടാറ്. ഓരോ ജാതിക്കാർക്കും പ്രത്യേകം പ്രത്യേകം തെയ്യങ്ങളും കാവുകളുമുണ്ട്.

നാന്നൂറിലധികം തെയ്യങ്ങളുണ്ട്. കതിവന്നൂർ വീരൻ, കുട്ടിച്ചാത്തൻ, കാരണവർ, ഘണ്ടാകർണൻ, അസുരപുത്രൻ, ഗുളികൻ, വൈരജാതൻ, ബപ്പിരിയൻ തുടങ്ങി എത്രയോ പേരുകളിൽ അറിയുന്ന തെയ്യങ്ങൾ. അതിൽത്തന്നെ കുട്ടിച്ചാത്തന് തീക്കുട്ടിച്ചാത്തൻ, പൂക്കുട്ടിച്ചാത്തൻ കരിങ്കുട്ടിച്ചാത്തൻ തുടങ്ങി വീണ്ടും വകഭേദങ്ങൾ! തെയ്യങ്ങളിൽ ഏറെയും സ്ത്രീദേവതമാരാണ്. ഭദ്രകാളി, അച്ചി, തമ്പുരാട്ടി, കാളി, ചാമുണ്ടി, പോതി, മുത്താച്ചി, നാഗഭഗവതി തുടങ്ങി പല പേരുകളിൽ പലേടങ്ങളിലും ഇവ കെട്ടിയാടുന്നു.

മുഖത്തെഴുത്തും ആടയാഭരണങ്ങളുമാണ് തെയ്യവേഷങ്ങൾക്ക് അപാരമായ സൗന്ദര്യം നൽകുന്നത്. പ്രകൃതിയിൽനിന്നുതന്നെയെടുക്കുന്ന വിവിധ തരം നിറങ്ങളാണ് മുഖത്തെഴുത്തിന് ഉപയോഗിക്കുക. മഞ്ഞളും നൂറും ഇലകളുടെ സത്തും കരിയും വിവിധ വർണ്ണങ്ങളിലെ കൽപ്പൊടിയും മറ്റും ചേർത്ത് വ്യത്യസ്ത അനുപാതത്തിലാക്കി തെയ്യക്കാരനെ മടിയിൽ കിടത്തി കുരുത്തോലയീർക്കിൽ നേർപ്പിച്ചെടുത്തതുകൊണ്ടാണ് മുഖത്തെഴുത്ത്. തെയ്യത്തെ ചമയിക്കുന്ന അണിയറയിലാണ് മുഖത്തെഴുത്ത് നടത്തുക. അരികിൽത്തന്നെ ഒരു കണ്ണാടിയുണ്ടാകും. അതിൽ നോക്കി തൃപ്തി വരുത്തി എഴുന്നേൽക്കുന്ന കലാകാരൻ മുഖത്തെഴുത്താശാന്റെ അനുഗ്രഹത്തോടെയാണ് പിന്നീട് തലപ്പാവും ഇതര അടയാഭരണങ്ങളും അണിഞ്ഞ് ആട്ടത്തിന് തയ്യാറാവുക. സ്ത്രീ പുരുഷ ഭേദങ്ങളെ വ്യക്തമാക്കുന്ന മുഖത്തെഴുത്തും മേനിച്ചമയയും തിരുമുടികളുമുണ്ട്. ഓരോ തെയ്യത്തിനും ചമയങ്ങൾ പോളിക എന്ന ചൂരൽപ്പെട്ടിയിലും അണിയറയുടെ കഴുക്കോലിലും അയക്കോലിലും കെട്ടി ഞാത്തിയിടുകയാണ് പതിവ്. തെയ്യക്കാവിലെ പള്ളിയറ ദീപത്തിൽ നിന്ന് കൊളുത്തിയെടുക്കുന്ന കുത്തുവിളക്കിലെ ദീപം അണിയറയിൽ എപ്പോഴും ജ്വലിച്ചുകൊണ്ടിരിക്കും. തലയിൽ ചെറുകിരീടം മുതൽ കണ്ടാൽ അത്യത്ഭുതമുണ്ടാക്കുന്ന മാനം മുട്ടുന്ന തിരുമുടികൾവരെ തെയ്യത്തിനുണ്ട്. വീക്കു ചെണ്ടയിൽ തുടങ്ങി മറ്റു ചെണ്ടകളുടെ ദ്രുതമേളം മുറുകുമ്പോഴാണ് തെയ്യം കലാകാരന്റെ ചുവടുകൾക്കും മുറുക്കമുണ്ടാകുക. പിന്നെ പതിഞ്ഞ താളവും ചുവടും. അതുകഴിഞ്ഞ് പീഠത്തിലോ തറയിലോ വിശ്രമം. ആ സമയത്ത് വെള്ളത്തോർത്ത് മുണ്ടുകൊണ്ട് വിയർപ്പാൻ വീശൽ! അപ്പോഴതാ തുടങ്ങുന്നു വീക്കു ചെണ്ടയുടെ അകമ്പടിയുമായി തോറ്റം. അതേറ്റു ചൊല്ലാൻ വേഷമണിഞ്ഞവരും കൂട്ടുകാരും. കുറേക്കഴിയുമ്പോഴേക്ക് തോറ്റം മുറുകുന്നു. വീക്കു ചെണ്ടയുടെ താളവും. വീണ്ടും അതാ മറ്റു ചെണ്ടക്കാർ ഉണരുന്നു. താളത്തിന് കൂടുതൽ മുറുക്കം.... ആട്ടത്തിന് ഒരിക്കൽക്കൂടി കരുത്ത്. പീഠത്തിലോ തറയിലോ ചാടിക്കയറി ആട്ട വിസ്മയത്തിന്റെ ഉത്തുംഗതയിലേക്ക്....

അസാമാന്യമായ മെയ് വഴക്കത്തോടുകൂടി മാത്രമേ തെയ്യം കെട്ടിയാടാൻ കഴിയൂ. കളരികളിൽനിന്നും പഠിച്ചെടുക്കുന്ന അഭ്യാസമുറകളും പരമ്പരയായി പകർന്നുകിട്ടുന്ന ചുവടുകളും മെയ്യഭ്യാസവും കരുത്തുമാണ് തെയ്യം കലാകാരന്റെ കഴിവുകൾക്ക് അടിത്തറ. വടകരയിലെ പ്രസിദ്ധമായ തച്ചോളി മാണിക്കോത്ത് തച്ചോളി ഒതേനന്റെ തിറയുണ്ട്. കളരി അഭ്യാസവുമായി നിറഞ്ഞാടുന്ന തെയ്യമാണത്. ഉറുമിയും വാളും ആയുധങ്ങളുമായും അങ്കത്തട്ടിലേക്ക് പൊരുതിക്കയറുന്ന ഒതേനസ്മൃതിയുണർത്തുന്നതാണ് മാണിക്കോത്തെ തിറ. അഭ്യാസത്തോടൊപ്പം വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും ഉൾച്ചേരുമ്പോൾ മാത്രമാണ് തെയ്യത്തിന് പൂർണ്ണത കൈവരുന്നത്.

വടക്കൻ കേരളത്തിലെ മത-സാമുദായിക സൗഹാർദത്തിന്റെ ഭൂമികയിലാണ് തെയ്യങ്ങൾ കെട്ടിയാടുന്നത്. പലക്ഷേത്രങ്ങളിലും ഉത്സവങ്ങളും തെയ്യങ്ങളും ആരംഭിക്കുന്നതിന് മുമ്പ് അനുഷ്ഠാനത്തിന്റെ ഭാഗമായി



മുസ്ലിം തറവാട്ടുകളിൽനിന്നും വീട്ടുകളിൽനിന്നും കാച്ചിമുണ്ട് നൽകുന്ന പതിവുണ്ട്. അതേപോലെ ക്ഷേത്രോത്സവത്തിന് ആവശ്യമായ അരി, പൂക്കൾ, വാഴയില, കുരുത്തോല, ഇളനീർ തുടങ്ങി പലതും മുസ്ലിം വീട്ടുകളിൽനിന്നും നൽകിയ ശേഷം തിറ ആരംഭിക്കുന്ന ക്ഷേത്രങ്ങളും കാവുകളുമുണ്ട്.

## മതസാഹോദര്യം

പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളോടെ കേരളത്തിലെ മാപ്പിളമാർ ഹൈന്ദവ സമൂഹവുമായി പുലർത്തി വന്ന സാഹോദര്യ ബന്ധത്തിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളായി മലബാറിൽ ഒട്ടേറെ മാപ്പിള തെയ്യങ്ങളുമുണ്ട്. മാപ്പിള തെയ്യങ്ങൾ മലബാറിൽ കെട്ടിയാടുന്നത് മിക്കവാറും മാവില സമുദായവും കോപ്പാളരുമാണ്. തലയിൽ തട്ടമിട്ട് കൈവളകളും മാർച്ചമയങ്ങളുമണിഞ്ഞ് കാവിന് മുന്നിലെത്തുന്ന ഉമ്മച്ചിത്തെയ്യത്തെക്കുറിച്ച് മാപ്പിള തെയ്യ ഗവേഷകൻ ആർ.സി.കരിപ്പത്ത് പ്രത്യേകം പരാമർശിക്കുന്നുണ്ട്. ഇതിൽ ഏറ്റവും പ്രധാനമാണ് ആലിച്ചാമുണ്ഡി. കലന്തൻ മുക്രിത്തെയ്യം കെട്ടിയാടുന്നത് പുളിങ്ങോമിലാണ്. വേറൊന്ന് കോയിമമ്മദ് തെയ്യമാണ്. കൈത്തണ്ടയിൽ ഉറുക്കും തണ്ടും കൈലിമുണ്ടും തൊപ്പിയും താടിയുമായി കാവിൻ മുറ്റത്ത് ഉറഞ്ഞാടുന്ന മമ്മദ് തെയ്യം കോട്ടമലയിലെ മതസാഹോദര്യത്തിന് മാറ്റുകൂട്ടുന്നു. മലനാട്ടിലേക്ക് കടലേഴും കടന്നുവന്ന കപ്പലിലെ കപ്പിത്താനാണത്രേ ബപ്പിരിയൻ തെയ്യം. തുളുനാട്ടിന്റെ സർവസാഹോദര്യ സ്നേഹത്തിന് സാക്ഷിയായി ബപ്പിരിയൻ തെയ്യം കെട്ടിയാടുമ്പോൾ കലയ്ക്ക് നിർവഹിക്കാൻ കഴിയുന്ന മറ്റൊരു ദൗത്യമായത് മാറുന്നു. ഇതുകൂടാതെയാണ് വയനാട്ടുകുലവനും കുഞ്ഞാലിയും. അയ്യാണ്ടിൽ ഒരിക്കലോ പത്താണ്ടിലൊരിക്കലോ ആണ് വയനാട്ടുകുലവൻ തെയ്യം കെട്ട്. ഇതേ പോലെ കല്ലായ് മമ്മുത്തെയ്യം, നെയ്ത്തിയാർ തെയ്യം, മുക്രിത്തെയ്യം, നീലേശ്വരത്തെ ഉമ്മച്ചിത്തെയ്യം, ഉക്കാരൻ മാപ്പിളത്തെയ്യം തുടങ്ങിയവയും ഉണ്ട്.

മലബാറിൽ തെയ്യക്കാലത്ത് ദൂരദേശങ്ങളിൽ നിന്ന് ബന്ധുക്കളും സുഹൃത്തുക്കളുമെല്ലാം ഒന്നിച്ചുചേരും. എല്ലാവർക്കും തറവാട്ടുകളിൽ കൂട്ടുചേരാനും സൗഹൃദം പുതുക്കാനും അവസരമേകുന്ന കാലം! ഒക്ടോബർ അവസാനം മുതൽ മെയ് മാസം വരെ തെയ്യം തിറയുടെ മാസ്മരിക സൗന്ദര്യവും അസുരതാളത്തിന്റെ മുഴക്കവും കൊണ്ട് മലബാർ വേറിട്ടുനിൽക്കും. കത്തിനിൽക്കുന്ന പകലിന്റെ നെറുകയിൽ ചവിട്ടി കാവുകളിലും ക്ഷേത്രങ്ങളിലും തെയ്യം കലാകാരന്റെ ചടുലതയ്ക്ക് പുരുഷാരം കണ്ണിന്റെ കാവലൊരുക്കും. ബന്ധുത്വത്തിന്റെ കണ്ണിയറ്റുപോകാതെ തറവാട്ടു മഹിമയിൽ കലർപ്പു പറ്റാത്ത സ്നേഹത്തിന്റെ കണ്ണികൾ ബലപ്പെടുത്തുന്ന കാലവും കൂടിയാണ് കളിയാട്ടക്കാലം.

ഉത്തര മലബാറിലെ ചരിത്രസാഹിത്യത്തിന്റെ ഉള്ളടരുകളിൽ തെയ്യത്തിന്റെ മഹത്തായ പാരമ്പര്യം കുടികൊള്ളുന്നുണ്ട്. യു.പി.ജയരാജിന്റെ തെയ്യങ്ങൾ എന്ന കഥയിലെ ഗുളികൻ ഗംഗനെ തെയ്യം കെട്ടിയാടുമ്പോൾ പൊലീസ് അറസ്റ്റുചെയ്യാൻ വരുന്ന രംഗം ഒരിക്കലും മറക്കാൻ കഴിയില്ല. 'പെട്ടെന്ന് ഊന്നുവടികൾ നിലത്തൂന്നി അവിശ്വസനീയമായ വേഗതയിൽ ആകാശത്തിലൂടെ ഊഞ്ഞാലാടി പൊലീസുകാരുടെ തലയ്ക്ക് മുകളിലൂടെ ഗംഗൻ പൊങ്ങിയുയർന്നു. നൂറ്റാണ്ടുകളായി ദൈവങ്ങളുടെ ഇച്ഛാശക്തിക്ക് കീഴ്വഴങ്ങി അവരുടെ ശാപങ്ങളും അനുഗ്രഹങ്ങളും ഏറ്റുവാങ്ങിക്കിടക്കുന്ന മണ്ഡപങ്ങൾക്ക് മുകളിൽ നിന്ന് അപ്രതിരോധ്യമായ ഒരു ശബ്ദം ഉയർന്നു; ഇങ്ക്വിലാബ് സിന്ദാബാദ്, നെയ്ത്തുതൊഴിലാളി യൂണിയൻ സിന്ദാബാദ്.' പൊലീസുകാരുടെ ലാത്തികൾ ഉയർന്നു. അവർ മുന്നോട്ടേക്ക് ചുവടുവെച്ചു. എന്നാൽ അപ്പോഴേക്കും മുഴുവൻ ജനങ്ങളും ഉണർന്നു കഴിഞ്ഞിരുന്നു. അവരുടെ സിരകളിൽ ശക്തമായ ഒരു വിസ്ഫോടനം നടന്നുകഴിഞ്ഞിരുന്നു. ഗംഗൻ വിളിച്ച മുദ്രാവാക്യം അവിടവിടെ മാറ്റൊലിക്കൊണ്ടു' (തെയ്യങ്ങൾ- യു.പി. ജയരാജ്) ■

> പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളോടെ കേരളത്തിലെ മാപ്പിളമാർ ഹൈന്ദവ സമൂഹവുമായി പുലർത്തി വന്ന സാഹോദര്യ ബന്ധത്തിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളായി മലബാറിൽ ഒട്ടേറെ മാപ്പിള തെയ്യങ്ങളുമുണ്ട്

ജീന ടി.
റിസർച്ച് അസിസ്റ്റന്റ് (ഫോക് ലോർ),
കേരള പുരാവസ്തു വകുപ്പ്





**വിശ്വാസങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും അപ്പുറം തിറ പോലുള്ള അനുഷ്ഠാനവേദികൾ സാമൂഹികവിനിമയങ്ങളുടെയും കച്ചവടത്തിന്റെയും സാംസ്കാരിക സംപ്രേഷണത്തിന്റേയും സ്വത്വപ്രകാശനത്തിന്റേയും ഇടം കൂടിയാവുന്നു.**

# സാമൂഹികവിനിമയങ്ങളുടെ തിറയാട്ടക്കാലം

മനുഷ്യനിയന്ത്രണത്തിനുമപ്പുറമുള്ള പ്രതിഭാസങ്ങൾ നിമിത്തമുണ്ടാവുന്ന പ്രകൃതിക്ഷോഭം, കൃഷിനാശം, ജീവനാശം, സാംക്രമികരോഗങ്ങൾ എന്നിവയിൽ നിന്നുള്ള മോചനത്തിനുവേണ്ടി പ്രപഞ്ചശക്തികളേയും പ്രകൃതിയേയും ആരാധിക്കാൻ തുടങ്ങിയതിൽനിന്നാവണം ആചാരങ്ങളും അനുഷ്ഠാനങ്ങളും രൂപമെടുത്തതെന്നാണ് നരവംശശാസ്ത്രം പറയുന്നത്. ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി ഓരോ സമൂഹത്തിലും അനവധി കലാരൂപങ്ങൾ രൂപപ്പെട്ടു. കേരളത്തിൽ അങ്ങോളമിങ്ങോളം ഇത്തരം ധാരാളം അനുഷ്ഠാനകലാരൂപങ്ങൾ കാണാൻ സാധിക്കും. സുഘടിത മതസംവിധാനം രൂപപ്പെടുന്നതിന് എത്രയോ മുമ്പേതന്നെ പ്രാചീനസമൂഹം അവരുടേതായ അനുഷ്ഠാന കലാരൂപങ്ങൾ രൂപപ്പെടുത്തിയിരുന്നു. അമ്മദൈവാരാധന, പ്രേതാരാധന, കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ആചാരങ്ങൾ എന്നിവയിലൂടെയാണ് കേരളത്തിൽ അനുഷ്ഠാനങ്ങൾ വികസിച്ചത്. ഇത്തരത്തിൽ രൂപമെടുത്ത ഒരേ ജനുസ്സിൽപെട്ട കലാരൂപങ്ങളാണ് തെയ്യവും തിറയും. ഉത്തര മലബാറിലാണ് തെയ്യം കൂടുതലായും പ്രചാരത്തിലുള്ളത്. തെയ്യം ദൈവം തന്നെയാകുമ്പോൾ ദൈവാരാധനയാണ് തിറ ലക്ഷ്യമിടുന്നത്.

ദക്ഷിണ മലബാറിൽ (കോഴിക്കോട്, മലപ്പുറം) പ്രധാനമായും കണ്ടുവരുന്ന നൃത്തപ്രധാനമായ അനുഷ്ഠാന കലാരൂപമാണ് തിറ. നൃത്തം, അഭിനയം, മുഖത്തെഴുത്ത്, വാദ്യഘോഷങ്ങൾ, ആയോധനകല എന്നിവ സമന്വയിക്കുന്ന ചടുലവും വർണ്ണാഭവുമായ ഗോത്രകലാരൂപമാണിത്. പ്രാക്തനജനതയുടെ അടയാളങ്ങൾ തിറകളിൽ ഇന്നും കാണാനാവും. കാവുകളിലും പഴയ തറവാട്ടുകളിലും സാധാരണയായി തുലാം മുതൽ മേടം വരെയുള്ള കാലയളവിൽ തിറയാട്ടം അരങ്ങേറുന്നു. തണുപ്പുകാലത്ത് തിറകളാരംഭിച്ച് വേനൽക്കാലത്തിന്റെ അവസാനംവരെ നീണ്ടുനിൽക്കുന്നു. ചേരാപുരത്തുള്ള ഉമിയൻകുന്ന് പരദേവതാക്ഷേത്രത്തിലെ തിറമഹോത്സവത്തോടെ തുടങ്ങി കടമേരിക്ഷേത്രത്തിലെ ഉത്സവത്തോടെ തിറയാട്ടങ്ങൾ അവസാനിക്കുന്നു. ദേവതകളേയും പൂർവികരെയും പ്രീതിപ്പെടുത്താനാണ് തിറ കെട്ടാറുള്ളത്. തെറ, തെറയാട്ടം എന്നിങ്ങനെയും പ്രാദേശികമായി തിറ അറിയപ്പെടുന്നു. കൽത്തറയ്ക്കുമുകളിൽ ആയുധമോ ശിലയോ വച്ച് ദൈവമെന്ന സങ്കല്പത്തിൽ ആരാധന നടത്തുന്നു. ഇതിന് ചുറ്റും കോലം കെട്ടി നൃത്തം ചെയ്താരാധിക്കുന്നത് കൊണ്ടാവാം തിറയാട്ടം, തിറ എന്നീ പേരുകൾ ലഭിച്ചത്. പെരുമണ്ണാൻ, വണ്ണാൻ എന്നീ സമുദായാംഗങ്ങളാണ് പരമ്പരാഗതമായി തിറ കെട്ടാറുള്ളത്. എന്നിരുന്നാലും പാണർ, ചെറുമർ എന്നിവരും തിറ കെട്ടാറുണ്ട്. പൊതുവെ പുരുഷൻമാരാണ് ഈ കലാരൂപം അവതരിപ്പിക്കാറുള്ളത്.



ഉത്സവംകൊടിയേറുന്നദിവസമോഅതിന്മുമ്പുള്ളദിവസമോ തിറ കെട്ടാൻ അവകാശമുള്ള സമുദായത്തിലെ കാരണവർ (കർമ്മാരി) നിറത്തിന് പണം വാങ്ങുന്നു. കയ്യിഷ്ടം വാങ്ങുക എന്ന് ഈ ചടങ്ങ് അറിയപ്പെടുന്നു. ഇളനീർകുല വരവ് (നേർച്ച വരവ്), ഇരുന്ന പുറപ്പാട്, കുളിച്ച് പുറപ്പാട്, അണിയറപൂജ, കലശം എഴുന്നള്ളിപ്പ് മുതലായവ തിറയുമായി ബന്ധപ്പെട്ട ചടങ്ങുകളാണ്. കോടിമുണ്ട്, തലപ്പാളി, വെള്ളിപോള, പട്ടം, വിങ്ങാരൽ, കണ്ണാടിതോട, പീലികിരീടം, പരത്തിക്കണ്ണി, ഹസ്തകടകം, കൈമാല, കൊരലാരം, എകിറ്, ദംഷ്ട, വഞ്ചി തുടങ്ങിയവയാണ് പ്രധാന ചമയങ്ങൾ. മുരിക്ക്, പാല മുതലായവ കൊണ്ടുള്ള നേരിയ പലക ഉപയോഗിച്ച് പല വലുപ്പത്തിലും ആകൃതിയിലുമുള്ള മുടികൾ തിറകൾക്ക് വേണ്ടി തയ്യാറാക്കുന്നു. ഇത് കൂടാതെ കരുത്തോലമുടി, കുമ്പ് മുടി, ചട്ടമുടി, തൊങ്ങൽ മുടി, പീലിമുടി

എന്നിവയും ഉപയോഗിക്കാറുണ്ട്. ഉടുത്തുകെട്ടിന്റെ അവസാനമാണ് മുടി വക്കുക. കേരളീയ വർണ്ണശബളതയുടെ പ്രകടനമാണ് തിറയുടെ വേഷവിതാനങ്ങളിലൂടെയും മറ്റും കാണാനാവുന്നത്. കെട്ടിയാട്ടത്തിൽ ഓരോ മൂർത്തിക്കും സവിശേഷമായ വേഷങ്ങളുണ്ട്. വെള്ള, പച്ച, മഞ്ഞ, ചുവപ്പ്, കറുപ്പ് എന്നീ നിറങ്ങളാണ് മുഖത്തെഴുത്തിനായി സാധാരണ ഉപയോഗിക്കാറുള്ളത്. ചെണ്ട, വീക്ക് ചെണ്ട, ഇലത്താളം എന്നിവയാണ് പ്രധാനവാദ്യങ്ങൾ.

## തിറയാട്ടത്തിന്റെ നാലുഘട്ടങ്ങൾ

കെട്ടിയാട്ടക്കാരും വാദ്യക്കാരും ഉത്സവദിവസം രാവിലെതന്നെ എത്തി പ്രാരംഭ ചടങ്ങുകൾ ആരംഭിക്കുന്നു. ഊരാളരോട് അനുവാദം വാങ്ങി കോലക്കാരൻ കാവിൽ പ്രവേശിക്കുന്നത് കാവുതീണ്ടൽ എന്നറിയപ്പെടുന്നു. കാവിലെത്തിയ കെട്ടിയാട്ടക്കാർ 'കാവുണർത്തുന്നു'. ഈ ചടങ്ങോടുകൂടി ദൈവം ഉണർന്നെന്നാണ് വിശ്വാസം. ചിലയിടങ്ങളിൽ ഉത്സവത്തിന്റെ തലേ ദിവസം നട്ടത്തിറ കെട്ടിയാടുന്നു. വെള്ളാട്ട്, വെള്ളകെട്ട്, തിറ, ചാന്തുതിറ എന്നിങ്ങനെ തിറയാട്ടം നാല് ഘട്ടങ്ങളിലൂടെ പുരോഗമിക്കുന്നു. കെട്ടിയാട്ടത്തിൽ വെള്ളാട്ടമാണ് ആദ്യം നടത്തുന്നത്. വെള്ളാട്ടം ബാല്യത്തേയും തിറ യൗവനത്തേയും ചാന്താട്ടം വാർധക്യത്തേയും പ്രതിനിധീകരിക്കുന്നു.



ഭഗവതി വെള്ളാട്ടം

ഫോട്ടോ : അനൂപ് കെ വേണു

ലളിതമായ വേഷവിധാനങ്ങളാണ് വെള്ളാട്ടിനുള്ളത്. ഉടുത്ത് കെട്ട്, ചെറിയ മുടി, മാലകൾ തുടങ്ങിയയാണ് വേഷം. മുഖത്തും ദേഹത്തും മഞ്ഞൾ പുരട്ടുന്നു. പ്രതിഷ്ഠക്ക് നേരെ തൊഴുത് നിന്ന് വാദ്യക്കാരുടെ താളത്തിനനുസരിച്ച് കോലക്കാരൻ നൃത്തം ചെയ്യുന്ന ശേഷം തോറ്റം ചൊല്ലുന്നു. ഓരോ മൂർത്തിക്കും ഓരോ തോറ്റമാണ് ചൊല്ലുന്നത്. ചിലയിടങ്ങളിൽ അഞ്ചടിയാണ് ചൊല്ലാറുള്ളത്. ദേവതാ സ്തുതികളാണിവ. ഗുരുതി അർപ്പണവും കോഴിയറവും വെള്ളാട്ടിന് ചിലയിടങ്ങളിൽ കാണാറുണ്ട്. വെള്ളാട്ടത്തിനോടനുബന്ധിച്ച് ചിലയിടങ്ങളിൽ വെള്ളകെട്ട് എന്ന അനുഷ്ഠാനവും അരങ്ങേറാറുണ്ട്.

താലപ്പൊലിയുടെ അകമ്പടിയോടെയാണ് മിക്കയിടത്തും പ്രധാനമൂർത്തിയുടെ തിറ കാവിലേക്ക് പ്രവേശിക്കുന്നത്. ഉടുത്ത് കെട്ട്, വലിയമുടി, മുഖത്തും നെഞ്ചിലും മനോഹരമായ എഴുത്ത്, മാലകൾ, കയ്യിൽ ആയുധങ്ങൾ എന്നിങ്ങനെ ആകർഷണീയമായാണ് തിറയുടെ വരവ്. തുടർന്നങ്ങോട്ട് നടയാട്ടം, ഗണപതിയാട്ടം, സരസ്വതീവന്ദനം എന്നിവ അരങ്ങേറുന്നു. ശേഷം വാദ്യമേളത്തിനനുസരിച്ച് മണ്ഡപത്തിനുചുറ്റും കെട്ടിയാട്ടക്കാരൻ നൃത്തം ചവിട്ടുന്നു. ചൂട്ട് കളിയും തിറയോടൊപ്പം ചിലയിടങ്ങളിൽ കാണാറുണ്ട്. മണിക്കൂറുകളോളം നീണ്ടു നിൽക്കുന്ന തിറയാട്ടത്തിന് ശേഷം അൽപം വിശ്രമിച്ച് അഞ്ചടി ചൊല്ലി ഉറയുന്നു. വാൾ, പരിച, ശൂലം എന്നിവയിൽ ഏതെങ്കിലുമൊരു ആയുധമെടുത്ത് അഭ്യാസപ്രകടനങ്ങൾ നടത്തി നേർച്ചക്കാർക്ക് അരുളപ്പാടും ഭക്തർക്ക് അനുഗ്രഹവും നൽകുന്നതോടെ തിറയാട്ടം അവസാനിക്കുന്നു.

ചാന്താട്ടം പ്രധാനമായും മലദൈവങ്ങൾക്കാണ് നടത്തുക. എല്ലാ മൂർത്തികളുടേയും തിറകെട്ടിക്കഴിഞ്ഞാണിത്. കെട്ടിയാട്ടക്കാരിൽ തലമുതിർന്ന ആളാണ് വെള്ളാട്ടവും ചാന്താട്ടവും കെട്ടുക. കോലക്കാരൻ ഒറ്റ വെള്ളമുണ്ടുടുത്ത് അതിന് മുകളിൽ ചുവപ്പോ കറുപ്പോ തുണി ചുറ്റുന്നു. തിറകെട്ടിയപ്പോഴുണ്ടായിരുന്ന എഴുത്ത് മാത്രമേ ശരീരത്തിലുണ്ടാവുകയുള്ളൂ. ചാന്താട്ടക്കാരൻ ശരീരമാകെ ചാന്ത്തേച്ച്കാവിന്റെപലഭാഗത്തേക്കും ഓടാൻ ശ്രമിക്കുന്നു. അവസാനം ചാന്ത് കയ്യേൽപ്പിക്കുന്നു. പിറ്റേ ദിവസം ഉച്ചയോടെ കർമ്മങ്ങളെല്ലാം അവസാനിക്കും. ദേവനെ മണ്ഡപത്തിൽ കുട്ടുകയാണ് അവസാന ചടങ്ങ്, ഈ സന്ദർഭത്തിലാണ് രാശി ചൊല്ലുന്നതും സ്തോത്രം ചൊല്ലുന്നതും.

ഭഗവതി, ഗുളികൻ തിറ, കരിയാത്തൻ തിറ, കുട്ടിച്ചാത്തൻ തിറ, ഭൈരവൻ തിറ, നാഗകാളി എന്നിവയാണ് പ്രധാന തിറകൾ. ഇവയ്ക്ക് പുറമേ കരിങ്കാളി, വീരഭദ്രൻ, പേരില്ലാത്തവൻ, അസുരാഴൻ, കുലവൻ, ചാമുണ്ഡി തുടങ്ങി ധാരാളം മറ്റ മൂർത്തികളുടേയും തിറകൾ കെട്ടിയാടാറുണ്ട്.

> ഒരു വിളവെടുപ്പുകാലം മുതൽ അടുത്ത കൃഷിയിറക്കും വരെ ഗ്രാമീണരുടെ സജീവത നിലനിന്നിരുന്നത് ഇത്തരം നാടൻ ഉത്സവാനുഷ്ഠാന രൂപങ്ങളിലൂടെയാണ്.

ഒരു വിളവെടുപ്പുകാലം മുതൽ അടുത്ത കൃഷിയിറക്കും വരെ ഗ്രാമീണരുടെ സജീവത നിലനിന്നിരുന്നത് ഇത്തരം നാടൻ ഉത്സവാനുഷ്ഠാന രൂപങ്ങളിലൂടെയാണ്. വിശ്വാസങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും അപ്പുറം ഇത്തരം വേദികൾ സാമൂഹികവിനിമയങ്ങളുടെയും കച്ചവടത്തിന്റെയും സാംസ്കാരിക സംപ്രേഷണത്തിന്റേയും സ്വത്വപ്രകാശനത്തിന്റേയും ഇടം കൂടിയാവുന്നു. ജാതിഭേദമന്യേ സമൂഹത്തിലെ എല്ലാ കണ്ണികളും പരസ്പരം ഇണങ്ങിച്ചേരുന്നതിലൂടെ തിറയും ആ സാമൂഹികധർമ്മം തന്നെ നിറവേറ്റുന്നു.■

തുളു കോലം >>

ഡോ.സി. ബാലൻ
ചരിത്രകാരനും എഴുത്തുകാരനും



തുളുനാട്ടിലെത്തുമ്പോൾ തെയ്യത്തിന്റെ രൂപത്തിലും അവതരണത്തിലും ചില വ്യത്യാസങ്ങൾ ദൃശ്യമാണ്

# തുളു കോലങ്ങൾ തുളുനാടിന്റെ സംസ്കൃതി



ചിത്രം കടപ്പാട്: behance.net



വടക്കേ മലബാറിലും പഴയ തുളുനാട്ടിലും സജീവസാന്നിധ്യമാണ് തെയ്യങ്ങൾ. തുളുനാട്ടിലെത്തുമ്പോൾ തെയ്യത്തിന്റെ രൂപത്തിലും അവതരണത്തിലും ചില വ്യത്യാസങ്ങൾ ദൃശ്യമാണ്. തെയ്യാരാധന തൗളവർക്ക് ഭൂതാരാധനയാണ് എന്ന വിശ്വാസം ചിലരുടെ ഇടയിൽ പ്രബലമാണ്. തെയ്യം ഒരേസമയം അനുഷ്ഠാനവും കലയുമാണ്. സാമൂഹികവളർച്ചയുടെ ഒരു പ്രത്യേകത ദശാസന്ധിയിൽ രൂപപ്പെടുകയും വിവിധ പരിണാമങ്ങളിലൂടെ ഇന്നത്തെ അവസ്ഥയിൽ എത്തുകയും ചെയ്ത തെയ്യം ഗ്രാമീണ ജനതയുടെ ജീവിതത്തിലും വിശ്വാസത്തിലും അവരുടെ സാമൂഹികബന്ധങ്ങളിലും നിർണ്ണായക സ്വാധീനം ചെലുത്തുന്നു. അത്യുത്തര കേരളത്തിലെയും പഴയ തുളുനാട്ടിലെയും എല്ലാ ഗ്രാമങ്ങളിലുമുണ്ട് തെയ്യങ്ങൾ. വൈദിക ആരാധന രീതിയിൽ നിന്ന് വിഭിന്നമായ ആരാധനയാണ് തെയ്യത്തിന്റേത്. ചെണ്ടയുടെയും കാൽച്ചിലമ്പിന്റെയും ധ്വനികൾ കാതുകളിൽ എത്തുമ്പോൾ തെയ്യക്കോലം എത്തിയെന്ന് ജനങ്ങൾ തിരിച്ചറിയുന്നു.

തെയ്യം ഒരു അടയാളമാണ്. നമ്മുടെ പൈതൃകത്തിന്റെ ചിഹ്നമാണത്. ഗ്രാമസമൂഹങ്ങൾ വികസിപ്പിച്ചെടുത്ത മൂല്യബോധത്തിന്റെ അടയാളം. അത് നമ്മുടെ ജീവിതത്തെ നിരന്തരമായി ശുദ്ധീകരിച്ചെടുക്കുന്നു. തെയ്യം ദൈവമാണ് തൗളവർക്കും മലയാളികൾക്കും. ദൈവത്തിന്റെ പ്രതിരൂപമാണ് അവരുടെ മുന്നിൽ നിറഞ്ഞാടുന്നത്. അതിനാൽ ദൈവത്തിനു മുന്നിൽ എല്ലാവരും തുല്യരാണ് എന്ന സങ്കല്പമുണ്ട്. ആധുനിക പൂർവസമൂഹത്തിന്റെ ജീവിത സ്പന്ദനങ്ങളാണ് തെയ്യങ്ങൾ. മനുഷ്യർ പരസ്പരം ഇടകലർന്ന് പരസ്പരം ആശ്രയിച്ച് ജീവിച്ചുവന്നതിന്റെ തെളിവാണ് തെയ്യങ്ങൾ. ജാതീയമായ ശ്രേണിവൽക്കരണം ശക്തമായി നിലനിൽക്കുമ്പോൾ തന്നെ എല്ലാ വിഭാഗത്തിൽപ്പെട്ടവരും തെയ്യത്തിന്റെ അനുഗ്രഹാശിസ്സുകൾക്കായി തെയ്യം കാണാനെത്തുന്നു. അതിൽ ജാതിഭേദങ്ങൾ ഇല്ല. മുമ്പ് മതഭേദങ്ങളും ഉണ്ടായിരുന്നില്ല. നൃത്തത്തിന്റെയും സംഗീതത്തിന്റെയും അപൂർവ കൂടിച്ചേരലുകളുള്ള തെയ്യം ഗോത്രസംസ്കാരത്തിന്റെ ചില പ്രധാന സവിശേഷതകളെ പ്രതിഫലിപ്പിക്കുന്നവെന്ന് ഡോക്ടർ കെ കെ എൻ കുറുപ്പ് അഭിപ്രായപ്പെടുന്നുണ്ട്.

## തുളുനാടിന്റെ തെയ്യസങ്കല്പം

തുളുനാടിന്റെ പൗരാണിക സംസ്കൃതി അതിന്റെ ശുദ്ധരൂപത്തിൽ സചേതനമായി ഇന്നും നിലനിൽക്കുന്നത് തെയ്യസങ്കല്പത്തിലാണെന്ന് പ്രമുഖ പണ്ഡിതനും വിവർത്തകനുമായ സി രാഘവൻ അഭിപ്രായപ്പെടുന്നു. തുളുതെയ്യത്തിന്റെ വാമൊഴി എത്ര മനോഹരമായാണ് തെയ്യത്തെയും അത് നടക്കുന്ന ദേശത്തെയും കുറിച്ച് പറയുന്നത്. 'ഞാൻ സത്യമായ ദൈവം. നിങ്ങളോ, സത്യപാലകരായ ആളുകൾ. ഇതോ സത്യദേശം; ഈ മണ്ണിലോ സത്യമല്ലാതെ അസത്യം തലപൊക്കില്ല. തലപൊക്കാൻ ഞാൻ അനുവദിക്കില്ല. സത്യത്തെ വിശ്വസിച്ചോളൂ.' ദൈവങ്ങളെ /തെയ്യങ്ങളെ സത്യത്തിന്റെ പ്രതിരൂപമായി സങ്കൽപ്പിച്ച് ആരാധിക്കുന്നവരാണ് തൗളവർ. പക്ഷേ അവരുടെ തെയ്യത്തെ ചിലരെങ്കിലും നേരത്തെ സൂചിപ്പിച്ചതുപോലെ ഭൂതമായിട്ടാ

> **തെയ്യം ഒരു അടയാളമാണ്. നമ്മുടെ പൈതൃകത്തിന്റെ ചിഹ്നമാണത്. ഗ്രാമസമൂഹങ്ങൾ വികസിപ്പിച്ചെടുത്ത മൂല്യബോധത്തിന്റെ അടയാളം. അത് നമ്മുടെ ജീവിതത്തെ നിരന്തരമായി ശുദ്ധീകരിച്ചെടുക്കുന്നു**

ണ് (Devil Worship) പരാമർശിക്കുന്നത്. മലയാളത്തിൽ തെയ്യത്തെ ഭൂതം എന്ന് പറയാറില്ല. തെയ്യം തുളുവിൽ 'ദെയ്യോ' അഥവാ ദൈവമാണ്. എന്നാൽ തെയ്യത്തെ കന്നട ഭാഷയിൽ ഭൂതശബ്ദം കൊണ്ടാണ് വ്യവഹരിക്കുന്നതെന്നും കന്നടയിലെ ഭൂതം, ഭൂതാരാധന തുടങ്ങിയ വാക്കുകൾ ഇംഗ്ലീഷുകാർ ഡെവിൾ (devil) എന്നാക്കി മാറ്റിയെന്നും



സി. രാഘവൻ സൂചിപ്പിക്കുന്നു. പാശ്ചാത്യരെ സംബന്ധിച്ച് തെയ്യം ഭൂതാരാധനയാണ്. പ്രാദേശിക ഭാഷകളിലേക്കും അത്തരമൊരു ധാരണ പരന്നു പോയിട്ടുണ്ടാകും. തുളുഭാഗവതം ഉൾപ്പെടെയുള്ള കൃതികളുടെ കണ്ടെടുപ്പിലൂടെ തുളുസാഹിത്യപ്രപഞ്ചം ഭാഷാപ്രേമികൾക്ക് പരിചിതമാക്കിയ പ്രമുഖ ഭാഷാപണ്ഡിതനായ പി വി പുണിഞ്ചിത്തായയും ഇതേ അഭിപ്രായമാണ് മുന്നോട്ടുവയ്ക്കുന്നത്

തെയ്യം അടിസ്ഥാനപരമായി ഭക്തിയെ അടിസ്ഥാനമാക്കിയുള്ള അനുഷ്ഠാനമാണ്. നൂറ്റാണ്ടുകളിലൂടെയുള്ള ഈ അനുഷ്ഠാന കലയുടെ നിർവഹണത്തിലൂടെയാണ് തുളു ഫോക്‌ലോറിന്റെ ശക്തി ചൈതന്യങ്ങൾ സ്വാംശീകരിച്ച തോറ്റം പാട്ടുകൾ അഥവാ പാഡ് ദണകൾ ഇന്നും നിലനിൽക്കുന്നത്. തെയ്യവും പാഡ് ദണയും പരസ്പര പൂരകമായി നിൽക്കുന്നതെന്ന് പറയാം. തെയ്യക്കോലങ്ങൾ കെട്ടിയാടാൻ തുടങ്ങി എത്രകാലമായിട്ടുണ്ടാകുമെന്ന് ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകാനാവില്ല. പക്ഷേ ഏറ്റവും ചുരുങ്ങിയത് പതിനാലാം നൂറ്റാണ്ട് മുതലെങ്കിലും തെയ്യാരാധന തൗളവരുടെ ഇടയിൽ പ്രചാരത്തിലുണ്ടായിരുന്നുവെന്ന് സൂചിപ്പിക്കുന്ന ശാസനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കാർക്കള താലൂക്കിലെ കാന്തേശ്വരം ക്ഷേത്രത്തിൽ ക്രിസ്തുവർഷം 1379ലെ ശാസനത്തിൽ 'ദൈവക്കൈ തപ്പിദവറു' (തെയ്യത്തിന് എതിരായവർ) എന്ന പരമാർശം ഉണ്ട്. പക്ഷേ അതിലെ ദൈവശബ്ദത്തെ പ്രമുഖ ചരിത്രകാരനായ ഗുരുരാജ ഭട്ട് ഭൂതമെന്ന് പരിഭാഷപ്പെടുത്തിയതായി പരമാർശിക്കപ്പെടുന്നുണ്ട്. ശാസനങ്ങളിൽ പതിനാലാം നൂറ്റാണ്ടിൽ തെയ്യം പ്രത്യക്ഷപ്പെടണമെങ്കിൽ അതിനു എത്രയോ മുമ്പ് തന്നെ സമൂഹത്തിൽ തെയ്യാരാധന വ്യാപിച്ചിട്ടുണ്ടാകണം.

## മലയാളത്തെയ്യങ്ങളിൽനിന്നുള്ള വ്യത്യാസം

തുളുത്തെയ്യങ്ങളും വടക്കേ മലബാറിലെ തെയ്യങ്ങളും തമ്മിൽ ചില വ്യത്യാസങ്ങൾ ഉണ്ടെന്ന് സൂചിപ്പിച്ചുവല്ലോ. ആടയാഭരണങ്ങളുടെ കാര്യത്തിൽ ഇത് ശ്രദ്ധേയമാണ്. കോലംകെട്ടലിൽ വലിയ പരിഷ്കാരങ്ങൾ തുളുത്തെയ്യങ്ങളിൽ വന്നിട്ടില്ല. തനിമയാർന്ന നാടൻശൈലി ഇന്നും നിലനിൽക്കുന്നു.

> കാസർഗോഡ് ജില്ലയുടെ വടക്ക് ഭാഗങ്ങളിൽ തുളുത്തെയ്യങ്ങളാണ് കൂടുതലുള്ളത്. തെക്കോട്ട് പോകുന്തോറും തുളുത്തെയ്യങ്ങളുടെ എണ്ണം കുറഞ്ഞുവരുന്നു

മുടി, മുഖത്തെഴുത്ത് എന്നിവയിലും വലിയ പരിഷ്ക്കരണങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. കുരുത്തോല, പാള എന്നിവയുടെ ഉപയോഗം തുളുക്കോലങ്ങളിൽ കൂടുതൽ കാണാം. മലയാളത്തെയ്യങ്ങൾ വസ്ത്രങ്ങളെ കൂടുതൽ ആശ്രയിക്കുമ്പോൾ തുളുത്തെയ്യങ്ങൾ കുരുത്തോലയാണ് കൂടുതലായി ഉപയോഗിക്കുന്നത്. വാദ്യങ്ങളുടെ കാര്യത്തിൽ മലയാളികൾ ചെണ്ടയ്ക്ക് പ്രാധാന്യം നൽകുമ്പോൾ തുളുനാട്ടിൽ ധൂളുവാണ് കൂടുതൽ ഉപയോഗിക്കുന്നത്. അടുത്തകാലത്തായി ആധുനിക സംഗീത ഉപകരണങ്ങൾ അവർ ഉപയോഗിക്കുവാൻ തുടങ്ങിയിട്ടുണ്ട്. തെയ്യങ്ങളുടെ ഉൽപത്തി ചരിത്രം വിവരിക്കുന്ന തോറ്റം തുളുവിൽ പാഡ്ദണയാണ്. പാഡ്ദണ തോറ്റം മാത്രമല്ല ചില നാടൻ പാട്ടുകളും പാഡ്ദണകളിലുണ്ട്.

കാസർഗോഡ് ജില്ലയുടെ വടക്ക് ഭാഗങ്ങളിൽ തുളുത്തെയ്യങ്ങളാണ് കൂടുതലുള്ളത്. തെക്കോട്ട് പോകുന്തോറും തുളുത്തെയ്യങ്ങളുടെ എണ്ണം കുറഞ്ഞുവരുന്നു. തുളുക്കോലം കെട്ടുന്നവരിൽ ഭൂരിഭാഗവും നൽകെദയർ ആണ്. പരവർ, തുളുവേലർ എന്നിവരും തുളു കോലങ്ങൾ കെട്ടിയാടുന്നുണ്ട്. തെയ്യം തറവാടുകളിലും സാനോകളിലും( താനങ്ങളിലും) അരങ്ങേറുന്നു. തുളുതാനങ്ങളിൽ തെയ്യത്തോടനുബന്ധിച്ച് നിരവധി ചടങ്ങുകൾ നടക്കുന്നുണ്ട്. അഗലു തെയ്യങ്ങൾക്ക് നൽകുന്ന നിവേദ്യമാണ്. കോലം കെട്ടുന്നതിന് തലേദിവസമാണ് ഈ നിവേദ്യം തെയ്യത്തിന് നൽകുന്നത്. ഇത്തരത്തിലുള്ള മറ്റു വിളമ്പലുകളുമുണ്ടാകും. അതിലൊന്നാണ് തമ്പിലം. മലര്, അവൽ, പരിപ്പ്, തേങ്ങ, ശർക്കര തുടങ്ങിയവ കുഴച്ചുണ്ടാക്കുന്ന മധുര പലഹാരമാണ് കജ്ജായം. താനത്തെ മറ്റിടങ്ങളിൽ നിന്ന് വിഭിന്നമാക്കാനും നടത്തിപ്പുകാരുടെ /പൂജാരികളുടെയും പ്രാധാന്യം ശ്രദ്ധേയമാക്കാനും ഇത്തരം ചടങ്ങുകളിലൂടെ സാധ്യമാകുന്നു.

വീടുകളിലും തറവാടുകളിലും നടക്കുന്ന തെയ്യം പ്രധാനമായും കോലമാണ്. അതേ സമയം ഗ്രാമത്തിലോ ഗ്രാമസമൂഹമായ മാഗണെയിലോ പൊതുവായി നടക്കുന്ന തെയ്യങ്ങൾക്ക് നേമമെന്ന് പറയും. കാസർഗോഡിന്റെ തെക്കൻ ഭാഗങ്ങളിൽ അരങ്ങേറുന്ന കളിയാട്ടം, പെരുങ്കളിയാട്ടം പോലെ വിപുലമായി ആർഭാടത്തോടുകൂടി നടക്കുന്ന ചടങ്ങാണ് 'നേമ' എന്ന് അറിയപ്പെടുന്നത് കാസർഗോഡിന്റെ വടക്കൻ ഭാഗങ്ങളിൽ പ്രത്യേകിച്ച് കുമ്പള സീമയിലെ നാലു പ്രധാന താനങ്ങളായ (സാനൊ) വൈക്ക, ബദിരടുക്ക, അംബികടുക്ക, പുത്യേ എന്നിവിടങ്ങളിൽ ഇത്തരം നേമകൾ ഉണ്ടാകും. വലിയ ചെലവ് വരുന്ന ആഘോഷമാണിത്. നേമകളിൽ കൂടുതൽ തെയ്യങ്ങൾ ഉണ്ടാകും. മോഗേർലു നേമ, ബൈഡർലേ നേമ എന്നിവ പ്രസിദ്ധമാണ്. കോട്ടി- ചെന്നയ്യ, ഉള്ളാക്കുളു തുടങ്ങിയ വലിയ തെയ്യങ്ങളാണ് നേമയിൽ അരങ്ങേറുന്നത്. നേമത്തോട് അനുബന്ധിച്ച് നടക്കുന്നതാണ് കോഴിക്കറ്റി. താനത്തിനടുത്ത

വയലിൽ കുറ്റികൾ വൃത്താകരമായി തറയ്ക്കുന്നു. ഇതിൽ ഒരു കുറ്റി പാലുള്ള മരത്തിന്റേതായിരിക്കും. രണ്ടു കോഴികളെ കുറ്റികളിൽ കെട്ടി, പിന്നീട് അഴിച്ച്, മൂന്നുതവണ പ്രദർശിപ്പിച്ച് വിട്ടുകളയുന്നു. കോഴിക്കുറ്റി എന്ന ചടങ്ങ് കഴിഞ്ഞാൽ ഉത്സവം കഴിയുന്നതു വരെ ആരും ഗ്രാമം വിട്ടു പോകാൻ പാടില്ല എന്ന സങ്കല്പവും ഇതിനോടൊപ്പം ഉണ്ട്. താനങ്ങൾ തെയ്യങ്ങളുടെ ആവാസ കേന്ദ്രങ്ങളാണ്. ഇത് പള്ളിയറയാണ്. പള്ളിയറയിൽ പീഠമുണ്ടാകും. ചിലയിടത്ത് പീഠത്തിന് പകരം ഊഞ്ഞാലാണ്. ഈ പള്ളിയറയിലാണ് തെയ്യം കുടികൊള്ളുന്നത്. ഇത്തരം പള്ളിയറകളെ ചിലയിടങ്ങളിൽ മാഡ (മാടം) എന്ന് പറയും. കാസർഗോഡ് മഞ്ചേശ്വരത്തിനടുത്ത ഉദ്യാവർ മാഡ പ്രസിദ്ധമാണ്. മതസൗഹാർദത്തിന് പേരുകേട്ട ആരാധനാലയമാണിത്. ഉത്സവകാലത്ത് ഭണ്ഡാരം എഴുന്നള്ളിപ്പ് പള്ളിയറകളിൽ കൊണ്ടു വെയ്ക്കുന്നു. ചുരിക, പരിച, വില്ല്, ചിലമ്പ്, മണി തുടങ്ങിയവയാണ് ഭണ്ഡാരത്തിൽ ഉള്ളത്.



തെയ്യമായാലും തുളുതെയ്യമായാലും അവരുടെ ആരൂഢമായ പള്ളിയറകളിലോ താനങ്ങളിലോ കാവുകളിലോ എവിടെയും തെയ്യങ്ങളുടെ വിഗ്രഹങ്ങൾ ഇല്ല എന്നതാണ് വളരെ പ്രധാനപ്പെട്ട കാര്യം. വിളക്ക് വയ്ക്കുന്നതൊഴിച്ച് എവിടെയും നിത്യവും പൂജ ഉണ്ടായിരിക്കില്ല. ഓരോ വിഭാഗത്തിന്റെയും താനങ്ങളിൽ അവർ നിയോഗിക്കുന്ന അവരുടെയിടയിലെ ആളുകളാണ് പൂജകളും മറ്റും ചെയ്യുന്നത്. ബ്രാഹ്മണ പൂജ അല്ല എന്നതാണ് സവിശേഷത. എത്രയോ നൂറ്റാണ്ടുകളായി പിന്തുടർന്ന് വരുന്ന രീതിയാണിത്. പക്ഷേ അടുത്തകാലത്ത് ചില ബ്രാഹ്മണവൽക്കരണ പ്രവണതകൾ ഈ മേഖലയിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. . വ്യത്യസ്തമായ ആരാധനാരീതികളെല്ലാം ഒഴിവാക്കി എല്ലാം ഒരുപോലെയാക്കി മാറ്റി തീർക്കുവാനുള്ള ശ്രമവും ആരംഭിച്ചിട്ടുണ്ട്.

സമൂഹത്തിൽ അനീതിയെ ചോദ്യം ചെയ്തതിന്റെ പേരിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട പലരുമാണ് തെയ്യക്കോലങ്ങളായി മാറിയത്. പക്ഷേ ഇന്ന് പല തെയ്യങ്ങളും വൈദിക, ദേവതാസങ്കല്പങ്ങളായി മാറിയിട്ടുണ്ട്. തെയ്യം എന്ന ആരാധനാരീതി തന്നെ വൈദികേതരമാണെന്നിരിക്കെയാണ് ഇതെല്ലാം സംഭവിക്കുന്നത്. തെയ്യം നടക്കുന്ന ഇടങ്ങൾ കോടതികളായി മാറുന്ന സവിശേഷതയും നാടിന്റെ വിശ്വാസവുമായി ബന്ധപ്പെട്ട് ഉണ്ട്. തങ്ങളുടെ ജീവിതത്തിലേക്ക് ദുരിതങ്ങളും ദുരന്തങ്ങളും പേമാരി പോലെ പെയ്തിറങ്ങുമ്പോൾ ആളുകൾ സാന്ത്വനത്തിനു വേണ്ടി സമീപിക്കുന്നത് തുളുനാട്ടിലും മറ്റിടങ്ങളിലും തെയ്യങ്ങളെയാണ്. തെയ്യത്തിനു മുന്നിൽ അവർ എല്ലാ വിഷമതകളും പരാതികളും ഇറക്കി വയ്ക്കുന്നു. കഷ്ടപ്പാടുകളും ദുരിതങ്ങളും എല്ലാം തെയ്യം അകറ്റുമെന്ന് ജനങ്ങൾ വിശ്വസിക്കുന്നു. ദൈനംദിന ജീവിതത്തിലുണ്ടാകുന്ന പരാതികൾ തെയ്യത്തിനു മുന്നിൽ അവർ അവതരിപ്പിക്കും. തെയ്യം പരിഹാരമായി ചില കാര്യങ്ങൾ നിർദേശിക്കും. വ്യക്തികൾ തമ്മിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ അത് തെയ്യത്തിനു മുന്നിൽ എത്തും. വാദിയും പ്രതിയും തങ്ങളുടെ നിലപാടുകൾ തെയ്യത്തോട് പറയും. തെയ്യം രണ്ടു കൂട്ടരേയും കേൾക്കും. അവസാനം തെയ്യം വിധി പറയും. അത് നീതിയുക്തമായിരിക്കുമെന്ന് എല്ലാവരും വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. വീടുകളിൽ കളവുനടന്നാൽ അതും തെയ്യസന്നിധിയിൽ എത്തും. തെയ്യം അത് കണ്ടെത്തുമെന്നും കുറ്റവാളികൾ അത് ഏറ്റുപറയുമെന്നും ആൾക്കൂട്ടത്തിന് മുന്നിൽ വെച്ച് തെയ്യം പറയും. ചിലപ്പോൾ കുറ്റക്കാരൻ കാലമേറെ കഴിയുമ്പോൾ അത് ഏറ്റുപറയും. അല്ലെങ്കിൽ ആളുകൾ തന്നെ അത് മറന്നുപോകും. ആധുനിക പൂർവകാലഘട്ടത്തിലെ കോടതിയാണ് തെയ്യം. കുറ്റം ചെയ്തവരെ ശിക്ഷിക്കുന്ന, നീതി അർഹിക്കുന്നവന് നീതി നൽകുന്ന തെയ്യം. ഇതെല്ലാമാണ് തെയ്യങ്ങളെ ജനകീയമാക്കുന്നത്, ഇപ്പോഴും ആൾക്കൂട്ടങ്ങളെ ആകർഷിക്കുന്നത്. തുളുനാട്ടിൽ നിരവധി തെയ്യങ്ങളുടെ കോലങ്ങൾ വീടുകളിലും തറവാടുകളിലും എല്ലാം കെട്ടിയാടുന്നുണ്ട്. ഗുളികൻ, പഞ്ചുരുളി, കല്ലുരുട്ടി, ധൂമ ഭഗവതി, ജുമാദി, രക്തേശ്വരി, നാഗക്കുറത്തി,കമ്പളത്തായ തുടങ്ങി ഒട്ടേറെ കോലങ്ങൾ തുളുനാട്ടിലുണ്ട്. തെയ്യത്തിന്റെ പ്രാധാന്യം സമൂഹത്തിൽ കുറഞ്ഞുവരുന്നതായല്ല കാണുന്നത്. കൂടുതൽ ആർഭാടത്തോടെ നടത്തുന്നതാണ് എല്ലായിടത്തും കണ്ടുവരുന്നത്. തെയ്യം തങ്ങളെചേർത്തുപിടിക്കുന്നുഎന്നതോന്നൽ ആയിരിക്കും ഈ ജനകീയതയുടെ പിന്നിലുള്ളത്. സവർണ്ണ ദൈവസങ്കല്പങ്ങളുടെ ബദൽ രൂപം ആയത് കൊണ്ടുമായിരിക്കും അടിസ്ഥാന ജനഭാഗങ്ങളുടെ ജീവിതത്തിന്റെ ഭാഗമായി തെയ്യം മാറുന്നത്.■

ഡോ.ഇ. ശ്രീധരൻ
റിട്ട. പ്രൊഫസർ, കാലടി ശങ്കരാചാര്യ സംസ്കൃത സർവകലാശാല





**വടക്കൻ കേരളത്തിൽ ഇന്നും സജീവമായി നിലനിന്നുപോരുന്ന നാടൻ കലാരൂപമാണ് പൂരക്കളി. കാവുകളാണ് ഈ കലയുടെ കേളീരംഗം. മീനമാസത്തിലെ പൂരോത്സവത്തിന്റെ ഭാഗമായാണ് ഇത് അവതരിപ്പിക്കപ്പെടുന്നത്. നൂറ്റാണ്ടുകളോളം പഴക്കമുള്ള ഈ കലാരൂപത്തെ നിരന്തരം പരിഷ്ക്കരിക്കപ്പെടുന്ന നിലയിൽ പുതുമയോടെ ആകർഷകമായി കാണുവാൻ സാധിക്കുന്നു**

പൂരക്കളിയിൽ കളിയുണ്ട്, കലയുമുണ്ട്. എന്നാൽ പൊതുവെ കായിക വിനോദമായിട്ടല്ല ഇതിനെ കണക്കാക്കുന്നത്, കലാരൂപമായിട്ടാണ്. കാര്യമായ ചിട്ടപ്പെടുത്തലുകളില്ലാതെ നാട്ടുകൂട്ടം ആവിഷ്ക്കരിച്ച കലയായതുകൊണ്ട് ഇതിനെ നാടൻകലയെന്നു വിളിക്കുന്നവരാണേറെയും. എന്നാൽ ചിട്ടപ്പെടുത്തലുകൾ തീരെയില്ലാത്തതാണ് ഇന്നത്തെ കാലത്ത് കാണുന്ന പൂരക്കളിയെന്നു ധരിക്കരുത്, കുറച്ചൊക്കെ ഉണ്ടുതാനും. പൂരക്കളിയിൽ കാണപ്പെടുന്ന ചിട്ടപ്പെടുത്തലുകളെ മുൻനിർത്തി ചിലരിതിനെ ക്ലാസിക് കലയെന്നും വിളിച്ചുവരുന്നുണ്ട്. പൂരക്കളിയെക്കുറിച്ച് ആദ്യമായി പുസ്തകം പ്രകാശിപ്പിച്ച സി.എം.എസ്.ചന്തേര ക്ലാസ്സിക് കലയായിട്ടുതന്നെയാണ് പൂരക്കളിയെ വിലയിരുത്തിയിട്ടുള്ളത്. എന്നാൽ പിൽക്കാലത്തെ പുസ്തകങ്ങളിലെല്ലാം പൂരക്കളി നാടൻകലയാണ്.

പൂരക്കളിയെ പ്രധാനമായും നാലുതരത്തിലാണ് വിഭജിക്കാവുന്നത് - പൂരമാല, വൻകളി, ആട്ടം, തൊഴുതുകളി എന്നിങ്ങനെ. ഇതിൽ പൂരമാലയും വൻകളിയുമാണ് പൂരക്കളിയിലെ ആകർഷകങ്ങളായ രണ്ടിനങ്ങൾ. അതിൽത്തന്നെ പൂരമാലയെ പൂരക്കളിയുടെ മൗലികരൂപമെന്നു വിളിക്കാനും സാധിക്കും. പതിനെട്ടുതരത്തിലാണ് പൂരമാലകൾ. മൂന്നുലോകത്തെയും പതിനെട്ടുകന്യകമാർ പതിനെട്ടുനിറത്തിലുള്ള പൂക്കളുപയോഗിച്ച് മലരമ്പ പൂജചെയ്യുകയും പതിനെട്ടു തരത്തിലാടുകയും ചെയ്തതിന്റെ സ്മരണമത്രേ പതിനെട്ടുതരം പൂരമാലകൾ. പൂക്കളുടെ നിറത്തെ അടിസ്ഥാനമാക്കി പതിനെട്ടു നിറങ്ങളെന്നും പൂരമാലകളെ വിളിച്ചുവരുന്ന പതിവുണ്ട്. നീണ്ട സമയമെടുത്ത് കളിക്കുന്നവയും വലിയ കഥ ഇതിവൃത്തമായി സ്വീകരിക്കപ്പെടുന്നവയുമാണ് വൻകളികൾ. രാമായണം കഥ, ഗണപതിക്കഥ തുടങ്ങി വ്യത്യസ്തകഥകൾ വൻകളിക്കായി ഉപയോഗിക്കപ്പെടുന്നുണ്ട്.

യോഗിയാട്ടമെന്നും നാടകമാട്ടമെന്നും ആട്ടങ്ങൾ രണ്ടുതരത്തിലുണ്ട്. യോഗി വിജ്ഞാനം വിശദമാക്കിയതിനുശേഷം

# പൂരക്കളിയും മറുത്തുകളിയും





യോഗിയായി അഭിനയിച്ചനുകരിച്ചാടുന്നവയാണ് യോഗിയാട്ടങ്ങൾ. ചിദംബരം ക്ഷേത്രത്തിൽ വ്യാഘ്രപാദൻ, പതഞ്ജലിയെ ശിവഭക്തരുടെ അഭ്യർഥന മാനിച്ച് ശിവഭഗവാൻ നടിച്ച നാട്യത്തെ അനുകരിച്ചാടിയവതരിപ്പിക്കുന്നതാണ് നാടകമാട്ടം. കാവമ്മയുടെ ആഗമനകഥ പാടിക്കൊണ്ടും മുഴുവൻ ദേവന്മാരേയും പേരെടുത്തുവിളിച്ചുകൊണ്ടും തൊഴുതുപാടിയാടിക്കളിക്കുന്നവയാണ് തൊഴുതുകളികൾ.

ആദ്യകാലത്ത് പൂരമാലകൾ മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നാണ് ഗവേഷകർ പറയുന്നത്. മുന്നേ വിശദമാക്കപ്പെട്ട പതിനെട്ടുകന്യകമാരുടെയാട്ടമെന്ന മിത്തിന്റെ അടിസ്ഥാനത്തിൽ പൂരക്കളി സ്ത്രീകളുടെ കളിയായിരുന്നുവത്രേ. എന്നാലിന്ന് ഇതവതരിപ്പിക്കുന്നത് സ്ത്രീകളല്ല, പുരുഷന്മാരാണ്. ഏതുകാലത്താണ് ഇത് പുരുഷന്മാരിലേക്ക് കടന്നുവന്നതെന്ന് നിശ്ചിതമായി പറയാൻ തെളിവുകളൊന്നുമില്ല. പുരുഷന്മാർ ഏതു പ്രായത്തിലുള്ളവരായിരുന്നാലും ഈ കളിയിൽ പങ്കെടുക്കാം. കുട്ടികൾ മുതൽ വൃദ്ധർ വരെ ഒരു കളിസംഘത്തിലുണ്ടാകും. നാട്ടുസമുദായക്കൂട്ടത്തിലെ ആർക്കും കളിയിൽ ചേരാം, ചേരാതിരിക്കാം. കളിയാരംഭിച്ചതിനുശേഷം ഇടയ്ക്കുവന്നുചേരാനും ഇടയിൽ മാറിനിൽക്കാനും കളിയംഗങ്ങൾക്കു സാധിക്കുന്നതാണ്.

തീയ്യർ, യാദവർ, വിശ്വകർമ്മജർ, മുക്കവർ, ശാലിയർ, വാണിയർ തുടങ്ങിയ സമുദായങ്ങളുടെ കാവുകളിലേ പൂരക്കളിയുള്ളൂ. അവിടെ കളിക്കാനെത്തുന്ന കളിക്കാരാകട്ടെ, അതത് സമുദായത്തിൽപെട്ടവർ മാത്രമായിരിക്കും. അവരിൽത്തന്നെ പൂരക്കളിയുടെ എല്ലാത്തരവും സ്വന്തമാക്കിയവർ തീയ്യസമുദായക്കാർ മാത്രമാണ്. ചുവന്ന പട്ടുകൊണ്ടുള്ള ഉടുത്തുകെട്ടും കറുത്ത ഉറുമാലുകൊണ്ടുള്ള അരയിൽകെട്ടുമാണ് തീയ്യർക്കെങ്കിൽ, പിങ്ക് നിറത്തിലുള്ള പട്ടാണ് യാദവന്മാർ ഉടുത്തുകെട്ടിന് ഉപയോഗിക്കുന്നത്. മറ്റു സമുദായക്കാർക്കെല്ലാം വെളുത്തമുണ്ടാണ് വേഷം. പാട്ടിനുസരിച്ച ചുവടുവെപ്പുകളും അംഗക്രിയകളുമാണ് പൂരക്കളിയിലുള്ളത്. മുഖത്ത് ഭാവപ്രകടനമൊന്നും വരുത്തുന്നില്ല. പല്ലവി, അനുപല്ലവി രൂപത്തിലാണ് പാട്ടുപാടുക. മുഖ്യപാട്ടുകാരൻ പാടിക്കഴിഞ്ഞതിനുശേഷം മറ്റു കളിക്കാരെല്ലാം അതേറ്റുപാടും. കളിച്ചുകൊണ്ടുതന്നെയാണ് പാടേണ്ടത്. മുഖ്യപാട്ടുകാരനടക്കം പാടിക്കളിക്കണം. ഉറക്കെ പാടുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. പൂരക്കളിക്കായി രചിച്ച നാടൻപാട്ടുകളാണ് പാടുന്നത്. പൂരമാലാപ്പാട്ടുകളിൽ നാരായണകഥ, കാമദേവകഥ, പരമേശ്വരകഥ, മറ്റു പുരാണകഥകൾ എന്നിവയെല്ലാം ഇതിവൃത്തമായി വരുന്നതാണ്. നീണ്ട കഥകളുൾക്കൊള്ളിച്ചുള്ളതാണ് വൻകളിപ്പാട്ടുകൾ. ഇവയുടെ രചന ദ്രാവിഡവൃത്തത്തിലാണ്, എന്നാൽ പാട്ടുകൾക്കുമുന്നേ സംസ്കൃത ശ്ലോകങ്ങൾ കീർത്തനങ്ങളായി ചൊല്ലുന്ന പതിവുണ്ട്. പലതരം പാട്ടുകളുണ്ട്. (വിസ്തരിച്ചറിയാൻ കേരള ഫോക്‌ലോർ അക്കാദമി പ്രസിദ്ധീകരിച്ച മറുത്തുകളിസാഹിത്യം എന്ന പുസ്തകം വായിക്കുക). പന്തലിന്റെ നടുവിലായി കത്തിച്ചുവെച്ച വിളക്കിന്റെ ചുറ്റും വട്ടമിട്ടു നിന്നുകൊണ്ടാണ് കളിക്കുന്നത്. അതിൽ നേർക്കളി, ചാഞ്ഞുകളി, ഇരുന്നുകളി, മറിഞ്ഞുകളി, ചാടിക്കളി എന്നിങ്ങനെ പലതരം കളികളുണ്ട്. കളരിസമ്പ്രദായത്തിൽനിന്നും പലതരം കായികാഭ്യാസങ്ങൾ പൂരക്കളിയിൽ ചേർന്നതിനുശേഷം, കളികളുടെ രൂപത്തിലും അവതരണത്തിലും വലിയ വ്യത്യാസം സംഭവിച്ചിട്ടുണ്ട്.

## മറുത്തുകളി

പൂരക്കളിയുടെ മെറ്റാഫോക്‌ലോർ എന്നു വിളിക്കാവുന്ന അനുബന്ധകലാരൂപമാണ് മറുത്തുകളി. ആദ്യകാലത്ത് ഇത് പൂരക്കളിയുടെ മത്സരരൂപമായിരുന്നു. പൂരക്കളിയുടെ പാട്ടുകളും കളിയവതരണവും നിരന്തരമായി പരിഷ്ക്കരിക്കപ്പെട്ടുവന്നിരുന്നുവെന്ന് മുന്നേ പറഞ്ഞിരുന്നുവല്ലോ. ഓരോ സംഘവും അവർക്കിഷ്ടമുള്ള ഇതിവൃത്തമെടുത്ത്, അവരുടേതായ ഭാഷയിൽ പാട്ടുകളുണ്ടാക്കി, അവരുടേതായ മനോധർമ്മമനുസരിച്ച് ആടിക്കളിച്ചുവരുന്നതാണ് പതിവ്. ഒരിക്കലവതരിപ്പിച്ച കളിയിലും പാട്ടിലും മാറ്റങ്ങൾ വരുത്താൻ തുടർന്നുവരുന്ന അവതരണങ്ങളിൽ ശ്രദ്ധിക്കുന്നവരുണ്ട്. ഇങ്ങനെയുള്ള മാറ്റങ്ങളുടെ സാംഗത്യത്തെക്കുറിച്ച്

> **പൂരക്കളിയുടെ മെറ്റാഫോക്‌ലോർ എന്നു വിളിക്കാവുന്ന അനുബന്ധകലാരൂപമാണ് മറുത്തുകളി. ആദ്യകാലത്ത് ഇത് പൂരക്കളിയുടെ മത്സരരൂപമായിരുന്നു**




ചോദ്യം ചെയ്തുതുടങ്ങിയേടത്തുനിന്നാണ് മറുത്തുകളിയുടെ ആരംഭം. രണ്ടുകളിസംഘങ്ങൾ ഒരിടത്തുവെച്ച് മത്സരിച്ചു കളിക്കുന്നതിനെയാണ് മറുത്തുകളിയെന്നു പറയുന്നത്. പൂരക്കളിയിലെ ഓരോ ഇനവും ഒന്നാം കളിസംഘം അവതരിപ്പിച്ചുകഴിഞ്ഞാൽ, രണ്ടാം കളിസംഘം അവതരിപ്പിക്കുകയായി. ചിലയിടങ്ങളിൽ രണ്ടിലേറെ സംഘങ്ങളും മറുത്തുകളിയിൽ പങ്കെടുത്തുവെന്നുവരാം. ഓരോ സംഘത്തിന്റേയും കളികളെ കാണികൾ വിലയിരുത്തുകയും മികച്ച കളിയേതെന്ന് അഭിപ്രായപ്പെടുകയും ചെയ്യും. ചേരുവകളുടെ സാംഗത്യത്തെക്കുറിച്ചും അതിന്റെ പൗരാണിക പിൻബലത്തെക്കുറിച്ചും ചോദ്യംചെയ്യുന്ന പതിവും പിന്നീടുണ്ടായി. അങ്ങനെ ചോദ്യത്തിനു മറുചോദ്യം, പാട്ടിന്നു മറുപാട്ട്, കളിക്ക് മറുകളി.... അതെല്ലാം ചേർന്നപ്പോൾ മറുത്തുകളിയായി മാറി.

മറുത്തുകളി ആസൂത്രിതമായ രൂപത്തിലേക്ക് കടന്നപ്പോൾ, പാണ്ഡിത്യസദസ്സിന്റെ മാനം അതിന്നു കൈവന്നു. ചിട്ടപ്പെടുത്തലുകൾ കളിരൂപത്തിനു വന്നു. ഏതെല്ലാം കാവുകൾ ഏതെല്ലാം സ്ഥലങ്ങളിൽ വെച്ച് ഏതെല്ലാം ദിവസങ്ങളിൽ മത്സരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിക്കാൻ തുടങ്ങി. സാധാരണയായി, രാവിലെ തുടങ്ങിയാൽ പിറ്റേന്നു രാവിലെ വരെ 24 മണിക്കൂർ ദൈർഘ്യമുള്ള മറുത്തുകളിയാണുണ്ടാവുക. എന്നാൽ രണ്ടു ദിവസങ്ങളോളം ദൈർഘ്യമുള്ള കളികളും ചിലയിടങ്ങളിൽ കണ്ടുവരുന്നുണ്ട്. ഇത്രയും നേരത്ത് അവതരിപ്പിക്കപ്പെടേണ്ടുന്ന കളിരൂപത്തെക്കുറിച്ചും മുൻകൂട്ടി ധാരണയിലെത്തും. മൂന്നു ഭാഗങ്ങളായി മറുത്തുകളിയെ തിരിക്കുന്നു. രാവിലെമുതൽ ഉച്ചവരെയുള്ള ഒന്നാംഭാഗം, ഉച്ചമുതൽ സന്ധ്യവരെയുള്ള രണ്ടാംഭാഗം, രാത്രിയിലെ മൂന്നാം ഭാഗം. ഒന്നാം ഭാഗത്ത് കളിസംഘങ്ങൾ പരസ്പരം കാണുന്ന അഭിവാദനപ്രകരണം, താംബൂലം കൈമാറുന്ന താംബൂല പ്രകരണം, രംഗത്തിലേക്ക് പ്രവേശിക്കുന്ന രംഗപ്രവേശം, ദീപവന്ദനം, നവവന്ദനകൾ, ശക്തിവന്ദനം, ഗണപതിവന്ദനം, സരസ്വതിവന്ദനം, ഗുരുവന്ദനം, കൃഷ്ണവന്ദനം എന്നിവയുണ്ടാകും. രണ്ടാംഭാഗത്ത് പൂരമാലകൾ, വൻകളികളെന്നിവയാണ്. മൂന്നാം ഭാഗത്താകട്ടെ, നാട്യശാസ്ത്രം, ചിദംബരശാസ്ത്രം, യോഗിശാസ്ത്രം, കളിതൊഴൽ എന്നിവയുമുണ്ടാകും. ഇവയിൽ ഒന്നും മൂന്നും ഭാഗങ്ങളിലാണ് സംവാദമുണ്ടാകുന്നത്. ആദ്യം സംസ്കൃതപദ്യമവതരിപ്പിക്കും, അതിന്റെ അന്വയം, അന്വയാർഥം, പരിഭാഷ എന്നിവ പറയുന്നു. തുടർന്ന് ശ്ലോകത്തെയും പ്രകരണത്തെയും മുൻനിർത്തി മറുത്തുചോദിക്കുന്നു. ഉത്തരം പറയാനാകാത്ത കളിസംഘം പരിഹാസ്യരായി മാറുന്നു. ശരിയും തെറ്റും ചൂണ്ടിക്കാട്ടാൻ പണ്ഡിതന്മാരെ മധ്യസ്ഥരായി നിർത്തുന്ന പതിവുമുണ്ട്. ഓരോ കളിസംഘവും മികച്ച ഒരു പണ്ഡിതനെ കാലേക്കൂട്ടി ഏർപ്പാടുചെയ്യുകയും എതിരാളികളെ തോൽപ്പിക്കുവാൻ പാകത്തിലൊരുക്കുകയും ചെയ്യും. കളി നയിക്കുന്നത് ഇവരായിരിക്കും. ഇവരെ പണിക്കർ എന്ന ആദരനാമത്തിലാണ് വിളിച്ചുവരുന്നത്. സംസ്കൃതഭാഷ, സാഹിത്യം, ശാസ്ത്രം, പുരാണാദികൾ, മലയാളഭാഷാവിജ്ഞാനം എന്നിവയിലെല്ലാം പാണ്ഡിത്യമുള്ള ആളായിരിക്കും പണിക്കർ.

> മറുത്തുകളി ആസൂത്രിതമായ രൂപത്തിലേക്ക് കടന്നപ്പോൾ, പാണ്ഡിത്യസദസ്സിന്റെ മാനം അതിന്നു കൈവന്നു. ചിട്ടപ്പെടുത്തലുകൾ കളിരൂപത്തിനു വന്നു

അടുത്തകാലത്തായി പൂരക്കളി കാവുകൾക്ക് പുറത്ത് പൊതുവേദിയിലും അവതരിപ്പിച്ചുവരാൻ തുടങ്ങിയിട്ടുണ്ട്. സ്കൂൾ യുവജനോത്സവങ്ങളിലും മറ്റും പൂരക്കളി ഒരിനമായിട്ടുണ്ട്. മറുത്തുകളിയെയും ഇതുപോലെ പുറംവേദികളിൽ എത്തിച്ചുകഴിഞ്ഞിരിക്കുന്നു. കാവുകളിൽ കാണുന്നതുപോലുള്ള മുഴുവൻ പ്രകരണങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കളികളല്ല, പുറംവേദികളിലെ മറുത്തുകളി. രണ്ടുപണിക്കന്മാർ കച്ചകെട്ടി ഇഷ്ടമുള്ളസംസ്കൃതശ്ലോകംചൊല്ലിവ്യാഖ്യാനിച്ചു സംവാദം നടത്തുന്ന പതിവാണവിടെ. കേരളത്തിനകത്തും പുറത്തും, എന്തിനേറെ വിദേശരാജ്യങ്ങളിൽ പോലും പൂരക്കളിയും മറുത്തുകളിയും അവതരിപ്പിക്കപ്പെട്ടുകഴിഞ്ഞു. ■

എ.വി.അജയകുമാർ
സെക്രട്ടറി, കേരള ഫോക്ക്‌ലോർ അക്കാദമി





അനുഷ്ഠാന രൂപത്തിനപ്പുറം കലാരൂപമായാണ് ചിമ്മാനക്കളി ഇപ്പോൾ അവതരിപ്പിക്കുന്നത്. ഇത് ഒരു നാടോടി നാടകമാണ്.

# ചിമ്മാനക്കളി ഒരു ജനതയുടെ ആദിമജീവിതചിത്രം

ഹരി നമ്മോ നമ്മോ നമ്മോ നാരായണ ദൈവോമേ
ഓ ഹരിനാദാരി കോട്ടയിലെ അരിവകൾ ഉണ്ടിവിടെ
ദാ ഗുരുനാദാരി കോട്ടയിലെ ഗുരുക്കന്മാരുണ്ടിവിടെ
ഏവരേയും വന്ദിച്ചു... - പാടട്ടെ ഈ കഥ ഞാൻ
ആര്യനാട്ടിലെ കനകാതിരി മണ്ഡപത്ത്...
അവിടെ പൊടിച്ചെയിട്ട കനകാതിരി ചോതികൾ...

വടക്കേ മലബാറിലെ പുലയ സമുദായം പാടി ആചരിച്ചിരുന്ന കെന്ത്രോൺ പാട്ടിലെ ഒരു ഭാഗമാണ് ഇത്. കനൽകളംപാട്ട് എന്ന പേരിൽ പാടുകയും 'ചോതിയും പിടയും' ആണ് പാടുന്നത് എന്ന് ബോധ്യപ്പെടുത്തുകയും ചെയ്യും. ഉത്തരകേരളത്തിലെ തൊട്ടുകൂടാത്ത ജാതി സമൂഹമായിരുന്നു പുലയൻ. പുലയന്റെ കപ്പൽ കയറിയുള്ള വരവും അവൻ ഏകാതിരി തമ്പുരാന്റെ അടിമയായതുമൊക്കെ ഈ കളിയിൽ പ്രതിപാദിക്കുന്നുണ്ട്.



ഫോട്ടോ: സുനിൽ അമ്മാടം



അവിടെ പൊടിച്ചെയിട്ട കനകാതിരി
ചോതികള്
പറയുന്നണ്ടന്നേരം കനകാതിരി
ചോതികളും
എങ്ങനെ പോകണം മലനാട്ടിൽ നമ്മളും
എങ്ങനെ കാണമാ മലനാട് നമ്മളും
അങ്ങിനെ പറഞ്ഞവരു നിൽക്കുന്ന
നേരത്ത്
ആരിയ കപ്പൽ വരുന്ന വരവ് കണ്ടു.

ഈ കാഴ്ച കണ്ട കനകാതിരി ചോതികള് കപ്പൽ വരുന്ന വരവും അതിൽ ഞങ്ങൾ കയറണമെന്നും അറിയിക്കുന്നുണ്ട്. ആരൊക്കയാണ് കപ്പലിലുള്ളത് എന്ന സന്ദേഹവും പങ്ക് വയ്ക്കുന്നുണ്ട്. ആയിരം ശൂദ്രക്കുട്ടികൾ കപ്പലിലുണ്ട് എന്ന് വിശദീകരിക്കുന്നുണ്ട്. പിന്നെ ആയിരം കൊങ്ങിണി പട്ടന്മാരും ഏഴില്ലത്ത് അമ്മമാരും അവരുടെ തെളിഞ്ഞ കൈ വിളക്കുകളും കന്നത്ത് വാരിയരും പൂക്കോട്ടയും, പള്ളിച്ചേകോന്മാരും ഇതിനൊക്കെപുറമേ ഏഴ് അമ്മമാരും (ദൈവങ്ങളും) ഈ കപ്പലിലുണ്ട്. വെറ്റില കെട്ടുന്ന കോലാച്ചിയോളും കപ്പലിലുണ്ട്. ആ കപ്പലിൽ എങ്ങിനെ കേറുമെന്ന ആധി വഹിക്കുന്നതും അവസാനം കപ്പലിന്റെ പള്ളപ്പലകയിൽ യാത്ര ചെയ്തതായും പാട്ടിന്റെ ആദ്യ ഭാഗം പാടി കൊട്ടിവെക്കും. അമ്മയുടെ അനുവാദത്തിന് വിളിച്ച് ചോദിക്കുകയും അമ്മ അന്നപൂർണ്ണേശ്വരി അനുവാദം നൽകുകയും കപ്പൽ കരയോട് അടുപ്പിക്കുകയും ചെയ്തു.

## മലനാട്ടിലെത്തിയ സമൂഹം


മരക്കലത്തമ്മമാരുടെ വടക്കേ ഇന്ത്യയിൽ നിന്നും തെക്കേക്കരയിലേക്കുള്ള യാത്ര മാതാന്നപൂർണ്ണേശ്വരിയുടെ വരവിൽ പറയുന്നുണ്ട്. പുലയരും അവരുടെ കൂടെയാണ് മലനാട്ടിലെത്തിയതെന്ന് ചിമ്മാനക്കളി സൂചിപ്പിക്കുന്നുണ്ട്. ആര്യർനാട്ടിൽ നിന്നും പുറപ്പെട്ട ആയിരക്കരയിലെ ഏഴുദേവിമാരിൽ അന്നപൂർണ്ണേശ്വരി ചെറുകുന്ന് മുക്കാൽവട്ടമാണ് തട്ടകമായി തെരഞ്ഞെടുത്തത്. കൂടെ വന്ന ചോതികളും മാവിലരും കാട്ടിൽ ചെന്ന് താമസിച്ചു. തോണി കരക്കടുക്കുന്നതും ആളുകൾ നീന്തിക്കയറുന്നതും വസ്തുങ്ങൾ നഷ്ടപ്പെട്ട് പച്ചിലകൊണ്ട് നാണം മറക്കുന്നതുമൊക്കെ അഭിനയിച്ച് കാണിക്കുന്നുണ്ട്. ഏകാതിരി തമ്പുരാനോട് അനുവാദം വാങ്ങി പുനം കൃഷി ആരംഭിച്ചു. ചോതിയാൻ അമ്പുവാനാണ് തമ്പുരാനോട് അനുവാദം വാങ്ങുന്നത്. കൊയ്തെടുത്ത നെല്ലിന് കാവലായി മാവിലൻ കണ്ണനെയാണ് നിയോഗിച്ചത്. കൊയ്ത്തു കഴിഞ്ഞ് കണ്ണനെ കളപ്പൊരയിൽ കാവൽ നിർത്തി ചോതികൾ നാട്ടിൽ കള്ളുകുടിച്ചും മുക്കുവരുമായി ബന്ധംവെച്ച് മീൻവിറ്റും ഒക്കെ നടന്നു. ഇതേ സമയം കൊപ്പരയും ചക്കരയും വിറ്റ് നടന്ന മമ്മിമാപ്പിള മാവിലൻ കണ്ണന്റെ വീട്ടിലെത്തുന്നു. ഭർത്താവ് കാവൽ പോയെന്നും പിന്നീട് വരൂ എന്നും പറഞ്ഞ് കുംഭ മടക്കി അയക്കുന്നു. പക്ഷെ മമ്മിമാപ്പിള ആവർത്തിച്ച് മാവിലത്തി കുംഭയെ സമീപിക്കുകയും ചക്കരയും കൊപ്പരക്കഷണങ്ങളും നൽകി വശപ്പെടുത്തുകയും ചെയ്തു. ചാളക്കകത്ത് കയറ്റുകട്ടിലിൽ കിടന്ന അവരെക്കുറിച്ച് കണ്ണന് സ്വപ്നദർശനം നൽകി കാരണവന്മാർ. ക്ഷുഭിതനായ കണ്ണൻ പുനം വയക്കുന്ന കത്തിയുമായി പുരക്കടുത്തെത്തുകയും തഴക് മന്ത്രം ചൊല്ലി വാതിൽ തുറക്കുകയും ഉറക്കമന്ത്രം ചൊല്ലി അവരെ ഉറക്കി കിടത്തുകയും ചെയ്തു. കട്ടിലിൽ കെട്ടിപിടിച്ച് കിടക്കുന്ന മമ്മിയെയും കുംഭയെയും കൊത്തിക്കൊന്ന് പുരക്ക് തീകൊടുത്ത് കളപ്പുരയിലേക്ക് മടങ്ങിയെങ്കിലും മരിച്ച രണ്ട് പേരും ദുർമൂർത്തികളായി കണ്ണനെ പിന്തുടർന്നു എന്നുമാണ് വിശ്വാസം. മന്നത്ത് നിന്ന് കള്ളുകുടിച്ച് പരസ്പരം തല്ലിയും കൊത്തികൊലപ്പെടുത്തിയും മരിച്ചവർ കൊലമൂർത്തികളായും മാറി. ഇവരെല്ലാം ഗർഭിണികളെ ബാധിക്കാൻ തുടങ്ങിയപ്പോൾ കോലം കെട്ടി ബലിയർപ്പിച്ച് ഒഴിപ്പിക്കുന്നതിന് പുലയൻഗുരുക്കൾ തീരുമാനിച്ചു. കനൽകളംപാട്ട് അഥവാ കെന്ത്രോൺപാട്ട് നടക്കുമ്പോഴാണ് നേരമ്പോക്ക് അഥവാ സല്ലാപം എന്ന് നാടോടി അർഥം ഉൾക്കൊള്ളുന്ന ചിമ്മാനം എന്ന വാക്കും തുടർന്ന് കലാരൂപമായത്. ഒരു ജനതയുടെ ആദിമജീവിത ചിത്രം കാലികമായി ബോധ്യപ്പെടുത്തുന്നതിന് പുലയജനത ഇപ്പോഴും ശ്രമിക്കുന്നുണ്ട്. കണ്ണൂർ ജില്ലയിലെ മാട്ടൂൽ നോർത്തിൽ താമസിച്ചിരുന്ന കാനൻ പൂജാരിയും മകൻ കുമാരനുമാണ് ഇന്ന് നാം കാണുന്ന രീതിയിൽ ചിമ്മാനക്കളിയെ പ്രശസ്തമാക്കിയത്. അനുഷ്ഠാന രൂപങ്ങൾക്കപ്പുറം കലാരൂപമായാണ് ഇപ്പോൾ അവതരിപ്പിക്കുന്നത്. ഇത് ഒരു നാടോടി നാടകമാണ്. ■






കേരളവുമായി അടുത്ത ബന്ധം പുലർത്തുന്ന ബ്രിട്ടീഷ് എഴുത്തുകാരി പെപിത സേത്തിന്റെ തെയ്യം അടിസ്ഥാനമാക്കിയ പുസ്തകമാണ് 'ഗോഡ്സ് മിറർ: ദി തെയ്യംസ് ഓഫ് മലബാർ'

# കലയുടെ കണ്ണാടി



2000 വർഷങ്ങളുടെ ചരിത്രമുണ്ടെന്ന് കരുതപ്പെടുന്ന തെയ്യങ്ങളെ കുറിച്ചുള്ള അസാമാന്യമായ അറിവും മിഴിവുള്ള ചിത്രങ്ങളും കൊണ്ട് സമ്പന്നമാണ് ഈ പുസ്തകം. 1984ലാണ് പെപിത ആദ്യമായി തെയ്യം കാണുന്നത്. ആദ്യമായി കേരളത്തിൽ എത്തിയതു മുതൽ തന്റെ ക്യാമറയും കുറിപ്പുപുസ്തകവും ഈ അനുഷ്ഠാനകലയെക്കുറിച്ച് അറിയാനുള്ള അദമ്യമായ ആഗ്രഹവുമായി 20 വർഷത്തോളം തെയ്യം കലാകാരന്മാർക്കൊപ്പം സമയം ചെലവിട്ടും തെയ്യപ്പറമ്പുകളിൽ അലഞ്ഞും പഠിച്ചെടുത്ത അറിവുകളാണ് ഇവയിലുള്ളത്.

ദക്ഷിണേന്ത്യയിലെ പുരാതനമായ ഒരു അനുഷ്ഠാനകലയുടെ അസാധാരണമായ ചിത്രവാങ്മയങ്ങളായി അവ മാറുന്നു ഇന്ത്യയിലെ ഏറ്റവും സമ്പന്നമായ ഒരു സംസ്കാരത്തിലേക്ക് സഞ്ചരിച്ച് വാക്കുകളിലൂടെയും ചിത്രങ്ങളിലൂടെയും അദ്ഭുതപൂർവമായ ഉൾക്കാഴ്ചകൾ പകരുന്നു ഗോഡ്സ് മിറർ.

'തെയ്യം' എന്ന വാക്ക് ദൈവത്തിന്റെ മറുവാക്കാണ്. അഥവാ തെയ്യം കെട്ടിയാടുന്നത് ദൈവമായി താത്കാലികമായി പരിണമിക്കലാണ്. തെയ്യം അനുഷ്ഠിക്കുന്നവർ ഭക്തരെ കാണുമ്പോഴുള്ള സന്തോഷം പ്രകടിപ്പിക്കുന്നത് പ്രത്യേക ആചാരങ്ങളിലൂടെയും നൃത്തത്തിലൂടെയും ഒക്കെയാണ്.

അനുഗ്രഹിച്ചും സുഖപ്പെടുത്തിയും ഭൂതദോഷങ്ങളെ പുറത്താക്കിയും തെയ്യങ്ങൾ നിലകൊള്ളുന്നു. ചോദ്യങ്ങൾക്ക് ഉത്തരം നൽകിയും അങ്ങനെ മനുഷ്യനും ദൈവത്തിനും ഇടയിലൊരു പാലമായി ഭവിക്കുന്നു. ഈ ബന്ധം വാക്കും ചിത്രങ്ങളും കൊണ്ട് പകർത്തിവെക്കുകയായിരുന്നു പെപിത. തെയ്യം അഭ്യാസികളുമായുള്ള പതിറ്റാണ്ടുകൾ നീണ്ട ബന്ധം അവർക്കതിന് സഹായകമായി. ആ വാക്കുകളിലും ചിത്രങ്ങളിലും അവർ തിരഞ്ഞെടുത്ത വിഷയത്തോടുള്ള പ്രതിബദ്ധത തെളിഞ്ഞു കാണാം. രാജ്യം 2012 ൽ പദ്മശ്രീ നൽകി പെപിതയെ ആദരിച്ചു. കേരളത്തിലെ അനുഷ്ഠാനകലകളെ ലോകത്തിന് പരിചയപ്പെടുത്തുന്നതിൽ പെപിത സേത്തിന്റെ സംഭാവന അതുല്യമാണ്. ■


എഴുത്തും ചിത്രങ്ങളും
പ്രസൂൺ കിരൺ



ഉത്തരമലബാറിന്റെ തെയ്യം ഭൂമികയിലൂടെ ഒരു ദൃശ്യയാത്ര

# വടക്കിന്റെ ദൈവകണങ്ങൾ

വടക്കൻ ജില്ലകളിലെ സാമൂഹിക ജീവിതത്തിൽ വേർതിരിക്കാനാവാത്ത വിധം ഇഴചേർന്നുകിടക്കുന്ന ഒരനുഷ്ഠാനമാണ് തെയ്യം. പ്രകൃത്യാരാധനയുടെ തുടർച്ചയായി രൂപപ്പെട്ട തെയ്യക്കാവുകൾ വിശ്വാസങ്ങളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും പ്രകൃതി സംരക്ഷണം പ്രാവർത്തികമാക്കുകയും ജാതിമതാതീതമായ സാമൂഹികസങ്കലനം സാധ്യമാക്കുന്ന സാംസ്കാരികകേന്ദ്രങ്ങളായി പരിണമിക്കുകയും ചെയ്തു. അമ്മദൈവസങ്കല്പങ്ങളിലൂടെയും, വീരാരാധനയിലൂടെയും സാധാരണ മനുഷ്യരുടെ ആത്മീയാവശ്യങ്ങളെ ഇത്രയധികം സ്വാധീനശക്തിയോടെ നിറവേറ്റുന്ന മറ്റ് അനുഷ്ഠാനരൂപങ്ങളില്ല. പ്രാചീനകാലങ്ങളിൽ വൃക്ഷങ്ങളെ ആരൂഢമായി കണ്ട് കൊയ്ത്തരിവാൾ വച്ച് മഞ്ഞൾക്കുറിയിട്ട് വിശ്വാസസങ്കേതങ്ങളാക്കി ആരാധിച്ചു തുടങ്ങിയതിന്റെ തുടർച്ചയാണ് ഇന്ന് പല രൂപങ്ങളിലായി പരിവർത്തിക്കപ്പെട്ട തെയ്യക്കാവുകൾ. മനുഷ്യൻ ദൈവമാകുന്ന ഈ അസാധാരണ അനുഷ്ഠാനം അസ്പർശ്യത നിലനിന്നിരുന്ന കാലത്തോടുള്ള പ്രത്യക്ഷ പ്രതിഷേധമായാണ് രൂപപ്പെട്ടതും ഇന്നും  വ്യാപരിക്കുന്നതും. വിഭിന്നങ്ങളായ രൂപങ്ങളിലും വ്യത്യസ്തമായ ഭൂമികകളിലും പലതായി നിൽക്കുമ്പോഴും, കീഴാള മനുഷ്യന്റെ ആത്മബോധത്തിന്റെയും ആത്മജ്ഞാനത്തിന്റെയും ആകെത്തുകയായ തെയ്യം ഏത് കാലത്തോടും ഏത് ഭാഷയോടും സംവദിക്കാവുന്നത്ര കരുത്തുള്ള രൂപകമാണ്.



അനുഷ്ഠാനങ്ങളിലും വിശ്വാസ വൈവിധ്യങ്ങളിലും ഓരോ തെയ്യങ്ങൾക്കും അവ നിലനിൽക്കുന്ന പരിസരങ്ങൾക്കനുസരിച്ചുള്ള രൂപവർണ്ണങ്ങളാണെന്ന് കാണാം. ഒരു മുഖപ്പാളിമാത്രമണിഞ്ഞുവരുന്നവ മുതൽ ഏറ്റവും വലിയ മുടിയേൽക്കുന്ന കളരിയാൽ ഭഗവതി വരെ തെയ്യങ്ങൾക്കിടയിൽ കാണാം. കൂടാളി മുച്ചിലോട്ട് കാവിലെ മുച്ചിലോട്ട് ഭഗവതി.

കാസർഗോഡ് കർണാടക അതിർത്തിയിൽ പാണപ്പുഴയോടടുത്ത് സ്ഥിതിചെയ്യുന്ന തുളുർവനത്തിൽ കെട്ടിയാടുന്ന മുന്നായീശ്വരൻ തെയ്യം. ഇരു വൃക്ഷങ്ങളുടെയും സങ്കടങ്ങൾക്ക് കാതോർക്കുന്ന തെയ്യം മനുഷ്യനും പ്രകൃതിയും ഒന്നാകുന്ന അസാധാരണമായ കാവ് സങ്കൽപ്പങ്ങളുടെ നേർപ്രതീകമാണ്.





തുലാം ഒന്നിന്, കാസർഗോഡ് ചീമേനി തിമിരിവയലിൽ വലിയവളപ്പിൽ ചാമുണ്ഡിതെയ്യം വിത്തെറിയുന്നതോടെയാണ് ഈ ദേശങ്ങളിൽ ഒരു കൃഷിക്കാലത്തിന് തുടക്കമാവുന്നത്. കാർഷിക വ്യവസ്ഥയും തെയ്യവും തമ്മിലുള്ള അഭേദ്യമായ ജനിതകബന്ധത്തെ അതേപടി ഇവിടെ അനുഭവിക്കാനാകും. കൃഷിയും അനുഷ്ഠാനവും ഒന്നിച്ച് ചേർത്തുകൊണ്ട് ജീവനം സാധ്യമാക്കിയ ജനതയാണ് ഇവിടെയും അതിന്റെ തുടർച്ചയുടെ അവകാശികളാവുന്നത്.



ബാലി തെയ്യം




ഏറ്റവും ആദിമമായ വനസംരക്ഷണ മാതൃകകളാണ് തെയ്യക്കാവുകൾ. ഗ്രാമങ്ങളുടെ ശ്വാസകോശങ്ങളായി വിശേഷിപ്പിക്കപ്പെടുന്ന വിശുദ്ധ സങ്കേതങ്ങളായി അവയെ കരുതുകയും, സകലജീവജാലങ്ങളും സമമെന്ന ദർശനം ഏറ്റവും സാധാരണഭാഷയിൽ സമൂഹത്തിൽ പ്രചരിപ്പിക്കുകയും ചെയ്തു. ഏറ്റവും വലിയ തീരദേശക്കാവായ കാസർഗോഡ് ഇടയിലക്കാട് നിന്നുള്ള ദൃശ്യം.



പാലോട്ട് ദൈവത്താർ ഈശ്വരന്റെ മുഖത്തെഴുത്ത്.

പൂർണമായും ദൈവവിശ്വാസങ്ങളുടെ ഭാഗമായി ഉരുവപ്പെട്ട തെയ്യരൂപങ്ങളിൽ നിന്നും അതിലെ കലയെ വേർതിരിക്കുന്നത് ആധുനികകാലത്താണ്. തെയ്യരൂപങ്ങൾ പ്രാചീനകാലങ്ങളിൽ ചിട്ടപ്പെട്ടത് കലാപരമായ ആവശ്യങ്ങളുടെ ഭാഗമായിരുന്നിട്ടില്ല. പിന്നീടാണ് പല കാലങ്ങളിലായി അത്തരം കൂട്ടിച്ചേർക്കലുകൾ ഉണ്ടായിട്ടുള്ളത്. സംഗീതം, നൃത്തം, വാദ്യം, ചിത്രകല, ആയോധനകല, തുടങ്ങി സകലകലകളുടെയും സമ്മേളനമായ തെയ്യരൂപങ്ങളിൽ ഏറ്റവും സൂക്ഷ്മമായ ആർട്ട് എന്ന് വിശേഷിപ്പിക്കപ്പെടുന്നത് മുഖത്തെഴുത്തിനെയാണ്. ഏതാനും തെയ്യങ്ങളിലെ സാമ്യതകൾ ഒഴിച്ചു നിർത്തിയാൽ എല്ലാ തെയ്യങ്ങൾക്കും മുഖത്തെഴുത്ത് വ്യത്യസ്തമായിരിക്കും. പുള്ളും പ്രാവും മീനും നരിയും നാഗങ്ങളും തെയ്യങ്ങളുടെ മുഖത്ത് അടയാളപ്പെടുന്നതോടെ പ്രകൃതിയെത്തന്നെ സ്വയം വഹിക്കുന്ന ദൈവിക സങ്കല്പമായി തെയ്യം മാറും. പ്രകൃതിയുടെ പാരസ്പര്യത്തെ വിശ്വാസങ്ങളോടൊപ്പം ഇത്രയധികം ഉൾച്ചേർക്കുന്ന അനുഷ്ഠാന രൂപങ്ങൾ ലോകത്ത് തന്നെ സമാനമായി വേറെയില്ല.





വടക്കിന്റെ തെയ്യാനുഭവങ്ങളിൽ ഏറ്റവും വിലപ്പെട്ട കാഴ്ചകളിൽ ഒന്നാണ് കാവിൻ മുറ്റത്ത് നിസ്കരിക്കുന്ന തെയ്യം. ലോകം തന്നെ പിളർത്തുന്ന മതവെറിയെ കാസർഗോഡുള്ള ഗ്രാമങ്ങൾ തെയ്യങ്ങളെ മുൻനിർത്തിക്കൊണ്ട് നിഷേധിക്കുന്നതിന്റെ കാഴ്ചകളിലൊന്നാണ് കാവ് മുറ്റത്ത് നിസ്കരിക്കുന്ന തെയ്യം. തെയ്യക്കാവുകൾ ജാതമതവർണ്ണഭേദങ്ങൾക്കപ്പുറം മനുഷ്യപക്ഷത്ത് നിലനിന്നുകൊണ്ട് സ്വയം പ്രതിരോധമാകുന്ന കാഴ്ചയാണത്. രേഖീയമായ ലിഖിതപ്രമാണങ്ങളുടെ കാർക്കശ്യമോ അസ്പർശ്യതയോ തെയ്യങ്ങളിൽ നമുക്ക് കാണാനാകില്ല. പ്രാക്തനകാലം തൊട്ടുള്ള ആചാര അനുഷ്ഠാന രീതികൾ ഇന്നും തുടർന്നുപോരുന്ന കാസർഗോഡൻ ഗ്രാമങ്ങളിൽ ഒന്നായ മാലോത്താണ് മുക്രിപ്പോക്കർ എന്ന മുസ്ലിം തെയ്യം കെട്ടിയാടുന്നതും ഭക്തരെ അനുഗ്രഹിക്കുന്നതും.



തെയ്യക്കാലത്ത് മാത്രം ഒരു വൃക്ഷത്തിന്റെ കീഴിൽ പതികെട്ടി തെയ്യമിറങ്ങുന്ന പ്രാക്തനസമ്പ്രദായം ഇന്ന് അപൂർവ കാഴ്ചയാണ്. വർഷത്തിൽ ഒന്നോ രണ്ടോ ദിവസങ്ങളിൽ മാത്രം തെയ്യം നടക്കുന്ന കാവുകളിൽ അതിന്റെ ആശയത്തിന് വിരുദ്ധമായ രീതിയിൽ കോടികൾ മുടക്കിയുള്ള വലിയ കെട്ടിടങ്ങൾ ഉണ്ടാകുന്ന മാറിയ കാലത്ത് പ്രത്യേകിച്ചും. പ്രാചീന കാലങ്ങളിൽ എങ്ങനെയെല്ലാമാണ് തെയ്യസ്ഥാനങ്ങൾ ഉരുവപ്പെട്ടിരിക്കുകയെന്നതിനെ കാണിച്ചു നൽകുന്ന കാഴ്ച കാസർഗോഡ് നിന്നും.



കതിവനൂർ വീരൻ തെയ്യം



കണ്ണൂർ മാങ്ങാട്ട് പറമ്പിലുള്ള നീലിയാർ കോട്ടം പച്ചനിറഞ്ഞ വടക്കിന്റെ തെയ്യസ്ഥാനങ്ങളിൽ സുപ്രധാന ഒന്നാണ്. പശുവും പുലിയും ഒന്നിച്ച് വാഴുന്ന പച്ചിലക്കാട്ടിൽ അച്ചിയെന്നാണ് നീലിയാർ ഭഗവതി സ്വയം വിശേഷിപ്പിക്കുക. സമ്പ്രദായിക കാവ് നിർമ്മിതികളിൽ നിന്ന് വിഭിന്നമായി പ്രത്യേകമായ കെട്ടിടങ്ങൾ ഇല്ലാതെ 16 ഏക്കറിലധികം വരുന്ന വിസ്തൃതമായ ഭൂമികയാണ് തെയ്യത്തിന്റെ ആരൂഢം. ഈ വിസ്തൃതമായ കാടാണ് തനിക്ക് വേണ്ടതെന്നും, കെട്ടിടങ്ങളോ വലിയ നിർമ്മിതികളോ തനിക്ക് ആവശ്യമില്ലെന്നും തെയ്യം തന്റെ മൊഴികളിൽ ഒരോതവണയും രേഖപ്പെടുത്തും. അസാധാരണമായ ജൈവവൈവിധ്യം കാണാവുന്ന ഈ കാവ് വനത്തിൽ മലമ്പുള്ള് മുതൽ ഫോക്സ് ടെയിൽ ഓർക്കിഡിനെ വരെ കാണാം.



തീക്കൂനമേൽ ശയിക്കുന്ന പൊട്ടൻ തെയ്യം എന്റെ മാടായി നഗരേ എന്ന് വിളിച്ചാണ് മുസ്ലിം മതവിശ്വാസികളെ തന്റെ അടുക്കലേക്ക് ക്ഷണിക്കുന്നത്. പഴയ കാലങ്ങളിൽ തെയ്യപ്പറമ്പുകളിൽ ധാരാളമായി മുസ്ലിം മതവിശ്വാസികൾ എത്തിച്ചേരുന്നതിനാൽ അക്കാലങ്ങളിൽ തെയ്യത്തിന്റെ വിളികളിലേക്ക് ചെല്ലാൻ മനുഷ്യരുണ്ടായിരുന്നു. തെയ്യത്തിന്റെ മതേതര ഭാഷ്യങ്ങൾക്ക് മേൽ സാമൂഹിക കൂട്ടായ്മയുടെ പശ്ചാത്തലം കൂടി ഉയർന്നുവരുമായിരുന്നു. സർവ്വജ്ഞപീഠം കയറാനൊരുങ്ങുന്ന ശങ്കരാചാര്യരെ മുട്ടുകുത്തിച്ച അലങ്കാരനെന്ന പുലയനാണ് പൊട്ടൻ തെയ്യമായി കെട്ടിയാടപ്പെടുന്നത്. ജാതിഭ്രാന്ത് കൊടികുത്തി വാണിരുന്ന കാലത്ത് പൊള്ളിക്കുന്ന ചോദ്യശരങ്ങളെയ്ത അലങ്കാരപ്പുലയൻ പുതിയ കാലത്തും തീക്കൂനമേൽ കിടന്ന് സമൂഹത്തിന് നേർക്ക് ചോദ്യങ്ങളെരിയുമ്പോൾ യഥാർഥത്തിൽ പൊട്ടനാരെന്ന ചോദ്യം ബാക്കിയാകും.

കരിഞ്ചാമുണ്ടി തെയ്യം,
കാസർഗോഡ്







അങ്കക്കാരൻ തെയ്യവും ബപ്പൂരാനും ചേർന്ന് ആചാരപ്രകാരമുള്ള സന്ദർശനങ്ങൾക്കായി ഗ്രാമീണവഴികളിലൂടെ സഞ്ചരിക്കുന്നു. കണ്ണൂർ ചിമ്മിണിയൻ കാവിൽനിന്നുള്ള ദൃശ്യം.

ഉത്തരമലബാറിലെ കളിയാട്ടങ്ങൾക്ക് സമാപനമായി കണ്ണൂർ വളപട്ടണം കളരിവാതുക്കൽ നടക്കുന്ന കലാശോത്സവത്തിൽ നിന്നുള്ള ദൃശ്യം.





**വരേണ്യവർഗത്തിന്റെ വേഷപകിട്ടുകൾ ദേശത്തിന്റെ കലകളായി പരിണമിച്ചപ്പോൾ കെട്ടുകാഴ്ച്ചകളും ചമയങ്ങളുമില്ലാതെ ആദിവാസികളുടെ തനതുകലകൾ ഇവരുടെ കുടിലിന് ചുറ്റും മാത്രം ഒതുങ്ങി നിൽക്കുകയായിരുന്നു**

# താളം ഗോത്രതാളം



പുകമണക്കുന്ന കൂരയിൽ പ്രകൃതിയോട് ഇണങ്ങിയ ജീവിതം മാത്രമായിരുന്നില്ല ആദിവാസികൾക്ക് സ്വന്തമായി ഉണ്ടായിരുന്നത്. മഹത്തായ പൈതൃകമുള്ള സംസ്കാരത്തിന് പുറമെ ഒട്ടനവധി ഗോത്രകലകളും ഇവരുടെ ജിവിതത്തിന് ചാരുത പകർന്നു. വരേണ്യവർഗത്തിന്റെ വേഷപകിട്ടുകൾ ദേശത്തിന്റെ കലകളായി പരിണമിച്ചപ്പോൾ കെട്ടുകാഴ്ചകളും ചമയങ്ങളുമില്ലാതെ ആദിവാസികളുടെ തനതുകലകൾ ഇവരുടെ കുടിലിന് ചുറ്റും മാത്രം ഒതുങ്ങി നിൽക്കുകയായിരുന്നു. മേളപകർച്ചയിൽ താളം മുറുകുമ്പോൾ പരിഭവങ്ങളും പരാതികളുമില്ലാതെ ഇവയൊക്കെ അവരുടെ കുടിലുകൾക്ക് ചുറ്റും മാത്രം അക്കാലത്ത് നിറഞ്ഞാടി. കാലം മാറി. ഗോത്രകലകളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി സംസ്ഥാനത്ത് ആദ്യമായി സ്കൂൾ കലോത്സവവേദികളിൽ ഇടം നൽകി. മറ്റ് കലകളുടെ മത്സര വേദികൾക്കൊപ്പം ഗോത്രകലകളും മത്സര ഇനങ്ങളായി മാറി. മലവേട്ടുവരുടെ മംഗലംകളി, പണിയരുടെ കമ്പളക്കളി, വട്ടക്കളി, ഇരുള നൃത്തം, പളിയ നൃത്തം, മലപ്പുലയരുടെ ആട്ടം എന്നിവ ഉൾപ്പെടുത്തിയാണ് സ്കൂൾ കലോത്സവം പരിഷ്കരിച്ചത്. ഈ കലകളിലൂടെ ഒരു അന്വേഷണം..

## ചിലങ്ക കെട്ടിയ കൂളിദൈവങ്ങൾ

തുടിതാളവും ചീനിക്കുഴൽ വിളിയും താളത്തി



ടെ കുളിദൈവങ്ങൾ ഇറങ്ങുകയായി. മുളങ്കുഴലും ചിരട്ടയും ചീനിയായപ്പോൾ ഇത് കാലത്തിന്റെ കുഴലൂത്തായി. ശ്വാസനിശ്വാസങ്ങളുടെ ഏറ്റക്കുറച്ചിലുകൾക്കിടയിൽ ഈ സുഷിരവാദ്യം വയനാടിന്റെ തനത് സംഗീതമായി.

തുടിയും ചീനിവാദ്യവും ഇടകലരുമ്പോൾ പണിയ സ്ത്രീകൾ വട്ടക്കളി തുടങ്ങി.ഒരറ്റം ഒരു തോളിലേക്ക് ചെരിച്ചുകെട്ടി മുട്ടോളമെത്തുന്ന വെളുത്ത മുണ്ടുടുത്ത് അരിയിലൊരു ചുവപ്പ് കച്ചയുമായി പണിയ സ്ത്രീകൾ നൃത്തമാടുന്നു. കൈകൾ പൊക്കി ആകാശത്തെ വലയം ചെയ്ത് താഴെ ഭൂമിയെ വലയം ചെയ്ത് വട്ടത്തിൽ ആടുന്നതാണ് വട്ടക്കളി. കുടിലിനുള്ളിൽ ഒതുങ്ങിക്കഴിയുന്ന പണിയസ്ത്രീകൾ പോലും തുടിയും ചീനിവിളിയും കേട്ടാൽ ജനമധ്യത്തിലേക്ക് യാതൊരു സങ്കോചവും കൂടാതെ ചുവടുവെച്ചിറങ്ങുന്നതാണ് ഈ അനുഷ്ഠാനത്തിന്റെ ഇഴയടുപ്പം.ഇവർക്കിടയിലും തെരണ്ടുകല്ല്യാണത്തിന് പ്രഥമസ്ഥാനമുണ്ട്. പച്ചമഞ്ഞൾ അരച്ചു ചേർത്ത ഭക്ഷണം കഴിച്ച് കുടിലിന് പുറത്തിറങ്ങാതെ തെരണ്ടുകല്യാണം നടക്കുന്നതുവരെയും ഋതുമതിയായ പെൺകുട്ടി കഴിയണം. ഏഴുദിവസത്തിനുശേഷം കാട്ടുമഞ്ഞൾ തേച്ച് കുട്ടിയെ ബന്ധുക്കളായ സ്ത്രീകൾ കുളിപ്പിക്കും. പച്ചമഞ്ഞൾ വെള്ളം കുടിപ്പിച്ച് നിറഞ്ഞ കല്യാണ

പ്രവേശിക്കുന്നു. ഇതിനിടയിൽ വീട്ടുമുറ്റത്തും ധാരാളം ചടങ്ങുകൾ നടക്കുന്നു. ഇതിനെല്ലാം മുതിർന്ന കാരണവന്മാർ തന്നെയാണ് നേതൃത്വം നൽകുക.

കേരളത്തിലെ ഏറ്റവും വലിയ ആദിവാസി വിഭാഗമായ പണിയ സുമുദായങ്ങളും ആചാരഅനുഷ്ഠാനങ്ങളെ കാലങ്ങളോളം കൂടെ കൊണ്ടുനടന്നവരാണ്.ദൈവമായ കുളിയെ സ്വന്തം ശരീരത്തിലേക്ക് ആവാഹിച്ച് ഉറഞ്ഞുതുള്ളുന്ന തലമുതിർന്ന ഗോത്ര കോമരങ്ങളെയാണ് ഇവർക്കിടയിൽ കാണാനാവുക.കുടുംബത്തിൽ ആരെങ്കിലും മരിച്ചാൽ ഏഴ ദിവസത്തോളം നീണ്ടുനിൽക്കുന്ന ചടങ്ങുകളാണ് ഇവർക്കിടയിൽ നടന്നിരുന്നത്. രാത്രിയും പകലുമായി കുടുംബാംഗങ്ങൾ എല്ലാവരും ഒത്തുചേർന്ന് നടത്തിയിരുന്ന അനുഷ്ഠാനം. കുടിയൊഴിഞ്ഞുപോയ കലാരൂപത്തെ ബാക്കിയാക്കി, മാറിയ കാലത്തിന്റെ കാഴ്ചക്കാരായി മാറുകയാണ് ഇന്ന് ഇവിടെയും ഈ സമൂഹം.

തുടിതാളവും ചീനിക്കുഴൽ വിളിയും താളത്തിനൊത്ത് ചിലങ്കയുമായി പണിയരുടെ കുളികെട്ട് ഇന്ന് അപൂർവമാണ്.തുടിയും ചീനിയും പോയ്മറഞ്ഞു. സാംസ്കാരിക പൈതൃകത്തിന്റെ ഈറ്റില്ലമായ ഗോത്രഭൂമിയിൽ ഇന്നലെയോളം പാരമ്പര്യത്തനിമയ്ക്ക്

> **കൈകൾ പൊക്കി ആകാശത്തെ വലയം ചെയ്ത് താഴെ ഭൂമിയെ വലയം ചെയ്ത് വട്ടത്തിൽ ആടുന്നതാണ് വട്ടക്കളി**

നൊത്ത് ചിലങ്കയും. പണിയ ഗോത്രത്തിൽ കുളികെട്ട് നടക്കുകയാണ്. കല്യാണം, രോഗമകറ്റൽ, വയസ്സറിയിക്കൽ എന്നിവയിലെല്ലാം കുളികൽപ്പിച്ചു നൽകുന്നതാണ് ഇവരുടെ ശാസ്ത്രം.പത്തിൽ താഴെ പണിയ സമുദായാംഗങ്ങൾ വലയം ചെയ്ത് തുടി താളം മുഴക്കും.വേട്ടയാടിയ മൃഗത്തോലു കൊണ്ടുണ്ടാക്കിയ തുടിയിലാണ് ആദി ഗോത്രത്തിന്റെ താളം ഒഴുകി വരുന്നത്. അലിഖിത താളബോധത്തിൽ നിന്നും തുടിച്ചെത്തങ്ങൾ ഉയർന്നുവരുന്നതോ

ത്തിനായി ഇവളൊരുങ്ങുന്നതോടെ ബന്ധുവീടുകളിൽ നിന്നെല്ലാം എല്ലാവരും എത്തിച്ചേരുകയായി. വെള്ളമുണ്ട് ഉടുപ്പിച്ച് കാരണവൻമാരുടെ അനുഗ്രഹം തേടി കന്യകാജീവിതം ഇതോടെ തുടങ്ങുകയായി. പച്ചരിയും ശർക്കരയും തേങ്ങയും ചേർത്ത് ആഹാരമുണ്ടാക്കി നൽകി ആഘോഷരാവുകൾക്ക് തുടക്കമിടുന്നു. പിറ്റേന്ന് നീരൊഴുക്കുള്ള തോട്ടിൽ നിന്നും കുളികഴിഞ്ഞ് ഒരു ചെപ്പുകുടത്തിൽ വെള്ളം തലയിലേന്തി ഋതുമതി വീട്ടിലേക്ക്

കുടപിടിച്ചുനിന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളും ആധുനിക പെരുമഴയിൽ അലിഞ്ഞ് ഇല്ലാതാവുകയാണ്.ഇവിടെ നിന്നും പുതിയ തലമുറകളിലേക്ക് കലോത്സവ വേദികളിലൂടെ സന്നിവേശിപ്പിക്കപ്പെടുകയാണ് ഇവരുടെ കലാരൂപം.

## കല്യാണപ്പന്തലിലെ ആഘോഷം

മങ്ങലം - വടക്കേ മലബാറുകാരുടെ





ഭാഷയിൽ കല്യാണമെന്നാണ്. കല്യാണ വീടുകളിൽ അരങ്ങേറുന്ന ഗോത്ര കലാരൂപമാണ് മങ്ങലം കളി. സംഗീത നൃത്ത സ്വരൂപമാണ് മങ്ങലം കളിയുടെ ചാരുതകൾ. താളവും താളത്തിനൊത്ത പാട്ടുകളും ചുവടുകളും പാരമ്പര്യ ഗോത്ര ജീവിതത്തിന്റെ ഇന്നലകളിലേക്ക് വാതിൽ തുറക്കുന്നു. കാസർഗോഡ് ജില്ലയിലെ മാവിലൻ, മലവേട്ടുവൻ സമുദായങ്ങളുടെ ഇടയിലാണ് മങ്ങലം കളി പ്രചാരത്തിലുള്ളത്. സ്ത്രീകളും പുരുഷൻമാരും തുല്യ പ്രധാന്യത്തോടെ ഈ അനുഷ്ഠാന കലാരൂപത്തിൽ ഇടകലർന്ന് നൃത്തം ചെയ്യുന്നു. തുകൽ വാദ്യമായ തുടിയാണ് മങ്ങലം കളിയിൽ പ്രധാനം. പ്ലാവ്, കുമിൾ തുടങ്ങിയ മരങ്ങളിൽ ചെത്തിയെടുത്ത തുടിയിൽ ഉണക്കിയെടുത്ത മൃഗത്തോലുകെട്ടിയാണ് ഇവർ തുടിയുണ്ടാക്കുന്നത്. തുടിയിൽ താളം മെനഞ്ഞെടുത്ത് പുതിയ തലമുറകളും മങ്ങലം കളിയുടെ ഭാഗമാകാറുണ്ട്. ഏഴോളം തുടികളാണ് മങ്ങലം കളിക്കായി വേണ്ടത്. കല്യാണ പന്തലിലാണ് ബന്ധുജനങ്ങളെയെല്ലാം സാക്ഷി നിർത്തി മങ്ങലം കളി അരങ്ങേറുന്നത്. കാരണവൻമാരുടെയും മൂപ്പൻമാരുടെയും അനുഗ്രഹം വാങ്ങിയാണ് ചടങ്ങുകളുടെ തുടക്കം. മധ്യഭാഗത്തായി ഉയർത്തി കുഴിച്ചിട്ട തൂണുകൾക്ക് വലം വെച്ചാണ് മങ്ങലം കളി. ഉത്തര മലബാറിലെ കോൽക്കളിയോട് സാമ്യമുണ്ട് മങ്ങലം കളിക്കും. രാത്രി മുതൽ പുലർച്ചെ വരെ കല്ല്യാണ വീടുകളിൽ മങ്ങലം കളി നടക്കും. പിറ്റേന്ന് വധു ഗൃഹത്തിലേക്ക് വരുന്ന വേളയിലും പാട്ടുപാടി താളച്ചുവടുകളോടെ മങ്ങലം കളി അരങ്ങേറും. എല്ലാം സമൃദ്ധികളും സമാധാനവും പുലരട്ടെ എന്നാണ് ഈ വരികളിലൂടെ ഈ സമുദായങ്ങൾ ഉദ്ഘോഷിക്കുന്നത്. തുളുവിലും മലയാളത്തിലും ഇടകലർന്ന വരികൾ ഇവരുടെ പാട്ടുകളാകുന്നു. ആഘോഷ വേളകളിലെല്ലാം

ഇവർ മങ്ങലം കളിയെയും ഒപ്പം നടത്തുന്നു. ഒരോ പാട്ടിലും ഓരോ കഥയിലും ജീവിത നിമിഷങ്ങളെയെല്ലാം ഇവർ കോർത്തിടുന്നു.

## ഇരുളരുടെ നൃത്തച്ചുവടുകൾ

തുകൽ വാദ്യങ്ങളും മുളയുമാണ് അകമ്പടികൾ.തമിഴും കന്നടയും മലയാളവും കലർന്ന ഭാഷയാണ് പാട്ടുകളിൽ നിറയുന്നത്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ നിന്നാണ് ഇരുള നൃത്തത്തിന്റെ പ്രഭാവം. പാരമ്പര്യത്തെ എന്നും മുറുകെ പിടിക്കാൻ വെമ്പുന്ന ഇരുള സമുദായത്തിന്റെ സാംസ്കാരിക തനിമകൾ കൂടിയാണ് ഈ നൃത്ത രൂപം പങ്കുവെക്കുന്നത്. കൃഷിയും ജീവിതവും ഇഴപിരിയുന്ന സംസ്കൃതിയിൽ ചടങ്ങുകൾക്കും അനുഷ്ഠാനങ്ങൾക്കും തുല്യ പ്രാധാന്യം നൽകുന്നവരാണ് ഇരുളർ. ജനനം മുതൽ വിവാഹം മരണം വരെയുള്ള എല്ലാ ചടങ്ങുകളിലും വേറിട്ട തനിമകൾ സൂക്ഷിക്കുന്നവരാണിവർ. തലമുറകളിൽ നിന്നും തലമുറകളിലേക്ക് ഈ അനുഷ്ഠാന കലാരൂപത്തെ കൈമാറുന്നതിലും മുൻ തലമുറകൾ അതീവ ശ്രദ്ധാലുക്കളായിരുന്നു. മല്ലീശ്വര ദേവതയുടെ സന്നിധിയിലാണ് ഈ നൃത്തം അവതരിപ്പിക്കുന്നതെന്നാണ് വിശ്വാസം. മല്ലീശ്വരനെ ഉണർത്താനാണ് ഇവർ നൃത്തം ചെയ്യുന്നതെന്ന് പറയും. ഭാഷകളിലും വരികളിലും ഭക്തി ലയിപ്പിച്ച് മണിക്കൂറുകളോളം പാട്ടിന്റെ ഈരടികളിൽ ഇരുളർ നൃത്തം ചെയ്യും. രാവ് പുലരുന്നത് വരെയും ഓരോ ചടങ്ങിനോട് അനുബന്ധിച്ചും ഇവർ എല്ലാം മറന്ന് നൃത്തത്തിൽ ലയിച്ചു ചേരുന്നതോടെയാണ് ആഘോഷത്തിന്റെ നിർവൃതികൾ. പതിനഞ്ചിൽ കുറയാത്ത അംഗങ്ങൾ ഇരുള നൃത്തത്തിൽ അണിചേരാറുണ്ട്. സാന്ദർഭികമായി പാട്ടുകളും ചുവടുകളും മാറും. കാർഷികസമൃദ്ധിയിൽ കാലം വിളയുമ്പോൾ കരുമ്പലം നൃത്തച്ചുവടുകളുമായി ഇരുളരിറങ്ങും. തുകൾ മുള വാദ്യങ്ങൾ തന്നെയാണ് ഈ അനുഷ്ഠാനത്തിന്റെ സംഗീത അകമ്പടികൾ. തവിൽ, പാറൈ, പീക്കി, ജാലറ എന്നിങ്ങനെ തമിഴ് മൊഴിയിലും ഇവർ ഇവരുടെ വാദ്യോപകരണങ്ങൾ പരിചയപ്പെടുത്തുന്നു.

## പളിയ നൃത്തം

പളിയരെന്ന ആദിവാസി ജനവിഭാഗത്തിന്റെ പാരമ്പര്യ നൃത്തരൂപമാണിത്. രോഗ ശമനം മുതൽ മഴ വരാൻ പോലും ഈ അനുഷ്ഠാനകലയെ കൂട്ടുപിടിച്ചവരാണ് പളിയരുടെ പൂർവികർ. ഇടുക്കിയിലെ കുമളിയിൽ നിന്നും മലയിറങ്ങുന്ന ഈ കലാരൂപം. എന്തിനും ഏതിനും മാരിയമ്മയെ പ്രീതിപ്പെടുത്തിയാണ് പളിയരുടെ ജീവിത പുരാവൃത്തം. മുളം ചെണ്ട നാഗര ജാഗര എന്നിവയാണ് പളിയ നൃത്തത്തിന്റെ വാദ്യ ഉപകരണങ്ങൾ. അരയിൽ മൃഗത്തോലണിഞ്ഞായിരുന്നു പാട്ടിന്റെ ഈണത്തിൽ ഇവരുടെ നൃത്തം. ഇപ്പോൾ മൃഗത്തോലിന് പകരം അലുക്കുകളുള്ള ചണ വസ്ത്രങ്ങൾ അണിഞ്ഞ് മുഖത്ത് ഛായമെഴുതിയ ഇവർ പാട്ടിനൊത്ത് ചുവടുവെക്കും. സ്ത്രീകളും പുരുഷൻമാരും ഇടകലർന്നാണ് വട്ടത്തിൽ പളിയർ നൃത്തം ചെയ്യുക. വയനാട്ടിലെ ഗോത്ര കലാ അനുഷ്ഠാനം ഗദ്ദികയ്ക്ക് സമാനമാണ്



പളിയരുടെയും ചില ചുവടുകൾ. പ്രകൃതിയെ ആരാധിക്കുന്ന പളിയർ കൃഷിയിടത്തിലേക്ക് മഴ പെയ്യാൻ പോലും ഇവരുടെ ആചാരങ്ങളെ കൂട്ടുപിടിച്ചവരാണ്. മലയുടെയും കാടിന്റെയും സാമീപ്യമുള്ള ഇവരുടെ പുരാതന ജീവിതം ഇവരുടെ മുൻ തലമുറകളെയും പ്രകൃതിയിലേക്ക് കൂടുതൽ അടുപ്പിച്ചു. അമ്മ ദൈവമായ എളാത്ത് പളിച്ചിയെയാണ് ഇവർ ആരാധിക്കുന്നത്. ആരാധനാമൂർത്തിയെ ഇവർ നൃത്തം ചെയ്ത് പ്രീതിപ്പെടുത്തുന്നു. മഴയായും മഞ്ഞായും പ്രകൃതി അനുഗ്രഹിക്കുന്നതെല്ലാം ഈ അമ്മ ദൈവത്തിന്റെ അനുഗ്രഹമാണെന്നാണ് ഇവർ നൃത്തച്ചുവടുകളിലൂടെയും പാട്ടിന്റെയും ഈരടികളിലൂടെയും ഇവർ പ്രകീർത്തിക്കുന്നത്.


## മലപ്പുലയരുടെ ആട്ടം

സ്ത്രീ-പുരുഷൻമാർ ഇടകലർന്നാണ് മലപ്പുലയാട്ടം അവതരിപ്പിക്കുക. നിരനിരയായും വൃത്താകൃതിയിലും പാട്ടിനൊത്ത് ഇവർ ചുവടുവെക്കും. കമ്പുകൾ കൂട്ടിയടിച്ചും മുന്നോട്ടും പിന്നോട്ടുമായി മൂന്ന് വീതം ചുവടുകൾ വെച്ചും ഇവർ താളാത്മകമായി ആട്ടമാടും. ഇടുക്കി ജില്ലയിൽ നിന്നാണ് മലപ്പുലയാട്ടം അരങ്ങിലെത്തുന്നത്. ചിക്കവാദ്യം, ഉറുമി, കുഴൽ, കട്ടവാദ്യം എന്നിങ്ങനെ ഇവർ തന്നെ രൂപകൽപന ചെയ്ത വാദ്യ

> **പാരമ്പര്യത്തെ എന്നും മുറുകെ പിടിക്കാൻ വെമ്പുന്ന ഇരുള സമുദായത്തിന്റെ സാംസ്കാരിക തനിമകൾ കൂടിയാണ് ഈ നൃത്ത രൂപം പങ്കുവെക്കുന്നത്**

ഉപകരണങ്ങളുടെ അകമ്പടിയിലാണ് മലപ്പുലയാട്ടം. കുഴൽ വിളിയോടെ ആട്ടം തുടങ്ങുകയാണ് പതിവ്. വൃത്താകൃതിയിൽ വലം വെച്ച് കൈകൊട്ടിയും ശരീരം ചലിപ്പിച്ചും മെല്ലെ മെല്ലെ തുടങ്ങുന്ന ചുവടുകൾ ചടുല വേഗത്തിലേക്ക് മുന്നേറും. പാട്ടുകളുടെ അകമ്പടിയില്ലാതെ വാദ്യങ്ങൾക്ക് പ്രാധാന്യം കൊടുത്താണ് ഈ കലാരൂപവും അവതരിപ്പിക്കപ്പെടുന്നത്. കോലുകൾ കൂട്ടിയടിച്ചും വേഗതയുള്ള ചുവടുകളുമായി ഇവർ വിസ്മയിപ്പിക്കും. മാരിയമ്മൻ, കാളിയമ്മൻ, മീനാക്ഷി ദേവതകൾ ഇവരുടെ ആരാധനാ മൂർത്തികളാണ്. ഗിരിവാസി ജീവിതത്തിന്റെ ഏടുകളിൽ നിന്നും അടർത്തിയെടുക്കപ്പെട്ട ഈ അനുഷ്ഠാന കലാരൂപവും കേരളത്തിന്റെ ഗോത്ര വൈവിധ്യങ്ങളിൽ പ്രധാനപ്പെട്ടതാണ്. ഈ കലകളുടെയെല്ലാം സംരക്ഷണം വരും കാലത്തിലേക്കുള്ള ചുവടുകൾ കൂടിയാണ്. അതിവേഗം പാഞ്ഞുപോകുന്ന കാലങ്ങൾക്കിടയിൽ ഈ പൈതൃകങ്ങൾ കൂടി ചേർന്നതാകാം നാളെയുടെ ചരിത്രം.■

സജയ് കെ.വി
നിരൂപകൻ






അനുഷ്ഠാനങ്ങളെ പ്രതീകമായോ ബിംബമായോ പ്രമേയമായോ സ്വീകരിക്കുന്ന മലയാള കവിതയിലെ സന്ദർഭങ്ങളെക്കുറിച്ച് ഒരു ഹ്രസ്വാവലോകനം

# ക്രോധദേവതമാരും കാവ്യോപാസകരും

അനുഷ്ഠാനങ്ങളാൽ അങ്കനം ചെയ്യപ്പെട്ട ജീവിതമായിരുന്നു പ്രാചീനമനുഷ്യരുടേത്. കാർഷികഗ്രാമീണതയിലും അവ നിലനിന്നു. അവയിൽ ഏറ്റവും പ്രാചീനമായത് നരബലി തന്നെയാവാം. നരബലിക്കു ശേഷമാണ് മൃഗബലിയും മൃഗബലിയെ പ്രതീകാത്മകമായ അനുഷ്ഠാനമാക്കുന്ന പതിവുകളും. അതിനാൽ അനുഷ്ഠാനങ്ങളെ പ്രതീകമായോ ബിംബമായോ പ്രമേയമായോ സ്വീകരിക്കുന്ന മലയാള കവിതയിലെ സന്ദർഭങ്ങളെക്കുറിച്ചുള്ള ഈ ലഘുസമീക്ഷയിൽ ആദ്യം കടന്നു വരുന്ന കവിത, പി.യുടെ 'നരബലി' തന്നെ.

ഈ കവിതയുടെ അനുഷ്ഠാനപരതയെ മുൻനിർത്തി വിമർശകനായ വി. രാജകൃഷ്ണൻ എഴുതുന്നു-

'വായനക്കാരുടെ ഭാഗത്തു നിന്ന് വൈകാരികതലത്തിൽ സമ്പൂർണ്ണമായ പങ്കാളിത്തം ആവശ്യപ്പെടുന്ന ചില സാഹിത്യകൃതികളില്ലേ, അവയ്ക്കിടയിലാണ് 'നരബലി'യുടെ സ്ഥാനം. ഈ കവിതയ്ക്കൊപ്പം സഞ്ചരിക്കുന്നതിനിടയിൽ നിങ്ങൾക്ക് നിമിഷനേരത്തേയ്ക്കെങ്കിലും ഇതിലെ കഥാനായകന്റെ കിരാതമായ ഭക്തി പ്രകടനം അസഹനീയമായി അനുഭവപ്പെടുന്നുവെങ്കിൽ അവിടെ വച്ച് നിങ്ങളും പാഠവും (text) തമ്മിലുള്ള ബന്ധം മുറിയുന്നു. നേരേമറിച്ച്, കവി ഒരുക്കുന്ന ആഭിചാരത്തിന് ആദ്യം കീഴ്പ്പെട്ടതിനു ശേഷം നിങ്ങൾക്കു പുറത്തു കടന്ന് നിങ്ങളുടെ യുക്തിക്കും സാംസ്കാരികാവബോധത്തിനുമനുസരണമായി കവിതയുടെ ഉള്ളടക്കത്തെ ചോദ്യം ചെയ്യുകയോ തള്ളിപ്പറയുകയോ ഒക്കെയാവാം. ഗോത്രാനുഷ്ഠാനങ്ങളുമായി ബന്ധപ്പെടുത്തിപ്പറയാറുള്ള പ്രേക്ഷകപങ്കാളിത്തത്തി




ന്റെ രഹസ്യാകർഷണം (participatory mystique) എന്ന ഗുണവിശേഷമില്ലേ, അത്' നരബലി'യുടെ ആസ്വാദനത്തിൽ ഒരു നിർണ്ണായകഘടകമായി മാറുന്നു'.

## കാവിലെ പാട്ട്

ഇടശ്ശേരിയുടെ 'കാവിലെ പാട്ടാ'ണ് ഈ ശ്രേണിയിൽ ഇതിനോടു തൊട്ടു നിൽക്കുന്ന മറ്റൊരു കവിത. നരബലി തന്നെയാണ് ഇവിടെയും കവിതയുടെ പ്രമേയകേന്ദ്രം. കുപിതയായ ദേവി, ശാന്തയായ കഥയാണ്, ആവിഷ്ടതയുടെ മുഹൂർത്തത്തിൽ ദേവിയായി മാറുന്ന 'ചോപ്പൻ'- കോമരം - തന്നെത്തന്നെ ആഞ്ഞാഞ്ഞു വെട്ടുന്നതിന്റെ പിന്നിലെ കഥയും, അതു പറയുന്നത്. ഒരു ചെറുവാല്യക്കാരന്റെ ചോര കുടിച്ച് കുപിതയും രക്തപാനാസക്തയുമായ ദേവി പണ്ടൊരിക്കൽ തന്റെ ക്രോധദാഹം ശമിപ്പിച്ചതിലുള്ള പശ്ചാത്താപമാണത്. ഒപ്പം നിർഭയനായ ആ ചെറുപ്പക്കാരന്റെ പ്രാണത്യാഗവും അവന്റെ അമ്മയുടെ ത്യാഗവും പ്രശംസിക്കപ്പെടുന്നു. ഏതായാലും അന്നു മുതൽ ദേവി സൗമ്യയായി, ചോപ്പനിലാവേശിച്ച് സ്വയം വെട്ടി ചോര വീഴ്ത്തുന്നവളായി മാറുന്നു.

## കടമ്മനിട്ടയുടെ ക്രോധദേവത

കടമ്മനിട്ടയിലാണ് പിന്നീട് ഈ ക്രോധദേവത ആവേശിച്ച്, രാഷ്ട്രീയക്രോധം നിറഞ്ഞ  കവിതയുടെ കറുപ്പും കരുത്തുമായി മാറിയത്. പടയണി എന്ന അനുഷ്ഠാനകലാരൂപത്തിൽ നിന്നു സ്വീകരിച്ച താളങ്ങൾ മാത്രമായിരുന്നില്ല കടമ്മനിട്ടയെ ഒരു ഗോത്രമൂപ്പന്റെ ഇരമ്പുന്ന പ്രവചനസ്വരമുള്ള കവിയാക്കി മാറ്റിയത്, ആ കവിതയുടെ ഉള്ളും ഉടലും ഉയിരും ഏതോ അനുഷ്ഠാനകലയുടെ ചടുലവൈദ്യുതി പായുന്നതായിരുന്നു. 'കുറത്തി'യിലും കാട്ടാളനിലും' കിരാതവൃത്ത'ത്തിലും 'ശാന്ത'യിലും എല്ലാം അതുണ്ട്.'നെഞ്ചത്തൊരു പന്തം കുത്തി'യാണ്, 'നീറായ വനത്തിൻ നടുവിൽ' കാട്ടാളൻ നിൽക്കുന്നത്. അങ്ങനെ നിൽക്കുന്നത് പടയണിക്കോലമാണ്. പടയണിപ്പാട്ടിന്റെ



ഇടശ്ശേരി



പി.കുഞ്ഞിരാമൻ നായർ

താളവും പാളക്കോലത്തിന്റെ ദൃശ്യഗരിമയും കടമ്മനിട്ടക്കവിതയുടെ ഉരിയും പൊരുളും ഉശിരുമായി മാറി. 'ശാന്ത'യെ മുൻനിർത്തിയാണ് 'കടമ്മനിട്ടയുടെ കവിതക'ളുടെ അവതാരികാകാരനായ നരേന്ദ്രപ്രസാദിന്റെ ഈ നിരീക്ഷണം -

'പുരുഷശക്തിയുടെ അഭിനിവേശത്താൽ ഇണയെ വികാരവതിയാക്കുന്നതും ഒരു ഗ്രാമത്തെ ചലനാത്മകമാക്കുന്നതും ഒരു ദേവിയെ ഉണർത്തിയെടുക്കുന്നതും ഒന്നു തന്നെയായിത്തീരുന്ന ദർശനത്തിന്റെ ആത്യന്തികനിമിഷത്തിൽ, കടമ്മനിട്ടയുടെ സർവസിദ്ധികളും ഒരു ബിന്ദുവിൽ കൂടിച്ചേരുന്നു. ഇന്ത്യൻകവിതയിലെ അപൂർവസുന്ദരമായ ഈ ദർശനം, അതിന്റെ മൺചുവയുള്ള സത്യസ്ഥിതിയോടെയും, അതിപൗരാണികമായ ആദിബിംബങ്ങളോടെയും, പാരമ്പര്യത്തെ പുനഃസൃഷ്ടിച്ച് മാനുഷികവും നാടോടിയുമാക്കുന്ന വിപ്ലവപരതയോടെയും ആന്തരികസത്യത്തിന്റെ പ്രവചനമായി മലയാളകവിതയെ സമ്പന്നമാക്കുന്നു'.

ഉച്ചാടനവും ആവാഹനവും പോലുള്ള അനുഷ്ഠാനങ്ങളുടെ രാഷ്ട്രീയഭാഷ്യമായിരുന്നു ആറ്റൂർ രവിവർമ്മയുടെ 'സംക്രമണം'. അത് വിശന്നു ചത്തവരുടെ ഉയിരിനെ ക്ഷുധാർത്തമായ വ്യാഘ്രശരീരത്തിൽ സന്നിവേശിപ്പിച്ച് പ്രതികാരസന്നദ്ധമാക്കുന്നു.

## കീഴാളക്രോധത്തിന്റെ ആവിഷ്കാരങ്ങൾ

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'തേർവാഴ്ച','ബലി' എന്നീ ആദ്യകാല കവിതകളിലാണ് ബലിസന്നദ്ധമായ യുവത്വമായി ഈ അനുഷ്ഠാനോർജം വീണ്ടുമുയിർക്കുന്നത് -

'കഥകളിങ്ങനെ കരഞ്ഞടങ്ങുമ്പോൾ
മുതുമുത്തച്ഛന്മാരനുഗ്രഹിക്കണേ
കുലപരമ്പരേ, കനിയണേ പാപ-
ഗ്രഹങ്ങൾ കോൽത്തിരി പിടിക്കണേ,
പ്രേത-ബലിക്കു ഞാനീറനുടുത്തു നിൽക്കുന്നേൻ.
കനക്കമന്തി തൻ കരളു ചെത്തുന്നേൻ
കറുത്തവാവലിൻ കുരലുരിക്കുന്നേൻ'
(തേർവാഴ്ച).

ഡി. വിനയചന്ദ്രന്റെ 'വംശഗാഥ',' സ്റ്റഡിയോ' ,' യാത്രപ്പാട്ട്' ,' കോലങ്ങൾ','തിരണ്ടുകല്യാണത്തോറ്റം','കുന്തച്ചേച്ചി' തുടങ്ങിയ കവിതകളിലും കാണാം അനുഷ്ഠാനങ്ങളുടെ ചൊല്ലും ചുണയും ചൂടും തുടിക്കുന്ന കാവ്യമുഹൂർത്തങ്ങൾ.

'വരണൊണ്ടേ
വരണൊണ്ടേ
അമ്മൻകോലം
വരണൊണ്ടേ
മൂവന്തിയരങ്ങിൽ നിന്നേ
മൂലോകം മുക്കണ്ണായേ
മുക്കണ്ണിൽ മുക്കാലങ്ങൾ
പാടുന്നു പടിയുന്നു
വരണൊണ്ടേ വരണൊണ്ടേ
അമ്മൻകോലം
വരണൊണ്ടേ'
(കോലങ്ങൾ).

കീഴാളക്രോധത്തിന്റെ ആവിഷ്കാരപ്രകാരമെന്ന നിലയ്ക്കാണ് എഴുപതുകളിൽ കടമ്മനിട്ടയും ഡി. വിനയചന്ദ്രനും ആറ്റൂരും ഇത്തരം കവിതകൾ എഴുതിയതെങ്കിൽ, അതിനു മുൻപു തന്നെ പി.യിൽ രാഷ്ട്രീയക്രോധമായി മാറിയ ഗാഢമായ ബലിബോധം പ്രവർത്തിച്ചിരുന്നു എന്നു നമ്മൾ കണ്ടു കഴിഞ്ഞു.' കാവിലെപ്പാട്ടി'ലെയും അടിസ്ഥാനഭാവം ഈ ബലിസന്നദ്ധമായ പൗരുഷമെന്ന, രാഷ്ട്രീയം കൂടിയായ, അനുഷ്ഠാനസങ്കല്പനമാണ്. ടി.പി.രാജീവൻ എന്ന കവി പിൽക്കാലത്ത്, കൊല്ലം പിഷാരികാവിലെ കാളീപൂജയുടെ വിരാമം കുറിക്കുന്ന വാർഷികച്ചടങ്ങായ 'അരിങ്ങാടെറിയലി'നെ പരാമർശിച്ചുകൊണ്ടാണ് തന്റെ പദ്യാത്മകമായ പരിസ്ഥിതികവിത അവസാനിപ്പിക്കുന്നത്. ആ വരി ഇങ്ങനെ -

'അരിങ്ങാടെറിഞ്ഞിതാ കാവടച്ചു'.
ബലിബോധവും മാതൃദേവതാപൂജയുടെ ഊർജവും ഒരുവനെ/ഒരുവളെ വിപ്ലവസന്നദ്ധനും/ സന്നദ്ധയും പ്രതിരോധസജ്ജരുമാക്കുന്നു. ■

> **ഉച്ചാടനവും ആവാഹനവും പോലുള്ള അനുഷ്ഠാനങ്ങളുടെ രാഷ്ട്രീയഭാഷ്യമായിരുന്നു ആറ്റൂർ രവിവർമ്മയുടെ 'സംക്രമണം'. അത് വിശന്നു ചത്തവരുടെ ഉയിരിനെ ക്ഷുധാർത്തമായ വ്യാഘ്രശരീരത്തിൽ സന്നിവേശിപ്പിച്ച് പ്രതികാരസന്നദ്ധമാക്കുന്നു.**



കടമ്മനിട്ട



ഡി. വിനയചന്ദ്രൻ



ബാലചന്ദ്രൻ ചുള്ളിക്കാട്

**മനോഹരൻ വി പേരകം**
നോവലിസ്റ്റും കഥാകൃത്തും





**ഏറെ ദൃശ്യപ്പൊലിമയും രൗദ്രതയും തോന്നിക്കുന്ന ഒരു രൂപമാണ് കരിങ്കാളിയുടേത്; ആടയാഭരണങ്ങളാൽ സമൃദ്ധവുമാണത്**

# കരിങ്കാളിപ്പൂരവും നാട്ടുജീവിതവും

പഴയ വന്നേരിനാട്ടിലെ കീഴെക്കാവുകളിലാണ് കരിങ്കാളിയാട്ടം എന്ന അനുഷ്ഠാനം നടക്കുന്നത്. അതായത്, തൃശ്ശൂർ ജില്ലയിലെ ചേറ്റുവ മുതൽ വടക്കോട്ട് മലപ്പുറം, പാലക്കാട് ജില്ലകളുടെ അതിർത്തി പ്രദേശങ്ങളായ മൂക്കുതല, എടപ്പാൾ, ചങ്ങരംകുളം വരെയുള്ള ദേശങ്ങളിലെ പതിനെട്ടരക്കാവിലെ കീഴെക്കാവുകളിൽ, കുംഭമാസത്തിലെ ഭരണിനാളിലാണ് കരിങ്കാളികൾ കാവുതീണ്ടാനിറങ്ങുക. കാളി ഒരു രണദേവതയാണ് എന്നാണ് സങ്കൽപം. ഭദ്രകാളി, വീരാർകാളി, കരിങ്കാളി, കൊടുങ്കാളി, പറക്കാളി, പുള്ളിക്കാളി, മലയക്കരിങ്കാളി, വേട്ടക്കാളി, ചൂട്ടക്കാളി, ചുടലഭദ്രകാളി, പുലയുരുകാളി തുടങ്ങി കാളിയുടെ വകഭേദങ്ങൾ പലതുണ്ട്. കാളിയിൽ കണ്ണകീസങ്കല്പം ആരോപിതമായിട്ടുണ്ട്. കൊടുങ്ങല്ലൂരിലും അതിന് തെക്കും കണ്ണകിയുടെ കഥയ്ക്ക് നല്ല പ്രചാരമുണ്ട്. മുലയരിഞ്ഞ് ആത്മത്യാഗം ചെയ്ത



കണ്ണകിയുടെ കഥയാണ്, കാളീസങ്കല്പത്തിൽ കൂടുതൽ സ്വാധീനം ചെലുത്തിയിട്ടുള്ളത്. ചില കാവുകളിൽ ഒറ്റമുലച്ചിയുടേയും സങ്കല്പമുണ്ട്. ഉഗ്രമൂർത്തിയായ ഭഗവതിയെ പ്രതിഷ്ഠിച്ച ക്ഷേത്രങ്ങളോടു ചേർന്ന് കീഴാളരുടെ ആരാധനയ്ക്കുവേണ്ടി, കാളിഭഗവതിയുടെ അനുജത്തിയെന്ന സങ്കല്പത്തിലാണ് കരിങ്കാളിപ്രതിഷ്ഠ. മേലേക്കാവിലെ ഭഗവതി പുറമതിൽക്കെട്ടിലെത്തി കരിങ്കാളിയെ സ്വീകരിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്ന ചടങ്ങ് ഇന്നും കാവുകളിൽ തുടരുന്നുണ്ട്.

ഭദ്രകാളിക്ക് മേൽക്കരയിലെ ക്ഷേത്രത്തിലും അനുജത്തിയായ കരിങ്കാളിക്ക് വയൽക്കരയിലെ 'തറ'യിലും ഇടം ലഭിക്കാൻ സവർണ്ണ മേൽക്കോയ്മക്കാലത്തെ അയിത്തദീക്ഷയും വഴിമാറിനടക്കലും അടക്കമുള്ള സംഭവവികാസങ്ങൾ കാരണമായിട്ടുണ്ടാവണം. കുരുതിയും ബലികർമ്മങ്ങളും കാളിയെ പ്രീതിപ്പെടുത്താനുതകുന്നതിനാൽ, സവർണ്ണർ, മേലേക്കാവുകളിലെ കാളി ഭഗവതിക്ക്, മഞ്ഞളും ചുണ്ണാമ്പും വെള്ളത്തിൽ കലക്കി തെച്ചിപ്പൂവും മലരും ചേർത്ത് രക്തപ്രതീതി വരുത്തി തർപ്പണം ചെയ്യുമ്പോൾ, കീഴേക്കാവുകളിലെ അവർണ്ണദൈവങ്ങളായ കരിങ്കാളിക്കും ചാത്തനും മാടനും മറുതയ്ക്കും മറ്റും ഇറച്ചിയും മദ്യവും കോഴിച്ചോരയുമാണ് നിവേദിക്കുന്നത്. ഉഗ്രമൂർത്തികളായ കരിങ്കാളികൾ, കോഴിവെട്ടി ചോര കുടിക്കുന്ന ചടങ്ങിന് കരിങ്കലശമെന്നാണ് പറയുന്നത്. ദൈവത്തെ തങ്ങളിലൊരാളായി കൊണ്ടുനടക്കാനും തങ്ങളുടെ ദുഃഖങ്ങളും ദുരിതങ്ങളും സ്വപ്നങ്ങളും ദൈവത്തോട് പറയാനാഗ്രഹിക്കുന്ന മനസ്സുകൾ ദൈവത്തെത്തന്നെ കെട്ടിയാടി ദൈവത്തിന്റെ പ്രതിപുരുഷനായി, ഒരു ദിവസമെങ്കിലും ദൈവമായി അവതരിക്കാനുള്ള ആന്തരിക അഭിലാഷത്തിലായിരിക്കണം ഇത്തരം വേഷങ്ങൾ ഉടലെടുത്തിട്ടുണ്ടാവുക. പ്രാക്തനകാലത്തെ സർഗാത്മകമനസ്സുകളുടെ പല നേരത്തുണ്ടായ തെളിച്ചങ്ങളുടേയും പരിഷ്കാരങ്ങളുടേയും പുതുക്കലുകളുടേയും ഫലമാവണം കരിങ്കാളിയുടെ രൂപ/വേഷ/ഭൂഷ/ലാവണ്യ/നിലകൾ നിർണ്ണയിക്കപ്പെട്ടിട്ടുണ്ടാവുക.

ഏറെ ദൃശ്യപൊലിമയും രൗദ്രതയും തോന്നിക്കുന്ന ഒരു രൂപമാണ് കരിങ്കാളിയുടേത്; ആടയാഭരണങ്ങളാൽ സമൃദ്ധവുമാണത്. പറയവർഗത്തിൽ പെട്ടവരാണ് കരിങ്കാളിവേഷം കെട്ടിയാടുന്നത്. വേഷക്കാരനെ കോലക്കാരനെന്നും പറയാറുണ്ട്. മകരം, കുംഭം മാസങ്ങളിൽ, നാൽപ്പത്തൊന്ന് ദിവസം പച്ചോലയിൽ ചൂടേറ്റുകിടന്ന്, ശരീരത്തെ വാട്ടുന്നതാണ് കോലക്കാരന്റെ വ്രതമെന്ന ചടങ്ങ്. അത്രയും ദിവസംകൊണ്ട് പച്ചോലയ്ക്കുണ്ടാകുന്ന വാട്ടം പോലെ ശരീരവും വാട്ടുന്നതിനാൽ പിന്നീട് കാളി കെട്ടി കാവേറുന്നതുവരെയുള്ള ആട്ടങ്ങളിലും ചാട്ടങ്ങളിലും ചുവടുവെയ്പ്പുകളിലും ശരീരത്തിന് ക്ഷീണമില്ലാതിരിക്കാനുള്ള പരിശീലനവും കൂടിയാണത്. വ്രതകാലത്ത് മത്സ്യമാംസാദികൾ ഭക്ഷിക്കാറില്ല. മദ്യസേവയും സ്ത്രീസംസർഗവും ഒഴിവാക്കുന്നു.

കരിങ്കാളികൾ കാവേറുന്ന ദിവസം, വടക്കൻ വാതിലെന്ന സങ്കല്പത്തിൽ അറുപത്തിനാല് കള്ളികളുള്ള ഒരു കളം വരയ്ക്കാറുണ്ട്. അരിപ്പൊടി, മഞ്ഞൾപ്പൊടി, ഉമിക്കരി, ഇലപ്പൊടി എന്നിവ കൊണ്ടാണ് കളം വരയ്ക്കുക. പൂജയ്ക്ക് വിവിധ തരം പൂക്കളും ഉപയോഗിക്കാറുണ്ട്. കള്ളും കോഴിച്ചോരയും നേദിക്കാറുണ്ട്. കുറുത്തമുണ്ട് തറ്റുടുത്ത് തലശ്ശീലകെട്ടി കോലക്കാരൻ വേഷം കെട്ടാൻ തയ്യാറെടുക്കുന്നതോടെ കരിങ്കാളിക്ക് ചന്തവും രൗദ്രതയും വരുത്താനുള്ള ആടയാഭരണങ്ങൾ ഓരോന്നായി വെച്ചു കെട്ടുകയായി. ഉടുത്തുകെട്ടിന് സഹായിയായി ഒരാളുണ്ടാവും. കരിങ്കാളിവേഷത്തിന് എടുപ്പ് കിട്ടാൻ അരയിലുടുക്കുന്ന ചോപ്പും കറുപ്പും വെളുപ്പും നിറങ്ങളുള്ള ഉടയാടയ്ക്ക് അണിയലങ്ങൾ എന്നാണ് പറയുക. കാലിലിടുന്ന ചിലമ്പുകളുരഞ്ഞ് തൊലി കീറാതിരിക്കാൻ പാളകെട്ടുന്നതിന് കാമത്തം, കൈയും തോളും നെഞ്ചും ചേരുന്ന മുക്കവലയ്ക്ക് ഉറുപ്പ്, തോളിനുതാഴെ കൈയിൽ കെട്ടുന്ന പൂപോലിരിക്കുന്ന അലങ്കാരത്തിന് കൈയ്ത്താമര, കൈയിൽ കെട്ടുന്ന നാരുകൾ തിങ്ങിയ അലങ്കാരത്തിന് കൈയ് വഞ്ചി, മാറിൽ കെട്ടുന്നത് മുലക്കൂട്ടം, കഴുത്തിൽ കെട്ടുന്നത് കഴുത്തുട്ടം, തേറ്റപ്പല്ലിന് എകിറ്, ചെവിയോടുചേർത്തു കെട്ടുന്ന അലങ്കാരത്തിന് ചെട്ടിയം എന്നും പറയുന്നു. ശിരസ്സിൽ കിരീടവും അരയിൽ അരച്ചുട്ടമണിയും വലതുകൈയിൽ വാളും ഇടതുകൈയിൽ വാഴപ്പിണ്ടിയിൽ കുരുത്തോല കൊണ്ടലങ്കരിച്ച ദണ്ഡും കോഴിയുമായാൽ ചേലൊത്ത കരിങ്കാളിയായി.

## കാർഷികവൃത്തിയും ആഘോഷങ്ങളും

കാർഷികവൃത്തിയുള്ള ഒരു ജനതയുടെ ആഘോഷങ്ങളും പണിയിടങ്ങളുമൊക്കെ വയലുകളെ കേന്ദ്രീകരിച്ചാണല്ലോ നടന്നിരുന്നത്. 'വയ്ലി' എന്ന ആഘോഷസമ്പ്രദായത്തിന്റേയും ആവിർഭാവം അങ്ങനെയായിരിക്കണം. ഇന്നത്തെ ഭൂരിഭാഗം ഭഗവതിക്ഷേത്രങ്ങളുടേയും കീഴെയുള്ള കാവുകൾ വയൽക്കരെയാണെന്ന കാര്യവും വയ്ലി എന്നത്, വയലിൽ കൃഷിയോടനുബന്ധിച്ച് നടത്തുന്ന ആഘോഷമാണെന്നതും ചരിത്രസന്ദർഭങ്ങൾ അരക്കിട്ടുറപ്പിക്കുന്നു.

മഹാമാരികൾ വിളഞ്ഞാടിയ കാലത്താവണം ദൈവങ്ങളെ മനുഷ്യർ കൂടെക്കൂട്ടിയിട്ടുണ്ടാവുക. പിന്നെപ്പിന്നെ ചരിത്രത്തിൽ നടന്ന തൊഴിൽവിഭജനംപോലെ ദൈവങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളുടേയും വിഭജനം നടന്നിരിക്കണം. കാളിയുടെ ഉദയത്തെപ്രതി പല കഥകളും പുരാണങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ! ശ്രീമഹാദേവന്റെ കനൽക്കണ്ണിൽ നിന്നാണ് കരിങ്കാളി പിറന്നതെന്നാണ് അവ നമ്മോട് പറയുന്നത്. തങ്ങളും  കറുത്തവരായതുകൊണ്ടാവണം തങ്ങളുടെ ദൈവമായ കരിങ്കാളിയേയും തങ്ങളിലൊരാളായി പരിഗണിച്ച് ദൈവങ്ങൾക്കും കറുത്തനിറം നൽകിയിട്ടുണ്ടാവുക.

പുലം കാക്കുന്നവൻ പുലയൻ എന്ന വാക്കിന്റെ തദ്ഭവമന്വേഷിച്ച് പോയാൽ, കൃഷിയെ ആശ്രയിച്ചാണ് അടിസ്ഥാന മനുഷ്യരുടെ ജീവിതം മുന്നോട്ടു പോയിട്ടുണ്ടാവുകയെന്നറിയാനാവും. ഈഴവർ മുതൽ വേട്ടുവരും പറയരും പുലയരും അതിന്റെ താഴെക്കിടയുള്ള ജനതതിയുമടങ്ങുന്ന അടിസ്ഥാനവിഭാഗത്തിൽപ്പെട്ട മനുഷ്യരാണ് കൃഷിയിൽ വ്യാപരിച്ചിരുന്നതെന്ന് ചരിത്രത്തിൽ നിന്ന് മനസ്സിലാക്കാം. ഭയത്തിൽ നിന്ന് ഭക്തിയുണ്ടായതുപോലെ ഇത്തരം കാളിവേഷങ്ങളെ തങ്ങളുടെ അഭയകേന്ദ്രങ്ങളാക്കിയവർ, വസൂരി, വിഷൂചിക തുടങ്ങിയ രോഗനിവാരണങ്ങളുടെ അധിദേവതയായും കണക്കാക്കിപ്പോന്നു. പറയ കുടുംബങ്ങളിലുള്ളവരാണ് പിന്നീട് കരിങ്കാളിയുടെ ഉപാസകരായി മാറിയത്.

കുംഭമാസത്തിലെ ഭരണിനാളിൽ പതിനെട്ടരക്കാവുകളിലാണ് കരിങ്കാളിയാട്ടം നടക്കാറുള്ളതെന്ന് നടേ പറഞ്ഞല്ലോ! ദേശസങ്കല്പത്തിൽ അരക്കാവായി കണക്കാക്കുന്നത് തൃക്കുരെ പറയംകാവിനെയാണെങ്കിലും ഫലത്തിൽ അത് ഒരു കാവ് തന്നെയാണ്. അരചക്കാവ് ലോപിച്ചാണ് അരക്കാവായതെന്നും തൃക്കുരിൽ ഒരു കാലത്ത് അരചനും അരയാലും അരയന്നവും ഉണ്ടായിരുന്നതിനാലാണ് അരക്കാവെന്ന് വിളിച്ചു പോന്നതെന്നും അതല്ല, പറയരുടെ ക്ഷേത്രമായതിനാൽ ഒരു നേരത്തെ പൂജ മാത്രമേയുള്ളതിനാലാണ് ആ പേർ സിദ്ധിച്ചതെന്നും



പഴമക്കാർക്കിടയിൽ ഒരു വൃത്താന്തമുണ്ട്. കുറുമാലിക്കാവ്, തിരുവാണിക്കാവ്, വല്ലച്ചിറക്കാവ്, ചേന്നംകുളക്കാവ്, പല്ലിശ്ശേരിക്കാവ്, കുമരംചിറക്കാവ്, കുറുമ്പിലാവ്, കരുവന്തലക്കാവ്, കോതകുളങ്ങരക്കാവ്, മുതുവട്ടൂർ ചെറ്റിയാലയ്ക്കൽകാവ്, കപ്ലിയങ്ങാട്ടുകാവ്, മക്കാലിക്കാവ്, മങ്ങാട് മണിയൻകാവ്, കിഴക്കൻ മങ്ങാട് അയ്യപ്പൻഭവതിക്കാവ്, മണിമലർകാവ്, കോട്ടകുറുമ്പക്കാവ്, വടകുറുമ്പക്കാവ്, കൊട്ടേക്കാട്ടുകാവ്, തൃക്കൂർ പറയങ്കാവ് എന്നിവയാണ് പത്തൊമ്പത് കാവുകൾ. ഈ കാവുകൾ കൂടാതെ ചില വീട്ടുകാവുകൾ കൂടി നാട്ടുകാവുകളാകുകയും ഭരണിനാൾ വേലയാഘോഷിക്കുകയും ചെയ്തുവരുന്നുണ്ട്. കോവിലന്റെ തട്ടകത്തിലുള്ള വാഴേകാവിലും പരൂരെ മഞ്ചിറക്കാവിലും താമരയൂരെ മാങ്ങാട്ടുകാവിലും മമ്മിയൂരെ നാരായണങ്കുളങ്ങരയിലും ചാവക്കാട്ടെ കോഴിക്കുളങ്ങരയിലും വെമ്പേനാട് തത്വളങ്ങരയിലും പെരുവഴിപ്പുറത്തെ അപ്പുവെളിച്ചപ്പാടിന്റെ കുടിപ്പതിയിലും ധാരാളം കരിങ്കാളികൾ കെട്ടിയാടുന്നുണ്ട്. ആ ആഘോഷങ്ങളിലൊക്കെ കരിങ്കാളി ചുവട് വെച്ച് കാവേറുമ്പോൾ, ഒറ്റക്കൊട്ടും പരിവാരങ്ങളും ചിലപ്പോൾ മൂക്കാഞ്ചാത്തനും കൂട്ടായുണ്ടാവും. കരിങ്കാളി, തറയിലെത്തി കോഴിവെട്ടി ചോര കുടിക്കുകയും ചോര തറയിൽ നിവേദിക്കുകയും ചെയ്യുന്നതോടെ വേല അവസാനിക്കുന്നു.

ഉത്സവങ്ങളിലേക്ക് ജനങ്ങൾ എത്തിപ്പെട്ട വഴികളും ചരിത്രങ്ങളും കൊയ്ത്തുകഴിഞ്ഞതിനു ശേഷമാണെന്നത് സുവിദിതമാണല്ലോ! ഒരു കാലത്ത് കാർഷികവൃത്തിയിലൂന്നിമാത്രം ജീവിച്ച അടിസ്ഥാന ജനതയുടെ ജീവിതവും മിത്തുകളും സംസ്കാരങ്ങളുമൊക്കെ വിശ്വാസങ്ങളുമായി കൂടിക്കുഴഞ്ഞാണ് വികസിച്ചതെന്ന് മനസ്സിലാക്കാം. വിശ്വാസാചാരങ്ങളുടെ ഭാഗമായി നടത്താറുള്ള പല മട്ടിലുള്ള ആഘോഷങ്ങൾ, പഴയ കാലത്തേക്കാൾ ഇന്ന് വിപുലപ്പെട്ടിട്ടുണ്ട്. ജോലി ചെയ്ത് ജീവിക്കുന്ന ജനതയുടെ മാനസികമായ ഉൽക്കർഷങ്ങൾക്കും ആഹ്ലാദവേളകൾക്കും വേണ്ടിയാണ് ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത്! മനുഷ്യർ ഒത്തുകൂടാനും വിശേഷങ്ങൾ കൈമാറാനും അപരന്റെ ജീവിതങ്ങളിലുള്ള ഉൽക്കണ്ഠയും കരുതലും ജിജ്ഞാസയുമൊക്കെ പങ്കുവെക്കാൻ മനുഷ്യർ, സവിശേഷ സന്ദർഭങ്ങളൊരുക്കുന്നു. മനുഷ്യന്റെ സാംസ്കാരിക പുരോഗതിയിൽ മിത്തുകൾക്കും അനുഷ്ഠാനങ്ങൾക്കുമുള്ള പ്രാധാന്യമാണ് നാട്ടാഘോഷങ്ങളായി വളർന്നുവന്നത്. അല്ലെങ്കിലും കൂട്ടം കൂടുന്ന മനുഷ്യരാണ് ലോകത്തെയും തങ്ങളെത്തന്നെയും പുതുക്കിപ്പണിയുന്നത്. തൊഴിലടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട കാലത്തുണ്ടായ ജാതിസമ്പ്രദായങ്ങളും തൊഴിലുകളും ഇന്ന് പാടെ മാറിയിട്ടുണ്ട്. കൃഷിയും പറ്റെ ഇല്ലാതായി. പാടങ്ങൾ പലതും മണ്ണിട്ടുതൂർത്ത് പറമ്പുകളാക്കുകയും അതിൽ ധാരാളം വീടുകളുമുണ്ടായി. എന്നാലും ചില വയൽക്കരകളിലൊക്കെ, ഒരു കാലത്ത് രക്തം കുടിച്ചിരുന്ന തറകൾ നോക്കുകുത്തികളായെങ്കിലും വേറെ ചിലയിടത്ത് പഴയതിനേക്കാൾ കൂടുതൽ കരിങ്കാളി വേഷങ്ങളെത്തി കോഴികളെ വെട്ടി രക്തം കുടിക്കുകയും കരിങ്കാളിത്തറയിൽ രക്തമൊഴുക്കുകയും ചെയ്യുന്നുണ്ട്. അപ്രകാരം ഇന്ന് കണ്ണേങ്കാവിലാണ് ഏറ്റവും കൂടുതൽ കരിങ്കാളി വേഷങ്ങളെത്തുന്നത്. ആയിരം കരിങ്കാളികളെങ്കിലും അവിടെയെത്തി കോഴിവെട്ട് നടത്താറുണ്ട്.

ഇന്നത്തെ തലമുറയിൽപ്പെട്ടവരിൽ പലരും ഈ കരിങ്കാളിവേഷം കെട്ടൽ ഒഴിവാക്കി വേറെ ജോലികളിൽ ഏർപ്പെടുന്നതായി കണ്ടിട്ടുണ്ട്. പല കരിങ്കാളി വേലകളിലും ജാതിയും മതവും നോക്കാതെയും വ്രതം ദീക്ഷിക്കാതെയും വേഷംകെട്ടി കാവേറുന്നവരുടെ എണ്ണവും കൂടിയിട്ടുണ്ട്. എല്ലാം ചടങ്ങായും അല്ലാതെയും നടക്കുന്ന ഈ കാലത്ത് അനുഷ്ഠാനങ്ങൾക്കല്ല, മനുഷ്യരുടെ ആഘോഷങ്ങൾക്കും അർമ്മാദങ്ങൾക്കുമാണ് പ്രാധാന്യമെന്ന് വരുന്നുണ്ട്. കരിങ്കാളികളെ കരാറെടുത്ത് വേലക്കെത്തിക്കുന്നവരുമുണ്ട്. എന്തായാലും ഒറ്റച്ചെണ്ടയോടൊപ്പം ചടുലച്ചുവടിൽ കാവുതീണ്ടുന്ന കരിങ്കാളികൾ എന്നും കണ്ണിനിമ്പം തരുന്ന കാഴ്ച തന്നെയാണ്! ■

എൻ.പി.മുരളീകൃഷ്ണൻ
മാധ്യമപ്രവർത്തകൻ






കലാരൂപങ്ങൾ പശ്ചാത്തലമായി എത്തിയ മലയാളസിനിമകൾ

# ഇതര കലകളുടെ തിരക്കാഴ്ച



ഇതര കലാരൂപങ്ങൾ സിനിമയിൽ പലമട്ട് സ്വാധീനം ചെലുത്തിയിട്ടുണ്ട്. കേരളത്തെ സംബന്ധിച്ച് ക്ഷേത്രകലകളും ക്ലാസിക്കൽ കലാരൂപഭങ്ങളും നാടൻ കലകളും മലയാള സിനിമയിൽ ഇടപെട്ടിട്ടുണ്ട്. കേരളത്തിൽ നിലനിന്നുപോരുന്ന തോൽപ്പാവക്കൂത്ത്, കഥകളി, കൂടിയാട്ടം പോലുള്ള കലകളിലെ പല അംശങ്ങളും സിനിമയെ സ്വാധീനിച്ചിട്ടുണ്ടെന്നു വേണം അനുമാനിക്കാൻ. അമ്പലപ്പറമ്പിലെ കൂത്തുമാടത്തിൽ വലിച്ചുകെട്ടിയ തിരശ്ശീലയ്ക്കു പിറകിലെ പാവരൂപങ്ങൾ കാണികൾക്കു മുന്നിൽ സംഭാഷണം നടത്തുന്നതിന്റെയും ആടുന്നതിന്റെയും യുദ്ധം ചെയ്യുന്നതിന്റെയുമെല്ലാം ചിത്രണങ്ങൾ തോൽപ്പാവക്കൂത്തിലൂടെ കണ്ടുശീലിച്ചവരാണ് മലയാളികൾ. കലകളിൽ പ്രായേണ ആധുനികവും ജനപ്രിയവുമായി പിൽക്കാലത്ത് അടയാളപ്പെടുത്തപ്പെട്ട സിനിമയുടെ ആദിമരൂപമായി തോൽപ്പാവക്കൂത്ത് പോലുള്ള കലാരൂപങ്ങളെ അനുമാനിക്കാം. മലയാള സിനിമയ്ക്ക് കലാരൂപങ്ങളോടുള്ള ആദിമബന്ധം തോൽപ്പാവക്കൂത്തിൽ തുടങ്ങുന്നു എന്നും പറയാം.

അടുത്ത കാലത്ത് ഇന്ത്യൻ സിനിമയിൽ ഏറ്റവുമധികം ചർച്ചചെയ്ത സിനിമാപരമ്പരകളിലൊന്നായ കാന്താര തുളുനാടിന്റെ ആചാരങ്ങളെയും വിശ്വാസങ്ങളെയും കേന്ദ്രമാക്കി ഭൂതക്കോലങ്ങളിലൂടെ കഥ പറഞ്ഞാണ് വ്യത്യസ്തത സൃഷ്ടിച്ചത്. ദക്ഷിണ കർണ്ണാടകവും ഉത്തര മലബാറും അതിർത്തി പങ്കിടുന്ന തുളുനാടിന്റെ സംസ്കാരത്തിന്റെ ഭാഗമാണ് ഭൂതക്കോലങ്ങൾ. കണ്ണൂരിലെയും കാസർകോട്ടെയും തെയ്യക്കാവുകളുമായി ബന്ധപ്പെട്ട് നിലനിന്നുപോരുന്ന വിശ്വാസങ്ങളോടു ചേർന്നുനിൽക്കുന്നതാണ് തുളുനാടിന്റെ ഭൂതക്കോലങ്ങൾ. വരാഹ സങ്കല്പത്തിലുള്ള പഞ്ചുരുളി എന്ന ഭൂതക്കോലത്തെ കേന്ദ്രീകരിച്ചാണ് കാന്താരയുടെ കഥ പറയുന്നത്. തുളുഭാഷയിൽ പഞ്ച് എന്നാൽ പന്നി (വരാഹം) എന്നാണർഥം. സാത്വിക രൂപത്തിൽ തുടങ്ങുകയും രൗദ്രനടനം നടത്തി അനുഗ്രഹം ചൊരിയുകയും ചെയ്യുന്ന പഞ്ചുരുളിയെ കാന്താരയിൽ ആവിഷ്കരിച്ചിരിക്കുന്നു. തെയ്യത്തിന്റെ




മനോഹാരിത ഏറ്റവും മികച്ച രീതിയിൽ പ്രയോജനപ്പെടുത്തിയിരിക്കുന്ന സിനിമ കൂടിയാണ് കാന്താര. കാടുമായി ചേർന്ന് ജീവിക്കുന്ന മനുഷ്യരുടെ ദൈവിക സങ്കല്പങ്ങളും വിശ്വാസവും കാന്താരയിൽ കടന്നുവരുന്നു. ശിവയെന്ന സാധാരണ യുവാവ് പഞ്ചുരുളിക്കോലത്തിലേക്ക് പ്രവേശനം നടത്തി അരുളപ്പാടുകൾ നടത്തുന്നതായി കാന്താര പരമ്പരയിലെ ആദ്യ സിനിമയിൽ കാണിക്കുമ്പോൾ പഞ്ചുരുളി ഭൂതക്കോലത്തിന്റെ പൂർവകഥയാണ് കാന്താരയുടെ പ്രീക്വലിൽ പറയുന്നത്.

തെയ്യത്തിന്റെ രൗദ്രഭാവവും വിസ്ഫോടനശേഷിയും കാന്താരയിലെ ഭൂതക്കോലം ആവാഹിക്കുന്നുണ്ട്. അതാണ് കാന്താരയിലെ തെയ്യക്കോലത്തെ സിനിമയുടെ കാഴ്ചശേഷവും വിട്ടുപോകാത്ത രൂപവും ശബ്ദവുമായി അവശേഷിപ്പിക്കുന്നത്. അതേസമയം തെയ്യം പ്രമേയമായി വന്ന കളിയാട്ടം, പുലിജന്മം, ചായില്യം പോലുള്ള സിനിമകൾ കോലംകെട്ടിനേക്കാളും കല്പനകളെക്കാളും കോലം കെട്ടിയാടുന്ന കലാകാരന്റെ മാനസികവ്യാപാരത്തിലേക്കാണ് കൂടുതൽ ആഴത്തിൽ പ്രവേശിക്കുന്നത്.

## കലാകാരരുടെ ജീവിതവിഷാദങ്ങൾ


അരങ്ങിൽ രാജസവേഷങ്ങൾ കെട്ടിയാടേണ്ടി വരുമ്പോഴും ജീവിതത്തിലെ സ്ഥായിയായ സാത്വികഭാവവും വിഷാദവും വിഷമാവസ്ഥകളും പിന്തുടർന്നു പോരേണ്ടിവരുന്ന കലാകാരന്റെ ജീവിതമാണ് കലകളെ ഉപയോഗപ്പെടുത്തുന്ന സിനിമകൾ ഭൂരിഭാഗവും പ്രമേയമാക്കിയത്. ജയരാജിന്റെ കളിയാട്ടത്തിലേക്കു വരുമ്പോൾ കണ്ണൻ പെരുമലയന് വിധിപോലെ വന്നുചേരുന്നുണ്ട് ഈ വിഷാദവും നൈരാശ്യവും ഒടുക്കം ആത്യന്തികമായ മരണവും. അനിവാര്യതയെന്നോണം താൻ കെട്ടിയാടിയ തീച്ചാമുണ്ടിക്കോലമായി പെരുമലയൻ കനലിലൊടുങ്ങുന്നു. തെയ്യത്തെ ദൈവമായിത്തന്നെ ദേശക്കാർ കണ്ടുപോരുന്നു. ദേശത്തെ നാട്ടുവാഴിയുടെ മകളായ താമര തീവ്രമായ പ്രണയത്തിൽ ജാതിവരമ്പ് ഭേദിച്ച് പെരുമലയനോടൊപ്പം ജീവിക്കാൻ തയ്യാറായി സ്വഗേഹം വിട്ടിറങ്ങുകയാണ്. പെരുമലയൻ തെറ്റിദ്ധരിക്കുമ്പോഴും തന്റെയുള്ളിലെ അനുരാഗം അവൾ കെടാതെ സൂക്ഷിക്കുന്നു. താമരയാണ് പെരുമലയന്റെ ജീവിതത്തിൽ വെളിച്ചം കൊണ്ടുവരുന്നത്. ആ വെളിച്ചം കെടുന്നതോടെ പെരുമലയനു മുന്നിൽ പിന്നെ ഇരുട്ട് മാത്രമാണ്. അതിനയാൾ കീഴടങ്ങുകയും ചെയ്യുന്നു. കൃത്രിമവെളിച്ചങ്ങൾ ഉപയോഗപ്പെടുത്താതെയായിരുന്നു എം.ജെ രാധാകൃഷ്ണൻ കളിയാട്ടക്കാവിനെയും തെയ്യക്കോലങ്ങളെയും തെളിമയുള്ള ചിത്രങ്ങളാക്കിയത്. ഇതിന്റെ തെളിമ ഈ സിനിമയുടെ ചിത്രഭാഷയ്ക്കാകെ ഗുണം ചെയ്യുന്നതിനൊപ്പം തെയ്യമെന്ന കലാരൂപത്തിന്റെ ആത്മാവ് ചോരാതെ അവതരിപ്പിക്കുന്നതിനും സാധിക്കുന്നു.

സ്ത്രീകൾ മാത്രം കെട്ടുന്ന ദേവക്കൂത്ത് എന്ന തെയ്യത്തിന്റെ പശ്ചാത്തലത്തിലാണ് മനോജ് കാന ചായില്യം ഒരുക്കിയിരിക്കുന്നത്. സ്വേച്ഛയാലല്ലാതെ ദൈവക്കോലം കെട്ടേണ്ടിവരികയാണ് ഗൗരിക്ക്. അവൾക്ക് ദൈവവിളി കിട്ടിയെന്ന് നാട്ടും വീട്ടും വിധിക്കുമ്പോൾ നിജസ്ഥിതി അതല്ലാതിരു










ന്നിട്ടും അതിനുപിന്നാലെ പോകേണ്ടിവരികയാണ്. വടക്കൻ കേരളത്തിലെ കീഴാള സമൂഹത്തിന്റെ നാടോടി ദൈവമായ പുലിമറഞ്ഞ തൊണ്ടച്ചൻ എന്നറിയപ്പെടുന്ന കരി ഗുരുക്കൾ ഐതിഹ്യത്തെ കേന്ദ്രമാക്കിയാണ് പ്രിയനന്ദനന്റെ പുലിജന്മം ഒരുക്കിയിട്ടുള്ളത്.

കേരള കലാമണ്ഡലത്തിന്റെ പ്രതിനിധാനമെന്നോണം അവതരിപ്പിച്ച കേരള കലാമന്ദിരവും അവിടത്തെ കലോപാസകരായ മനുഷ്യരും പശ്ചാത്തലമായ കമലദളമാണ് ശാസ്ത്രീയകലയും സിനിമയും രണ്ടല്ലാത്ത വിധം അവതരിപ്പിച്ച് ജനപ്രീതി നേടുന്നതിൽ ഈ ധാരയിൽ ഏറ്റവുമധികം വിജയിച്ചത്. നന്ദഗോപൻ എന്ന നൃത്താധ്യാപകന്റെ ജീവിതം ഇതിവൃത്തമാക്കിയ കമലദളം ശാസ്ത്രീയകലയെ സിനിമയുമായി ഇഴചേർത്ത് എങ്ങനെ ജനപ്രിയ ഘടനയിൽ അവതരിപ്പിക്കാം എന്ന പരീക്ഷണത്തിൽ വിജയം കാണുകയായിരുന്നു.

കലകളെയും കലാകാരന്മാരെയും അവതരിപ്പിക്കുന്ന സിനിമകൾ സമാന്തരധാര ചേർന്നു സഞ്ചരിക്കുന്നതായിട്ടാണ് മിക്കപ്പോഴും കാണുക. ഇനി അത്തരം ബോധപൂർവമായ ശ്രമം നടത്തിയില്ലെങ്കിൽപോലും ചടുലത വിട്ടുള്ള ഒരു മന്ദസ്ഥായീഭാവം അവയ്ക്ക് കൈവരുന്നതായി കാണാം. എന്നാൽ ഇതിനെ ജനപ്രിയ കാഴ്ചസംസ്കാരത്തിനും പ്രേക്ഷകാഭിരുചിക്കും യോജിക്കും വിധം തിരക്കഥയൊരുക്കുന്നതിലും അവതരിപ്പിക്കുന്നതിലും ലോഹിതദാസും സിബി മലയിലും കാണിച്ച മികവാണ് കമലദളത്തെ മലയാളികളുടെ പ്രിയപ്പെട്ട സിനിമകളുടെ ഗണത്തിൽ ചേർക്കാനിടയാക്കിയത്. നിർഭാഗ്യവശാൽ ഇത്ര കൈയടക്കത്തോടെയുള്ള ജനപ്രിയ തുടർച്ച പിന്നീടുണ്ടായില്ലെന്നു കാണാം. അതേസമയം സമാന്തരധാരയിൽ മലയാള സിനിമയെ ലോകശ്രദ്ധയിലെത്തിച്ച കലാസൃഷ്ടികളുണ്ടായി. ഇക്കൂട്ടത്തിൽ മുൻപന്തിയിലുള്ളത് ഷാജി എൻ. കരുണിന്റെ വാനപ്രസ്ഥമാണ്.

കഥകളിയുടെ ദൃശ്യ, ശ്രാവ്യസാധ്യത മിഴിവുറ്റ രീതിയിൽ പ്രയോജനപ്പെടുത്തിയ സിനിമയാണ് വാനപ്രസ്ഥം. കഥാപാത്രത്തിന്റെയും വേഷം കെട്ടിയാടുന്ന നടന്റെയും വ്യക്തിത്വങ്ങൾക്കു തമ്മിൽ സംഭവിക്കുന്ന അസ്തിത്വപ്രതിസന്ധിയിലേക്ക് കണ്ണയക്കുന്ന വാനപ്രസ്ഥത്തിന്റേത്










കഥകളി ഉപാസകർക്കും സാധാരണ പ്രേക്ഷകർക്കും ഒരുപോലെ വിനിമയം ചെയ്യുന്ന ഭാഷയായിരുന്നു. 'വാദ്യമാണെങ്കിലും ആരെങ്കിലുമൊന്ന് കൊട്ടിപ്പാടിയാലേ അതിന് മോക്ഷം ഉണ്ടാവൂ' എന്ന് മോഹൻലാലിന്റെ കഥകളി കലാകാരനായ കുഞ്ഞികുട്ടൻ പറയുന്നുണ്ട്. ഇത് അയാളുടെ അസ്തിത്വദുഃഖത്തെ കാണിക്കുന്ന സംഭാഷണശകലമാണ്. ഈ ദുഃഖം പേറിയാണ് അയാൾക്ക് ജീവിതത്തിലും അരങ്ങിലും ആടേണ്ടിവരുന്നത്. ഈ അസ്ഥിത്വദുഃഖത്തിൽ നിന്നുള്ള കുഞ്ഞികുട്ടന്റെ വിടുതൽ (മോക്ഷം) പൂതനാമോക്ഷം കഥയുടെ സൂചനകൾ നൽകിക്കൊണ്ടാണ് സിനിമ അവതരിപ്പിക്കുന്നത്. ഇവിടെ കഥകളീവേഷവും ജീവിതവേഷവും രണ്ടാകുന്നില്ല. ചുറ്റുമുള്ള ആൾപ്പെരുക്കത്തിലും വേഷങ്ങളുടെ മേലാപ്പിനുമിടയിലും അനാഥത്വം പേറി ജീവിക്കാൻ വിധിക്കപ്പെട്ടവനാണ് കുഞ്ഞികുട്ടനും പെരുമലയനുമെല്ലാം. ജീവിതത്തിൽ തിരസ്കൃതനാക്കപ്പെടുന്ന കഥകളി കലാകാരനെ എംടി വാസുദേവൻ നായരുടെ രചനയിൽ രൂപംകൊണ്ട രംഗം എന്ന ഐവി ശശി സിനിമയിലും കാണാനാകും. കുഞ്ഞികുട്ടന്റെ അസ്തിത്വദുഃഖത്തിനു സമാനമല്ലെങ്കിലും ജീവിതത്തിൽ പ്രിയപ്പെട്ടതായി സൂക്ഷിച്ചതൊക്കെയും നഷ്ടമാകുന്ന വൈയക്തികദുഃഖം പേറി അരങ്ങിലാടാൻ വിധിക്കപ്പെട്ടാൾ തന്നെയാണ് അപ്പുണ്ണിയും. അതേ സമയം എംടിയുടെ തന്നെ രചനയായ 'പരിണയ'ത്തിൽ കഥകളിയോഗത്തിൽ സൽപേര് നിലനിർത്തുകയും ജീവിതത്തിൽ വിശ്വസിച്ച സ്ത്രീയെ ചതിക്കുകയും ചെയ്യുന്ന കഥാപാത്രത്തെയും സൃഷ്ടിക്കുന്നുണ്ട്.

കീഴ്ജാതിക്കാർക്ക് നിഷിദ്ധമായിരുന്ന കഥകളിയെ അവർക്കിടയിലേക്ക് കൊണ്ടുവന്ന ആറാട്ടുപുഴ വേലായുധ പണിക്കരെ അടയാളപ്പെടുത്തുന്നുണ്ട് വിനയന്റെ പത്തൊമ്പതാം നൂറ്റാണ്ട് എന്ന സിനിമയിൽ. മേൽജാതിക്കാരുടെ ക്ഷേത്രമുറ്റത്ത് ആടുമ്പോഴും ചില്ലറ മാത്രം തടയുന്ന അരപ്പട്ടിണിക്കാരായ കലാകാരന്മാരുടെ ഗതികേടിലേക്ക് പ്രേക്ഷകശ്രദ്ധയെ നയിക്കുകയാണ് ഈ സിനിമ.

മധുവിനെ കേന്ദ്ര കഥാപാത്രമാക്കിക്കൊണ്ടുള്ള എ.വിൻസെന്റിന്റെ 'ചെണ്ട' ഒരു താളവാദ്യക്കാരന്റെ ജീവിതം പ്രമേയമാക്കുന്ന മലയാളത്തിലെ ആദ്യ സിനിമയാണ്. ചെറുപ്പം മുതലേ ചെണ്ടയിൽ ആകൃഷ്ടനായിരുന്ന അപ്പു തായമ്പകയിലാണ് പ്രാഗത്ഭ്യം തെളിയിക്കുന്നത്. താളവാദ്യത്തിലുള്ള അപ്പുവിന്റെ കഴിവുകളാണ് സുമതിയെ അവനിൽ ആകൃഷ്ടയാക്കുന്നത്. എന്നാൽ വിധി മറ്റൊന്നായി അവരെ ഇരുവഴി അകറ്റുന്നു. അർപ്പണബോധമുള്ള കലാകാരന്റെ ജീവിതത്തിൽ ഇത്തരം പ്രതിബന്ധങ്ങളൊന്നും വഴിമുടക്കുന്നില്ലെന്ന തായമ്പകയിലുള്ള തന്റെ പ്രാവീണ്യത്തിലൂടെ അപ്പു തെളിയിക്കുന്നു. ചോരയൊലിക്കുന്ന വിരലുകളോടെ തായമ്പക മത്സരത്തിൽ പങ്കെടുത്ത് വിജയിക്കുന്ന അപ്പുവിനെ സംബന്ധിച്ചിടത്തോളം ചെണ്ട ഒരു സംഗീതോപകരണം മാത്രമല്ല, ജീവിതം തന്നെയായിരുന്നു. മോഹിനിയാട്ടം, കഥകളി, തായമ്പക തുടങ്ങിയ കേരളീയ കലാരൂപങ്ങളുടെ അവതരണം ഈ ചിത്രത്തിന്റെ ദൃശ്യഭാഷയെ സവിശേഷതമാക്കുന്നു.

> **തെയ്യം പ്രമേയമായി വന്ന കളിയാട്ടം, പുലിജന്മം, ചായില്യം പോലുള്ള സിനിമകൾ കോലംകെട്ടിനേക്കാളും കല്പനകളെക്കാളും കോലം കെട്ടിയാടുന്ന കലാകാരന്റെ മാനസികവ്യാപാരത്തിലേക്കാണ് കൂടുതൽ ആഴത്തിൽ പ്രവേശിക്കുന്നത്**

സൈജോ കണ്ണനായ്ക്കലിന്റെ കഥകളി പേരിലെ സൂചകം പോലെ അരങ്ങിലെ മുഴുനീള കലാസ്വാദനം സാധ്യമാക്കുകയല്ല, മറിച്ച് കീഴ്ജാതിക്കാരനായ കലാകാരന്റെ സാമൂഹിക സ്വത്വത്തെയും പ്രതിസന്ധികളെയും അടയാളപ്പെടുത്താനാണ് ഒരുമ്പെടുന്നത്. ഒടുക്കം തന്റെ കഥകളി വേഷം അഴിച്ചുമാറ്റി സമൂഹത്തിനെതിരായ പ്രതിഷേധത്തിന്റെ പ്രതീകമായി നഗ്നനായി പുഴ മുറിച്ചു നടക്കുകയാണയാൾ. 'കഥകളി പാവപ്പെട്ടവർക്കും അധഃസ്ഥിതർക്കും വേണ്ടിയുള്ളതല്ല' എന്ന് ഊന്നിപ്പറഞ്ഞാണ് ഈ സിനിമ അവസാനിക്കുന്നത്. കഥകളിക്ക് പശ്ചാത്തലമായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ മാത്രം ഉപയോഗിച്ചാണ് ഈ സിനിമയുടെ പശ്ചാത്തലസംഗീതം ഒരുക്കിയിരിക്കുന്നത്. ജാതിരാഷ്ട്രീയം മലബാറിലെ കരിങ്കാളികെട്ട് എന്ന അനുഷ്ഠാനകലയുടെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുകയാണ് ഷാനവാസ് നരണിപ്പുഴ കരിയിൽ.

ഫാറൂക്ക് അബ്ദുറഹ്മാന്റെ കളിയച്ഛൻ പി.കുഞ്ഞിരാമൻ നായരുടെ കളിയച്ഛൻ എന്ന ശ്രദ്ധേയകാവ്യത്തിന്റെ ചലച്ചിത്രാവിഷ്കാരമാണ്. കളിവിളക്കിനു മുമ്പിലെ കേമപ്പെട്ട കഥകളി വേഷക്കാരനിൽനിന്ന് ആരുമല്ലാതെയാകുന്ന കുഞ്ഞിരാമന്റെ ദുരന്തപൂർണമായ ജീവിതത്തെ കളിയച്ഛൻ അടയാളപ്പെടുത്തുന്നു. കളിയരങ്ങിൽ പിഴയ്ക്കുകയും കിരീടം ചെരിഞ്ഞുവീഴുകയും ചെയ്യുന്നതോടെ മഹാനടന്റെ പതനം അനിവാര്യമായ പരിസമാപ്തിയിലേക്ക് നീങ്ങുന്നു. ആശാന്റെ മരണത്തോടെ 'ഇക്കളിയച്ഛനോടൊത്തിനി കളിക്കാനാവില്ല' എന്ന നഷ്ടബോധം പേറിയലയുന്ന കുഞ്ഞിരാമനിലേക്ക് അരങ്ങിൽ താൻ കെട്ടിയാടിയ വേഷങ്ങളുടെ നിഴൽരൂപങ്ങളോരോന്നായി കടന്നുവന്ന് തിക്കുമുട്ടിക്കുന്നു. കഥകളിപ്പദ ശൈലിയിലുള്ള സംഗീതം പാട്ടുകളിൽ പ്രയോജനപ്പെടുത്തിയ കളിയച്ഛനിൽ പി.കുഞ്ഞിരാമൻ നായരുടെ കഥകളിപ്പദങ്ങളും ഉപയോഗിച്ചു.

വാസുദേവ ചാക്യാർ (നെടുമുടി വേണു) എന്ന കലാകാരന്റെ ജീവിതത്തിലൂടെ ശശി പറവൂരിന്റെ നോട്ടം കൂടിയാട്ടത്തെയാണ് വെള്ളിത്തിരയിൽ ആവിഷ്കരിക്കുന്നത്. നാടിന്റെ അഭിമാനസ്തംഭങ്ങളായ കലകൾക്കും മഹാകലാകാരന്മാർക്കും വേണ്ടത്ര അംഗീകാരം ലഭിക്കാതെ പോകുന്ന സാഹചര്യങ്ങളെ ഈ സിനിമ ഓർമ്മിക്കുന്നുണ്ട്.■

കേരള നിയമസഭാചരിത്രത്തിനൊപ്പം സഞ്ചരിച്ച മാധ്യമപ്രവർത്തകനാണ് കെ.ജി. പരമേശ്വരൻ നായർ. 'നിയമസഭാ എൻസൈക്ലോപീഡിയ' എന്നറിയപ്പെട്ടിരുന്ന അദ്ദേഹത്തിന് രാഷ്ട്രപതി പുരസ്കാരം ഉൾപ്പടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഇന്റർനെറ്റും സോഷ്യൽ മീഡിയയും മൊബൈലും ഇല്ലാതിരുന്ന കാലത്ത് വാർത്തയോടുള്ള അഭിനിവേശവും സാമൂഹ്യ പ്രതിബദ്ധതയും വിശാലമായ ബന്ധങ്ങളുമായിരുന്നു എക്സ്ക്ലൂസീവ് വാർത്തകളുടെ തേരാളിയായിരുന്ന കെ.ജി. വാർത്താ ശേഖരണത്തിന് ആയുധമാക്കിയത്. മാധ്യമ രംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ 2023-ലെ സ്വദേശാഭിമാനി - കേസരി പുരസ്കാരം കെ.ജി. പരമേശ്വരൻ നായർക്ക് ലഭിച്ച പശ്ചാത്തലത്തിൽ നടത്തിയ അഭിമുഖം

# നല്ല വാർത്തകൾക്ക് വായനക്കാരുണ്ട്



**ആദ്യകാല പത്രപ്രവർത്തനത്തെക്കുറിച്ചും അനുഭവത്തെക്കുറിച്ചും വിശദീകരിക്കാമോ?**

സാഹിത്യക്കാരനും ലോട്ടറി ഡയറക്ടറുമായിരുന്ന കെ.എസ്. കൃഷ്ണനാണ് എന്നെ കൗമുദിയിൽ ചേരാൻ പ്രേരിപ്പിച്ചത്. കെ.ബാലകൃഷ്ണനായിരുന്നു പത്രാധിപർ. വാർത്താ ഏജൻസി കോപ്പികൾ തർജ്ജമ ചെയ്യുകയായിരുന്നു ആദ്യ ജോലി. പരിഭാഷപ്പെടുത്തിയ കോപ്പികളിലൊന്ന് ബാലകൃഷ്ണൻ വായിച്ചിട്ട് 'ദിസ് ബോയ് ഈസ് എ പ്രോമിസിങ് വൺ' എന്ന് അഭിപ്രായപ്പെട്ടത് ഇന്നുമോർക്കുന്നു.

കേരളകൗമുദിയിൽ വന്നപ്പോൾ ആദ്യം റിപ്പോർട്ട് ചെയ്തത് മൃഗശാല കാണാനെത്തിയ ഒരു കുടുംബത്തിന്റെ കൈകളിൽ നിന്ന് കരടിക്കുട്ടിലേക്ക് വീണ് കൊല്ലപ്പെട്ട ഒരു കുഞ്ഞിന്റെ ദാരുണ മരണമായിരുന്നു. കരടിയെ കാണിക്കാനായി അമ്മ ഒക്കത്തിരുന്ന കുഞ്ഞിനെ താഴേയ്ക്ക് നീട്ടിയപ്പോൾ അബദ്ധത്തിൽ കൂട്ടിൽ വീഴുകയായിരുന്നു. ഞാൻ ചെന്നപ്പോൾ കുഞ്ഞിനെ ഭക്ഷിക്കുന്ന കരടിയെയാണ് കണ്ടത്. 'മനുഷ്യരക്തം ആദ്യമായി രുചിച്ച കരടിയും നെഞ്ചുതകർന്ന അമ്മയും' എന്നായിരുന്നു ആ വാർത്തയുടെ തുടക്കം.

മറ്റൊരു വാർത്ത ലഭിച്ചത് ഇങ്ങനെ. ഒരു ദിവസം ബ്യൂറോയിലിരിക്കുമ്പോൾ ഭ്രാന്ത

നെപ്പോലെ ഒരാൾ ഓടിവന്നു കണ്ണാശുപത്രിയിൽ തന്റെ ഭാര്യയുടെ കണ്ണുമാറി ശസ്ത്രക്രിയ നടത്തിയെന്ന് പറഞ്ഞു. അന്വേഷിച്ചപ്പോൾ സത്യമായിരുന്നു. അടുത്ത ദിവസം കേരളകൗമുദിയിൽ മാത്രമായി ആ വാർത്ത വന്നു. ആരോഗ്യ മന്ത്രി വക്കം പുരുഷോത്തമൻ പത്രസമ്മേളനം നടത്തി, ആ വാർത്തയുടെ അടിസ്ഥാനത്തിൽ ഡോക്ടറെ സസ്പെൻഡ് ചെയ്ത വിവരം പ്രഖ്യാപിച്ചു. നഷ്ടപരിഹാരവും നൽകി.

പിന്നൊരു സംഭവം സഭയിൽ വച്ച് ധനകാര്യ മന്ത്രി കെ.ടി.ജോർജ് കുഴഞ്ഞുവീണ് മരിച്ചതായിരുന്നു. 1972 ഏപ്രിൽ 3ന് ആയിരുന്നു. സീറോ അവറിൽ ഒരു ചായ കുടിക്കാൻ ഞാനും 'ദി ഹിന്ദു' -വിലെ കൃഷ്ണമൂർത്തിയും ഇറങ്ങിച്ചെന്നതാണ്. അപ്പോൾ മന്ത്രി കെ.ടി.ജോർജ് ധനകാര്യ ബിൽ അവതരിപ്പിക്കാനുള്ള തയ്യാറെടുപ്പിൽ അവിടെ ചുറ്റുമുള്ളവരോട് തമാശകളൊക്കെ പറഞ്ഞ് ആകെ റിലാക്സ് മൂഡിലായിരുന്നു. മന്ത്രിയോട് ഞാൻ ചോദിച്ചു - 'സീറോ അവർ തീരാറായി ബിൽ അവതരിപ്പിക്കാനായി പോകാൻ സമയമായില്ലേ?' 'അതേ എനിക്കു പോകാൻ സമയമായി, ഞാനീ അവസാനത്തെ പുക കൂടി വലിച്ചോട്ടെ' - എന്ന് പറഞ്ഞ് വാച്ചു നോക്കി സിഗരറ്റ് ആഞ്ഞ് വലിച്ച് കുറ്റി പുറത്തേയ്ക്കെറിഞ്ഞ് അദ്ദേഹം അകത്തേയ്ക്ക് പോയി. മന്ത്രിയുടെ പിറകെ മറ്റു മെമ്പർമാരും പത്രലേഖകരും നിയമസഭാഹാളിലേക്ക് നടന്നു. ബിൽ അവതരിപ്പിക്കാൻ സ്പീക്കർ ക്ഷണിച്ചപ്പോൾ മന്ത്രി എഴുന്നേറ്റു. സ്വതസിദ്ധമായ ചിരിയോടും സൗമ്യഭാവത്തോടും ബിൽ അവതരിപ്പിക്കാൻ തുടങ്ങി. നിമിഷങ്ങൾക്കുള്ളിൽ അദ്ദേഹത്തിന്റെ ശബ്ദം നിലച്ചു. ഞങ്ങൾ നോക്കിയിരിക്കെ എല്ലാവരേയും സ്തബ്ധരാക്കികൊണ്ട് കെ.ടി.ജോർജ് മുന്നോട്ടു മറിഞ്ഞുവീണു. ഉടനെ ജനറൽ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സംഭവിച്ചുകഴിഞ്ഞിരുന്നു. സെറിബ്രൽ ഹെമറേജ് ആയിരുന്നു. എനിക്ക് വിശ്വസിക്കാനായില്ല. അല്പം മുമ്പ് പറഞ്ഞ വാക്കുകൾ അറംപറ്റിയത് പോലെ തോന്നി.

1970 ൽ പ്രതിപക്ഷത്തെ ചില അംഗങ്ങൾ സ്പീക്കറുടെ ഡയസിലേയ്ക്ക് ഓടിക്കയറിയതും സ്പീക്കർ ദാമോദരൻ പോറ്റി ഓടി രക്ഷപ്പെട്ടതിനും സാക്ഷിയായി. 1978 ൽ ഒക്ടോബറിൽ കാബിനറ്റ് യോഗത്തിനുശേഷം എ.കെ.ആന്റണി മുഖ്യമന്ത്രി സ്ഥാനം രാജിവച്ചതിനും അടക്കം ഒട്ടേറെ ചരിത്രസംഭവങ്ങൾ നേരിൽ കണ്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രശസ്തമായ അനവധി പുരസ്കാരങ്ങളും മാധ്യമപ്രവർത്തനത്തിന് നേടിയിട്ടുണ്ട്.



കെ.ജി. പരമേശ്വരൻ നായർ

## മൊബൈലും ഇന്റർനെറ്റുമില്ലാത്ത കാലത്ത് എങ്ങനെ വാർത്തകളെ തികച്ചും വിശ്വാസ്യതയോടെ സമ്പാദിച്ചു?

ഇന്നത്തെ പത്രലോകത്തിനും പത്രപ്രവർത്തകർക്കും സങ്കൽപിക്കുവാൻ തന്നെ പ്രയാസമായ ഒരു പത്രപ്രവർത്തന ജീവിതമായിരുന്നു അത്. വിരൽത്തുമ്പിൽ വിവരങ്ങൾ ലഭിക്കുന്ന കാലമായിരുന്നില്ല. വാർത്തകൾക്കായി ദീർഘദൂരം സഞ്ചരിക്കേണ്ടി വന്നിട്ടുണ്ട്. വെയിലത്തും മഴയത്തും ഒരുപോലെ നടന്നിട്ടുണ്ട്. ടെലിഫോൺ സൗകര്യങ്ങൾ പോലും ഇല്ലാതിരുന്ന കാലയളവിലാണ് എന്റെ തലമുറ പത്രപ്രവർത്തന ജീവിതം ആരംഭിച്ചതെന്നും ഓർമ്മിക്കുക. വാർത്തകളും ഫോട്ടോകളും കിട്ടുക പലപ്പോഴും ദുഷ്കരമായിരുന്നു. അന്നത്തെ പരിമിതമായ സാഹചര്യങ്ങളിൽ നിന്നുകൊണ്ടുതന്നെ സത്യസന്ധമായി റിപ്പോർട്ടിങ് നടത്തുവാൻ സാധിച്ചത് അക്കാലത്തെ പത്രപ്രവർത്തകരുടെ ആത്മാർപ്പണം കൊണ്ടുതന്നെയായിരുന്നു. വിശ്വസ്തരായ വാർത്താസ്രോതസ്സുകൾ അന്നുണ്ടായിരുന്നു. ഞാൻ പ്രവർത്തിച്ചിരുന്ന കേരളകൗമുദി ഉൾപ്പെടെയുള്ള പ്രമുഖ പത്രങ്ങളിൽ ഞങ്ങളെ നയിക്കുവാൻ കഴിവും പ്രാഗത്ഭ്യവും അനുഭവസമ്പത്തുമുള്ള പത്രാധിപരും പരിചയസമ്പന്നരായ മേധാവികളും ഉണ്ടായിരുന്നു.

സംസ്ഥാന പ്രീഡിഗ്രി ബോർഡ് രൂപീകരിക്കാനുള്ള മന്ത്രിസഭായോഗ തീരുമാനം എന്റെ എക്സ്ക്ലൂസീവ് റിപ്പോർട്ടായിരുന്നു. മന്ത്രിസഭായോഗം കഴിഞ്ഞ് അടുപ്പമുള്ള മന്ത്രിമാരിൽ ഒന്നുരണ്ടുപേരെ വിളിച്ചു. നേരത്തെ ഇറങ്ങിയല്ലോ എന്നുള്ള മറുപടി പറഞ്ഞ് ഒഴിഞ്ഞു. ഒടുവിൽ മന്ത്രിയായ എം.കമലത്തെ വിളിച്ചിട്ട് തീരുമാനം എടുത്തോ, 'യെസ് ഓർ നോ' പറഞ്ഞാൽ മതിയെന്ന് ആവശ്യപ്പെട്ടു. കമലം 'യെസ്' പറഞ്ഞപ്പോൾ പിന്നീട് വലിയ വിവാദങ്ങളിലേയ്ക്ക് കടന്ന പ്രീഡിഗ്രി ബോർഡ് രൂപീകരണ വാർത്ത അടുത്ത ദിവസത്തെ കേരളകൗമുദിയിൽ ലീഡ് വാർത്തയായി. ശമ്പളകമ്മീഷൻ റിപ്പോർട്ട് ചോർത്തി വാർത്തയാക്കുന്നത് അന്ന് കേരളകൗമുദിയുടെ കുത്തകയായിരുന്നു. ഇ.എം.എസ്. മുതൽ ഉമ്മൻചാണ്ടി വരെയുള്ള വിവിധ മുഖ്യമന്ത്രിമാർ ബേബി ജോണിനേപ്പോലെയുള്ള മന്ത്രിമാർ ഇവരെല്ലാം പലപ്പോഴും വാർത്തകൾ വിളിച്ചുനൽകിയിട്ടുണ്ട്.

## ഇന്നത്തെ മാധ്യമരംഗത്തെ കുറിച്ച് താങ്കളുടെ കാഴ്ചപ്പാട് എന്താണ്? മാറ്റങ്ങൾ എങ്ങനെ കാണുന്നു?

ആധുനികതയുടെ കടന്നുകയറ്റം വ്യക്തി ജീവിതത്തിലും സാമൂഹ്യജീവിതത്തിലും മാത്രമല്ല സമസ്തമേഖലകളിലും വലിയ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. മൂല്യബോധവും ദിശാബോധവും മാറിയിരിക്കുന്നു. ഇത് മാധ്യമരംഗത്തും സ്വഭാവികമായി വരും. വസ്തുത ഇതാണെങ്കിലും മാധ്യമധർമ്മം മാറുന്നില്ല. മാധ്യമങ്ങൾക്കു ജനങ്ങളോടും സമൂഹത്തോടും വലിയ ഉത്തരവാദിത്വമുണ്ട്. അതുകൊണ്ടാണല്ലോ ജനാധിപത്യത്തെ താങ്ങിനിർത്തുന്ന നെടുംതൂണുകളിൽ ഒന്നായി മാധ്യമങ്ങളെ കണക്കാക്കുന്നത്. ഇന്ന് ജനങ്ങൾക്കു വേണ്ടത് വിവാദങ്ങളും കൊലപാതക കഥകളുമാണ്, അതിനാൽ മാധ്യമങ്ങൾ അത് നൽകുന്നു എന്നൊരു ചിന്ത നിർഭാഗ്യവശാൽ നിലനിൽക്കുന്നുണ്ട്. ദൃശ്യമാധ്യമങ്ങൾക്കിടയിലുള്ള മത്സരങ്ങളും ബ്രേക്കിങ് ന്യൂസുകൾക്കു വേണ്ടിയുള്ള പരക്കം പാച്ചിലുകളും മാധ്യമപ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കച്ചവടതാൽപര്യങ്ങളും റേറ്റിങ്ങിനുവേണ്ടിയുള്ള കിടമത്സരങ്ങളും മാധ്യമങ്ങളുടെ വിശ്വാസ്യത നഷ്ടപ്പെടുത്തുകയാണ്. പെയ്ഡ് ന്യൂസ്, ഫെയ്ക്ക് ന്യൂസ് തുടങ്ങിയ സംജ്ഞകൾ മാധ്യമരംഗത്ത് ഉണ്ടാകുന്നു. നമ്മുടെ രാജ്യത്തിന്റെ ഐക്യത്തെയും അഖണ്ഡതയെയും വരെ തകർക്കുന്ന ഇത്തരം പ്രവണതകൾ തീർത്തും അവ

> ഇന്നത്തെ പത്രലോകത്തിനും പത്രപ്രവർത്തകർക്കും സങ്കൽപിക്കുവാൻ തന്നെ പ്രയാസമായ ഒരു പത്രപ്രവർത്തന ജീവിതമായിരുന്നു അത്. വിരൽത്തുമ്പിൽ വിവരങ്ങൾ ലഭിക്കുന്ന കാലമായിരുന്നില്ല



സാനിക്കണം. വർഗീയതയും ആഭ്യന്തരകലാപങ്ങളും വളർത്തുന്ന ഒരു വാക്ക് പോലും മാധ്യമങ്ങളിൽ വരാൻ പാടില്ല. മുതിർന്ന മാധ്യമപ്രവർത്തകൻ എന്ന നിലയിൽ പറയട്ടെ, ജനങ്ങൾക്കു നെഗറ്റീവ് വാർത്തകൾ നിരന്തരം നൽകി വായനക്കാരെയും പ്രേക്ഷകരെയും അനാരോഗ്യകരമായ മനോനിലയിലേയ്ക്കു മാറ്റുന്ന രീതി ഒഴിവാക്കപ്പെടണം.

## ഇന്റർനെറ്റും സോഷ്യൽ മീഡിയയും ശക്തമായ ഈ കാലത്ത് പ്രിന്റ് മാധ്യമങ്ങളുടെ പ്രസക്തിയെക്കുറിച്ചുള്ള അഭിപ്രായം?

സമൂഹമാധ്യമങ്ങൾ എത്ര വർധിച്ചാലും ഇന്റർനെറ്റിലൂടെ പുതുപുത്തൻ വാർത്തകളുടെ പ്രവാഹം ഉണ്ടായാലും ഓൺലൈൻ പത്രങ്ങൾ സജീവമായാലും ദിനപത്രങ്ങളുടെ പ്രസക്തി കുറയുന്നില്ല. പത്രവായന ഒരു ശീലമാണ്. പൈതൃകമായി നമുക്കു ലഭിച്ച ഒരു ശീലം. പഴയ തലമുറയിൽപെട്ട ഭൂരിഭാഗത്തിനും രാവിലെയുള്ള പത്രവായനയിൽ നിന്നും മാറിനിൽക്കാനാകില്ല. പോസിറ്റീവായ ഒരു ആഭിമുഖ്യമാണത്. പത്രവായനക്കാരുടെ ഒരു വലിയ സമൂഹം തന്നെ കേരളത്തിലുണ്ട്. ഇക്കാലത്തെ പത്രങ്ങളുടെ ഉള്ളടക്കം പല വായനക്കാരെയും പത്രങ്ങളിൽ നിന്നും അകറ്റുകയാണ്. ദൃശ്യമാധ്യമങ്ങളുടെ അതിപ്രസരം കാരണം ചാനലുകൾക്കൊപ്പം മത്സരിക്കാനും നെഗറ്റീവ് വാർത്തകൾ പർവതീകരിക്കാനുമുള്ള ഒരു പ്രവണതയും ചില അച്ചടിമാധ്യമങ്ങളിൽ കണ്ടുവരുന്നുണ്ട്. ഇതും ആശാസ്യമല്ല.പഴയതലമുറയെവീണ്ടുംപത്രങ്ങളിലേക്ക് മടക്കിക്കൊണ്ട് വരാനും യുവതലമുറയെ പത്രവായനയിലേയ്ക്ക് കൊണ്ടുവരാനും ബോധപൂർവമായ ശ്രമങ്ങൾ നടത്തണം. നല്ല വാർത്തകൾ നല്ല മനസ്സുകളെയും കൂടി സൃഷ്ടിക്കും.

## മാധ്യമലോകത്ത് സെൻസേഷണലിസം കൂടുന്നതായി കരുതാമോ. അഭിപ്രായം?

ദൃശ്യമാധ്യമങ്ങൾ വർധിച്ചതോടെയാണ് ഈ പ്രവണതയെ കുറിച്ച് കൂടുതൽ ചർച്ച ചെയ്യപ്പെടുന്നത്. വികസനപരവും ക്രിയാത്മകവുമായ വാർത്തകൾക്കും പകരം മനുഷ്യ വികാരങ്ങളെ ഉണർത്തിവിടുന്ന വാർത്തകൾ അമിത പ്രാധാന്യത്തോടെ ചില മാധ്യമങ്ങളിൽ വരുന്നുണ്ട്. ജനങ്ങളെ ആകർഷിക്കുകയും അധമവികാരങ്ങളെയും ആക്രമണ വാസനകളെയും ഉത്തേജിപ്പിക്കുകയും ചെയ്യുന്ന രീതിയിലെ വാർത്താവതരണം ഉണ്ടാകുന്നത് മാധ്യമധർമ്മത്തിനു വിരുദ്ധമാണ്. വിവാദങ്ങളും പീഡന വാർത്തകളും കൊലപാതക പരമ്പരകളും ഉൾപ്പെടെയുള്ള സെൻസേഷണൽ വാർത്തകൾ വിറ്റുപോകും എന്ന ഒരു ചിന്തയിൽ മുന്നോട്ടുപോകുന്ന മാധ്യമപ്രവർത്തനം നടക്കുന്നുണ്ട്. എല്ലാ ദിവസവും പത്രങ്ങളുടെ മുൻപേജ് മുതൽ വലിയ തലക്കെട്ടിൽ കൊലപാതക വാർത്തകളും അക്രമണ വാർത്തകളും കൊടുത്ത് ജനങ്ങളുടെ പുലർകാലത്തെ കെടുത്തിക്കളയുകയാണ്. പല ചാനലുകളിലും 24 മണിക്കൂറും നെഗറ്റീവ് വാർത്തകളുടെ ആഘോഷമാണ് നടക്കുന്നത്. നമ്മുടെ നാട്ടിൽ ഇത്തരം കുറ്റകൃത്യങ്ങൾ മാത്രമാണ് നടക്കുന്നതെന്ന പൊതുധാരണ വരുത്തുവാൻ ഇത്തരം റിപ്പോർട്ടിങ് കാരണമാകും. വളർന്നുവരുന്ന ഒരു തലമുറ ഉണ്ടിവിടെ. നന്മയുള്ള ഒരു സമൂഹത്തെ കണ്ട് വളർന്നാലെ ശുഭപ്രതീക്ഷയും ജീവിതവിശ്വാസവും വളരുകയുള്ളൂ.

പീഡനം, മയക്കുമരുന്ന് ഉപയോഗം, കൊലപാതകം തുടങ്ങിയ എങ്ങനെ അവസാനിപ്പിക്കാം എന്നുള്ള ബോധവത്ക്കരണ ലേഖനങ്ങളോ മാർഗനിർദേശങ്ങളോ പല മാധ്യമങ്ങളും നൽകുന്നുമില്ല. സമൂഹത്തിൽ ഇവ ഉണ്ടാക്കുന്ന ആഘാതം ചെറുതല്ല.

## 94-ാം വയസ്സിലും മാധ്യമപ്രവർത്തനത്തിൽ താൽപര്യം തുടരാൻ താങ്കളെ പ്രേരിപ്പിക്കുന്ന ശക്തി എന്താണ്? ഈ രംഗത്ത് പുതുതായി കടന്നുവരുന്നവരോട് പറയാനുള്ളതെന്താണ് ?

പേനയ്ക്ക് വാളിനേക്കാൾ മൂർച്ചയുണ്ടെന്ന ചൊല്ലുണ്ട്.മാധ്യമപ്രവർത്തകരുടെ അക്ഷരത്തിനും വാക്കിനും വാളിനെക്കാൾ മൂർച്ചയുണ്ടെന്ന സത്യം പുതിയ തലമുറയിലുള്ളവർ തിരിച്ചറിയണം. മാധ്യമപ്രവർത്തനം തൊഴിൽ എന്നതിനപ്പുറം വലിയൊരു ജനസേവനത്തിന്റെയും കൂടി ലോകമാണ്. അധമങ്ങളായ വാർത്തകൾക്കു പിന്നാലെ പോകാതെ സമൂഹത്തിനെ മുന്നോട്ടുനയിക്കുന്ന വാർത്തകൾക്കു പ്രാധാന്യം നൽകണം. രാഷ്ട്രീയ, ഭരണപരമായ വാർത്തകൾക്കൊപ്പം, കലാ-സാംസ്കാരികം, കായികം, ശാസ്ത്രം തുടങ്ങിയ മേഖലകളിലെ വാർത്തകൾക്കും പ്രാധാന്യം നൽകണം. അറിവിന്റെ അനന്തമായ ആകാശം കൂടി തുറന്നിടുന്ന ഒരു കർമ്മമേഖലയാണ് മാധ്യമപ്രവർത്തനം. മറ്റുള്ളവർക്ക് വാർത്തയുടെ പുതിയ ലോകം തുറന്നുനൽകുന്നതിലൂടെ നമ്മുടെ അറിവും വലിയ രീതിയിൽ വർധിക്കുകയാണ്. വ്യക്തിത്വ വികാസത്തിനും ഇത് സഹായകമാകും.

ഇന്ത്യ പോലൊരു ജനാധിപത്യ രാജ്യത്ത് ജനാധിപത്യം കാത്തുസംരക്ഷിക്കുന്നതിനും മാധ്യമങ്ങളുടെ പങ്ക് വളരെ പ്രധാനമാണ്. നീതിയുക്തമായ ഭരണസംവിധാനം ഉറപ്പാക്കുവാനും ഭരണാധികളുടെ വീഴ്ചകൾ തുറന്നുകാട്ടുവാനും ആരോഗ്യകരമായ പ്രതിപക്ഷമായി പലപ്പോഴും പ്രവർത്തിക്കുവാനും മാധ്യമങ്ങൾക്കു കഴിയണം. എത്ര കെട്ടകാലത്തും നല്ല വാർത്തകൾ കണ്ടെത്താനും അതുവഴി ജനനന്മയ്ക്കു ഉതകുന്ന പ്രവർത്തനങ്ങൾക്ക് വഴിതെളിയ്ക്കാനും മാധ്യമപ്രവർത്തകർക്കു കഴിയും. ആ വിശ്വാസത്തിൽനിന്നും ഉയിർകൊണ്ട ഊർജവുമായി പുതിയ തലമുറ മാധ്യമപ്രവർത്തകർ മുന്നോട്ടുപോകട്ടെ. ■

**കടപ്പാട്: എസ്. രാജശേഖരൻ നായർ (സീനിയർ അനൗൺസർ, ആൾ ഇന്ത്യ റേഡിയോ)**

അറിയാം തിരഞ്ഞെടുപ്പ് പ്രക്രിയ

# തദ്ദേശതിരഞ്ഞെടുപ്പിന് അരങ്ങൊരുങ്ങുമ്പോൾ

സംസ്ഥാനത്ത് ഇത്തവണ രണ്ട് ഘട്ടങ്ങളിലായാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടക്കുന്നത്. ഡിസംബർ 9, 11 തീയതികളിൽ ഏഴ് ജില്ലകളിൽ വീതമാണ് തിരഞ്ഞെടുപ്പ്. ഒൻപതിന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലും 11ന് തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലും തിരഞ്ഞെടുപ്പ് നടക്കും.

നവംബർ 14ന് വിജ്ഞാപനം പുറപ്പെടുവിച്ചു. പോളിങ് ദിവസം രാവിലെ ഏഴ് മണി മുതൽ വൈകുന്നേരം ആറ് വരെയാണ് വോട്ടെടുപ്പ്. ഡിസംബർ 13ന് വോട്ടെണ്ണൽ നടക്കും. നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന സമയം നവംബർ 21നും സൂക്ഷ്മ പരിശോധന നവംബർ 22നുമാണ്. പത്രിക പിൻവലിക്കാനുള്ള അവസാന തീയതി നവംബർ 24 ഉം.

941 പഞ്ചായത്ത്, 152 ബ്ലോക്ക് പഞ്ചായത്ത്, 14 ജില്ലാ പഞ്ചായത്ത്, മട്ടന്നൂർ ഒഴികെ 36 മുനിസിപ്പാലിറ്റി, ആറ് കോർപറേഷൻ എന്നിവിടങ്ങളിലേക്കാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ കാലാവധി 2027 വരെ ആയതിനാലാണ് ഇപ്പോൾ തിരഞ്ഞെടുപ്പ് നടക്കാത്തത്.

1199 തദ്ദേശ സ്ഥാപനങ്ങളിലെ 23576 വാർഡുകളിലേക്കാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. സംസ്ഥാനത്ത് ആകെ 33746 പോളിങ് സ്റ്റേഷനുകളായിരിക്കും ഉണ്ടാകുക. 1,37,922 ബാലറ്റ് യൂണിറ്റുകൾ സജ്ജമാക്കും. 50691 കൺട്രോൾ യൂണിറ്റുകളുമുണ്ടാകും. ആകെ 180 ലക്ഷം ഉദ്യോഗസ്ഥരും 70,000 പൊലീസുകാരെയും തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ പങ്കാളികളാകും.

ആകെ വോട്ടർമാർ 2,84,30,761 ആണ്. ഇതിൽ 1,34,12470 പേർ പുരുഷന്മാരും 1,50,18,010 പേർ സ്ത്രീ വോട്ടർമാരുമാണ്. 281 ട്രാൻസ്ജെൻഡർ വോട്ടർമാരും 2841 പ്രവാസി വോട്ടർമാരുമുണ്ട്.

2020 ഡിസംബർ 21നാണ് നിലവിലുള്ള ഭരണസമിതികൾ ചുമതലയേറ്റത്. പുതിയ സമിതികൾ ഡിസംബർ 21ന് ചുമതലയേൽക്കണം. 2020ൽ കോവിഡ് കാലത്ത് മൂന്ന് ഘട്ടങ്ങളിലായി ഡിസംബർ 8, 10, 14 തീയതികളിലായിരുന്നു തിരഞ്ഞെടുപ്പ്.

## രൂപവൽക്കരണം

- ഭരണഘടനയുടെ ആർട്ടിക്കിൾ 243 K, 243 ZA എന്നിവ പ്രകാരമാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിച്ചിരിക്കുന്നത്.
- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 1993 ഡിസംബർ 3 ന് സ്ഥാപിതമായി.
- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവാദിത്വം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർക്കാണ്.



## ഉത്തരവാദിത്വങ്ങൾ

- സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലേക്കും മുനിസിപ്പാലിറ്റികളിലേക്കും/കോർപ്പറേഷനുകളിലേക്കും തിരഞ്ഞെടുപ്പ് നടത്തുന്നതിനും വോട്ടർ പട്ടിക തയ്യാറാക്കുന്നതിനും തിരഞ്ഞെടുപ്പ് കമ്മീഷന് ഉത്തരവാദിത്വമുണ്ട്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വോട്ടർ പട്ടിക വാർഡ് തലത്തിലാണ് തയ്യാറാക്കുന്നത്.
- ചെയർമാൻ, വൈസ് ചെയർമാൻ, സ്റ്റാൻഡിങ് കമ്മിറ്റി, ജില്ലാ ആസൂത്രണ കമ്മിറ്റി എന്നിവയുടെ തിരഞ്ഞെടുപ്പ് നടത്തുന്നത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനാണ്.

## വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള വ്യവസ്ഥകൾ

- ഇന്ത്യൻ പൗരനായിരിക്കണം (ഒരു വ്യക്തിയുടെ പൗരത്വത്തെക്കുറിച്ചുള്ള ഏത് ചോദ്യവും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കണം)
- യോഗ്യത കണക്കാക്കുന്ന തീയതിയിൽ 18 വയസ്സ് പൂർത്തിയായിരിക്കണം (യോഗ്യതാതീയതി പട്ടിക പുതുക്കുന്ന വർഷം ജനുവരി 1 ആണ്)
- ബന്ധപ്പെട്ട മണ്ഡലത്തിലെ/വാർഡിലെ താമസക്കാരനായിരിക്കണം
- തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വോട്ട് രജിസ്റ്റർ ചെയ്യുന്നതിന് തൽക്കാലം അയോഗ്യത ലഭിച്ച വ്യക്തിയായിരിക്കരുത്
- സ്ഥിരബുദ്ധിയില്ലാത്ത ആളായിരിക്കുകയോ അങ്ങനെയാണെന്ന് കോടതി പ്രഖ്യാപിക്കുകയോ ചെയ്തിരിക്കരുത്.

## തുല്യവോട്ടുകൾ

ഏതെങ്കിലും സീറ്റിൽ മത്സരിക്കുന്ന രണ്ട് സ്ഥാനാർഥികൾ തുല്യവോട്ട് നേടി മുന്നിലെത്തിയാൽ ഏറ്റവും കൂടുതൽ വോട്ടുകൾ നേടുകയും അവരുടെ വോട്ടുകളുടെ എണ്ണം തുല്യമാവുകയും ചെയ്താൽ, നറുക്കെടുപ്പിലൂടെ ഫലം പ്രഖ്യാപിക്കും.

## മത്സരമില്ലാത്ത തിരഞ്ഞെടുപ്പ്

ഒരു സ്ഥാനാർഥി മാത്രമേ മത്സരിക്കുന്നുള്ളുവെങ്കിൽ, സ്ഥാനാർഥിത്വം പിൻവലിക്കാനുള്ള അവസാന മണിക്കൂറിന് ശേഷം ഉടൻ തന്നെ സ്ഥാനാർഥിയെ യഥാവിധി തിരഞ്ഞെടുക്കപ്പെട്ടതായി റിട്ടേണിങ് ഓഫീസർ പ്രഖ്യാപിക്കേണ്ടതാണ്.

## തിരഞ്ഞെടുപ്പ് ചെലവ്

ഒരു സ്ഥാനാർഥിക്ക് ചെലവഴിക്കാവുന്ന പരമാവധി തുക:

ഗ്രാമപഞ്ചായത്ത് 25,000 രൂപ
ബ്ലോക്ക് പഞ്ചായത്ത് 75,000
ജില്ലാ പഞ്ചായത്ത് 1,50,000
മുനിസിപ്പാലിറ്റി 75,000
മുനിസിപ്പൽ കോർപ്പറേഷൻ 1,50,000

എല്ലാ സ്ഥാനാർഥികളും ഫലപ്രഖ്യാപന തീയതി മുതൽ 30 ദിവസത്തിനകം തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം ബന്ധപ്പെട്ട തദ്ദേശസ്ഥാപന സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

## പുതിയ പോളിങ്

പോളിങ് സ്റ്റേഷനിൽ വോട്ടുകൾ രേഖപ്പെടുത്തുന്നതിനിടെ വോട്ടിങ് മെഷീനിന് യന്ത്രത്തകരാർ സംഭവിക്കുകയോ വോട്ടെണ്ണൽ സമയത്ത് ഏതെങ്കിലും വോട്ടിങ് മെഷീനിൽ നിന്ന് അന്തിമ ഡേറ്റ വീണ്ടെടുക്കാൻ കഴിയാതെ വരികയോ ചെയ്താൽ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പോളിങ് സ്റ്റേഷനിലെ പോളിങ് അസാധുവായി പ്രഖ്യാപിക്കുകയും പുതിയ പോളിങിനുള്ള തീയതി അറിയിക്കുകയും ചെയ്യും.

## ഇ.വി.എമ്മുകൾ തൃപ്തികരമായി പ്രവർത്തിക്കാത്തപ്പോൾ

- പോളിങ് സമയത്ത് ഒരു ഇലക്ട്രോണിക് വോട്ടിങ് മെഷീൻ തൃപ്തികരമായി പ്രവർത്തിച്ചില്ലെങ്കിൽ, അത് മാറ്റി പകരം മറ്റൊരു ഇലക്ട്രോണിക് വോട്ടിങ് മെഷീൻ സ്ഥാപിക്കും.
- അങ്ങനെ മാറ്റി സ്ഥാപിച്ചതിനുശേഷം, യഥാർഥ പോളിങ് ആരംഭിക്കുന്നതിന് മുമ്പ് ഒരു മോക്ക് ഇലക്ഷൻ നടത്തും.
- വോട്ടെണ്ണൽ ദിവസം, ഈ രണ്ട് വോട്ടിങ് മെഷീനുകളും ഒരുമിച്ച് വോട്ടെണ്ണൽ ഹാളിലേക്ക് കൊണ്ടുവരികയും രണ്ട് ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളിൽ നിന്നുമുള്ള വോട്ടുകൾ എണ്ണുകയും ചെയ്യും.



**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നു**

## ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളുടെ ചരിത്രം

- ആദ്യത്തെ പ്രോട്ടോടൈപ്പ് 1970-ൽ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (ECIL) വികസിപ്പിച്ചെടുത്തു
- 1982-ൽ പറവൂർ നിയമസഭാ മണ്ഡലത്തിൽ ഇന്ത്യയിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ (ECI) ആണ് കേരളത്തിൽ ആദ്യമായി EVM ഉപയോഗിച്ചത്, പിന്നീട് EVM ഉപയോഗിക്കുന്നതിനുള്ള നിയമപരമായ വ്യവസ്ഥകൾ ഇല്ലാത്തതിനാൽ 1984-ൽ സുപ്രീം കോടതി ഇത് അസാധുവാക്കി.
- ജനപ്രാതിനിധ്യ നിയമത്തിൽ ഒരു ഭേദഗതിയിലൂടെ EVM കളുടെ ഉപയോഗം നിയമവിധേയമാക്കി.

## തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പുകളിൽ ഇവിഎം

- 1993 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പുകൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ ഏൽപ്പിച്ചു.
- 2005, 2010 പൊതുതിരഞ്ഞെടുപ്പുകളിൽ തിരഞ്ഞെടുത്ത നഗര വാർഡുകളിൽ മാത്രം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഭാഗികമായി ഇവിഎമ്മുകൾ ഉപയോഗിച്ചു.
- 2015 ലെ പൊതുതെരഞ്ഞെടുപ്പിൽ മുഴുവൻ പോളിങ്ങും ഇവിഎമ്മുകൾ വഴിയായിരുന്നു. ■

**1956ൽ ഐക്യകേരളം രൂപംകൊണ്ടതോടെ തിരുകൊച്ചി, മലബാർ മേഖലകൾ ഉൾപ്പെടെ മുഴുവൻ പ്രദേശങ്ങളിലും തദ്ദേശ ഭരണഘടനകളെ ഏകീകരിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു**



# കേരളത്തിലെ തദ്ദേശഭരണത്തിന്റെ നൂറുവർഷങ്ങൾ

കേരളത്തിലെ തദ്ദേശഭരണ ഘടന ഇന്ന് ഇന്ത്യയിലെ ഏറ്റവും ശക്തിയും ജനാധിപത്യവുമുള്ള സംവിധാനം എന്ന നിലയിലാണ് വിലയിരുത്തപ്പെടുന്നത്. എന്നാൽ ഈ സുസ്ഥിരതയുടെ അടിത്തറ ഒരു നൂറ്റാണ്ടുകാലത്തിന്റെ പാരമ്പര്യത്തിലാണ് ഉറച്ചുനിൽക്കുന്നത്. ബ്രിട്ടീഷ് ഭരണകാലത്ത് ആരംഭിച്ച നിയന്ത്രിത സ്വയംഭരണ പരീക്ഷണങ്ങളിൽ നിന്ന് ഐക്യകേരള രൂപീകരണത്തിനു ശേഷമുള്ള നിയമപരിഷ്ക്കരണം വരെ നീളുന്നു ഈ യാത്ര.

## 1. ആധുനിക തദ്ദേശഭരണത്തിന്റെ ഉദയം (1880-1884)

ബ്രിട്ടീഷ് ഇന്ത്യയിലെ വൈസ്രോയിയായിരുന്ന ലോർഡ് റിപ്പൺ (1880-1884) ആണ് ഇന്ത്യയിലെ ആധുനിക തദ്ദേശഭരണത്തിന് തുടക്കം കുറിച്ച വ്യക്തി. 1882 ലെ റിപ്പൺ പ്രമേയം (Resolution on Local Self-Government) ഇന്ത്യൻ തദ്ദേശഭരണ ചരിത്രത്തിന്റെ ആദ്യ ചുവടുവെപ്പായി കണക്കാക്കപ്പെടുന്നു. ഈ പ്രമേയം പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയും ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുനൽകുകയും ചെയ്തു.

റിപ്പൺ പ്രമേയത്തെ അടിസ്ഥാനമാക്കി 1884-ൽ മദ്രാസ് ലോക്കൽ ബോർഡ്സ് ആക്ട് നടപ്പിലായി. ഈ നിയമം മൂന്ന് തലങ്ങളിലായി തദ്ദേശബോർഡുകളെ രൂപീകരിച്ചു:

**ജില്ലാ ബോർഡുകൾ**

**താലൂക്ക് ബോർഡുകൾ**

**യൂണിയൻ ഓഫ് വില്ലേജസ് (പഞ്ചായത്ത്)**

മലബാറും അന്നത്തെ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായതിനാൽ ഈ ഭരണഘടനാ മാതൃക മലയാളനാടിന് നേരിട്ട് ബാധകമായി.



## 2. വികേന്ദ്രീകരണത്തിലേക്കുള്ള രണ്ടാംഘട്ട ശ്രമങ്ങൾ (1907-1909)

1907-ൽ രൂപീകൃതമായ റോയൽ കമ്മീഷൻ ഓൺ ഡീസെൻട്രലൈസേഷൻ (RCD) തദ്ദേശ ഭരണത്തെ കൂടുതൽ ജനാധിപത്യവൽക്കരിക്കുന്നതിനും പ്രാദേശിക സ്വയംഭരണത്തെ ശക്തിപ്പെടുത്തുന്നതിനും ശുപാർശകൾ മുന്നോട്ടുവച്ചു.

സർ ഹെൻട്രി വില്യം പ്രിംറോസ് അധ്യക്ഷനായ ആറംഗ സമിതിയായിരുന്നു ഇത് സമർപ്പിച്ചത്. ഇന്ത്യാ ഗവൺമെന്റും പ്രവിശ്യാ ഗവൺമെന്റുകളും തമ്മിലുള്ള ബന്ധവും പ്രവിശ്യാ ഗവൺമെന്റുകളും അവയുടെ കീഴിലുള്ള അധികാരികളും തമ്മിലുള്ള ബന്ധവും പഠിച്ചാണ് റിപ്പോർട്ട് സമർപ്പിച്ചത്.

പഞ്ചായത്ത്, സബ് ഡിസ്ട്രിക്ട് ഭരണ സംവിധാനം, മുനിസിപ്പൽ ഭരണ ഘടന എന്നിവ ശക്തിപ്പെടുത്താൻ കമ്മീഷൻ നിർദേശിച്ചെങ്കിലും ബ്രിട്ടീഷുകാർ ഭരണാധികാരം വിട്ടുകൊടുക്കാൻ മടിച്ച സാഹചര്യത്തിൽ ശുപാർശകൾ ഭാഗികമായി മാത്രമേ പ്രാബല്യത്തിലെത്തിയുള്ളൂ.

## 3. മദ്രാസ് സംസ്ഥാനത്തെ നിയമപരിഷ്കരണങ്ങൾ (1920-1934)

അതേസമയം 1920ൽ മദ്രാസിൽ പുതിയ തദ്ദേശ ഭരണ നിയമങ്ങൾ നടപ്പിലായി. RCD റിപ്പോർട്ടിനെ തുടർന്നാണ് 1920-ൽ മദ്രാസ് സംസ്ഥാനത്ത് രണ്ടുതരത്തിലുള്ള നിയമനിർമ്മാണങ്ങൾ നടപ്പിലാക്കിയത്. പുതിയ മദ്രാസ് ലോക്കൽ ബോർഡ്സ് ആക്ട് (1884 ലെ നിയമത്തിന് പകരം), ഗ്രാമ പഞ്ചായത്ത് ആക്ട് എന്നിവ നിലവിൽ വന്നു.

ഈ നിയമപ്രകാരം ഗ്രാമതലത്തിൽ പഞ്ചായത്തുകൾ രൂപീകരിക്കപ്പെട്ടു. എന്നാൽ ഇവ യൂണിയൻ ഓഫ് വില്ലേജസിന്റെ കീഴിലായിരുന്നു.

1927ൽ തന്നെ ബ്രിട്ടീഷ് ഇന്ത്യയിൽ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാറിൽ പരിമിതമായ അധികാരങ്ങളുള്ള മലബാർ ഡിസ്ട്രിക്ട് ബോർഡ് എന്ന ഭരണ സംവിധാനവും പഞ്ചായത്ത് ബോർഡ് എന്ന ഭരണസംവിധാനം ആരംഭിച്ചിരുന്നു.

1930-ൽ ഗ്രാമ പഞ്ചായത്ത് ആക്ട് റദ്ദാക്കി. പഞ്ചായത്തുകൾ തിരിച്ച് മദ്രാസ് ലോക്കൽ ബോർഡ്സ് ആക്ടിന്റെ പരിധിയിൽ വരികയും ചെയ്തു. പുതിയ നിയമപ്രകാരം ലോക്കൽ ബോർഡുകളുടെയും മുനിസിപ്പൽ കൗൺസിലുകളുടെയും ഇൻസ്പെക്ടർ ഓഫീസ് രൂപീകരിച്ചു. ഓരോ ജില്ലയ്ക്കും ഒരു ജില്ലാ പഞ്ചായത്ത് ഓഫീസറെ നിയമിച്ചു. മുനിസിപ്പാലിറ്റികളുടെയും തദ്ദേശ ബോർഡുകളുടെയും ഇൻസ്പെക്ടർ മുഖേന തദ്ദേശസ്ഥാപനങ്ങളുടെ മേൽ സർക്കാർ സമ്പൂർണ്ണ നിയന്ത്രണം തുടർന്നു. 1934-ൽ താലൂക്ക് ബോർഡുകൾ ഇല്ലാതാക്കി.

ജില്ലാ ബോർഡുകളും പഞ്ചായത്തുകളും ഇന്ത്യ സ്വതന്ത്രമാകുന്നതുവരെ പ്രവർത്തിച്ചു. മലബാറിൽ ഐക്യകേരള രൂപീകരണം വരെ ഇവ തുടർന്നു.

## 4. സ്വാതന്ത്ര്യാനന്തര ഘട്ടം: തിരു-കൊച്ചി സംസ്ഥാനം (1949-1956)

ഐക്യകേരളമെന്ന സാമൂഹിക-രാഷ്ട്രീയ തീരുമാനം ഉണ്ടാകുന്നതിനുവേണ്ടിയുള്ള പ്രയത്നങ്ങളും പ്രക്ഷോഭങ്ങളുമായിരുന്നു പിന്നീട്. 1949 ജൂലൈ 1-ന് തിരുവിതാംകൂറും കൊച്ചിയും ചേർന്ന് തിരു-കൊച്ചി സംസ്ഥാനം രൂപംകൊണ്ടു. പറവൂർ ടി.കെ. നാരായണപിള്ള മുഖ്യമന്ത്രിയായ ഏഴംഗ മന്ത്രിസഭയാണ് അധികാരമേറ്റത്.

1950 ൽ പഞ്ചായത്ത് നിയമങ്ങളുടെ ഒന്നാം ഘട്ട ഏകീകരണം നടന്നു. ഇന്ത്യൻ ഭരണഘടനയിലെ 40-ാം അനുച്ഛേദം പ്രകാരം ഗ്രാമീണ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാധാന്യം നൽകി. തുടർന്ന് തിരുകൊച്ചി ഭാഗത്ത് തിരുവിതാംകൂർ കൊച്ചി പഞ്ചായത്ത് ആക്ട്, മലബാർ പ്രദേശത്ത് മദിരാശി വില്ലേജ് പഞ്ചായത്ത് ആക്ട് എന്നിങ്ങനെ രണ്ടു വ്യത്യസ്ത നിയമങ്ങൾ പ്രാബല്യത്തിൽ വന്നു.

1953 ൽ ആദ്യ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നു. എ.ജെ.ജോൺ മുഖ്യമന്ത്രിയായിരിക്കെയാണ് തിരുകൊച്ചി പ്രദേശത്ത് ആദ്യ പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധനത്തിലായതിനാൽ അവരുടെ സ്ഥാനാർഥികൾ സ്വതന്ത്രരായി മത്സരിച്ചു. തിരുകൊച്ചിയിൽ 458 പഞ്ചായത്തുകൾ ഉണ്ടായിരുന്നു.

മലബാറിൽ 150 പഞ്ചായത്തുകൾ മാത്രം മദിരാശി വില്ലേജ് പഞ്ചായത്ത് ആക്ടിന്റെ പരിധിയിൽ വന്നു. ബാക്കിയിടങ്ങൾ മലബാർ ഡിസ്ട്രിക്ട് ബോർഡിന് കീഴിലും.

## 5. ഐക്യകേരളത്തിലേക്ക് (1956)

1956ൽ ഐക്യകേരളം രൂപംകൊണ്ടതോടെ തിരുകൊച്ചി, മലബാർ മേഖലകൾ ഉൾപ്പെടെ മുഴുവൻ പ്രദേശങ്ങളിലും തദ്ദേശ ഭരണഘടനകളെ ഏകീകരിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. തുടർന്ന് കേരളത്തിലെ ആധുനിക പഞ്ചായത്ത് സംവിധാനത്തിനായുള്ള നിയമപരിഷ്കരണം ആരംഭിച്ചു. നവീകരണശ്രമങ്ങൾക്കു ചേർന്ന പ്രവർത്തനമികവും ഒത്തുചേർന്നതോടെ ഉറച്ച തദ്ദേശഭരണ അടിത്തറ എന്ന ലക്ഷ്യത്തിലേക്ക് നാമെത്തി.

കേരളത്തിലെ തദ്ദേശഭരണ ചരിത്രം ഒരു ഭരണഘടനാപ്രവർത്തനത്തിന്റെ സ്വാഭാവികമായ വളർച്ച മാത്രമല്ല സൂചിപ്പിക്കുന്നത്. ജനങ്ങളുടെ പങ്കാളിത്തം മികച്ച നിലവാരമുള്ള ഭരണത്തെ സൃഷ്ടിച്ച ജനാധിപത്യായാത്രയുടെ കഥ കൂടിയാണത്. ബ്രിട്ടീഷ് ഭരണകാലത്തെ നിയന്ത്രിത സ്വയംഭരണത്തിൽ നിന്ന് ഭരണഘടനാപരമായ പഞ്ചായത്തീരാജിലേക്കുള്ള ഈ നൂറ്റാണ്ടുകാല സഞ്ചാരമാണ് ഇന്ന് കേരളത്തെ രാജ്യത്തെ ഏറ്റവും ശക്തമായ പ്രാദേശിക സ്വയംഭരണ മാതൃകയാക്കി മാറ്റിയത്. ■

SAMAKALIKA JANAPADAM MONTHLY

# അറിവിന്റെ ആധികാരികത



ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

ഇപ്പോൾ
കൂടുതൽ
മിഴിവോടെ

സമകാലിക
ജനപഥം

വാർഷിക
വരിസംഖ്യ
120 രൂപ
ഒറ്റപ്രതി
12 രൂപ

## വരിക്കാരാകാൻ

ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലോ തിരുവനന്തപുരം പ്രസ് ക്ലബിന് സമീപത്തെ ഇൻഫർമേഷൻ സെന്ററിലോ ബന്ധപ്പെടാം. താഴെ കാണുന്ന വിലാസത്തിലേക്ക് മണിഓർഡർ അയക്കാം.

ഡയറക്ടർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
എഡിറ്റോറിയൽ വിഭാഗം
ഒന്നാം നില, സെക്രട്ടറിയേറ്റ് അനക്സ്
തിരുവനന്തപുരം-1

Date of Publication: **01.11.2025** KERMAL2014/58028 Price: **12.00** Reg. No. KL/TV(N)/660/2022-2024

കേരള
## തദ്ദേശ തിരഞ്ഞെടുപ്പ്
2025

# വോട്ട്
# ചെയ്യുക



**വോട്ട് നിങ്ങളുടെ അവകാശം**

## തിരഞ്ഞെടുപ്പ്
## രണ്ട് ഘട്ടങ്ങളിലായി

| ഡിസംബർ 2025 09 | ഡിസംബർ 2025 11 |
|---|---|
| തിരുവനന്തപുരം | തൃശ്ശൂർ |
| കൊല്ലം | പാലക്കാട് |
| പത്തനംതിട്ട | മലപ്പുറം |
| ആലപ്പുഴ | കോഴിക്കോട് |
| കോട്ടയം | വയനാട് |
| ഇടുക്കി | കണ്ണൂർ |
| എറണാകുളം | കാസർഗോഡ് |

Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS